Reg. No. C. 101, M 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മകരം 6 | ലക്കം 22

## ഇതാണു സാക്ഷാൽ പരസ്നേഹം

(ചാക്കൊ കെ. ജോസഫ് ബി. എ.)

"കാലോചിതമായ കർത്തവ്യം" എന്ന പേരിൽ കഴിഞ്ഞ കർക്കടകം 8-ാം തീയതിയിലെ സത്യദീപത്തിൽ ജെ. പി. വീതയത്തിൽ എഴുതിയിരുന്ന ലേഖനം അത്യന്തം ശ്രദ്ധേയമായിരിക്കുന്നു. സത്യാന്വേഷികളായ ക്രിസ്തുഭക്തന്മാർ തങ്ങളുടെ സംശയങ്ങളുംകൊണ്ടു നമ്മെ സമീപിക്കുമ്പോൾ എങ്ങനെയെങ്കിലും ഒഴിഞ്ഞുമാറാൻ നോക്കാതെ, അനുകമ്പയോടും സ്നേഹത്തോടുംകൂടെ അവരെ സ്വീകരിക്കയും ക്ഷമാപൂർവ്വം അവരെ ശ്രവിച്ചു്, കഴിയുമെങ്കിൽ അപ്പോൾത്തന്നെ സമാധാനംപറയുകയോ അല്ലെങ്കിൽ സംശയനിവാരണത്തിനുപകരിക്കുന്ന ലഘുലേഖകൾ കൊടുത്തു അവരെ സഹായിക്കയോ ചെയ്യണമെന്നു അദ്ദേഹം ഉപദേശിക്കുന്നു. അതു തികച്ചും ആദരണീയമാണെന്നുള്ളതിനു രണ്ടു പക്ഷമില്ല.

### അന്യമതസ്ഥരെ സമീപിക്കണം

എന്നാൽ നാം അത്രയും മാത്രം ചെയ്താൽ മതിയോ? അന്യമതസ്ഥർ തങ്ങളുടെ സന്ദേഹങ്ങളുമായി നമ്മുടെ പക്കൽ വരാൻ നാം കാത്തിരിക്കണമോ? നാം പരമാത്ഥമായി അവരെ സ്നേഹിക്കുന്നുണ്ടെങ്കിൽ, നമ്മുടെ ദിവ്യരക്ഷകന്റെ അനുശാസനം നാം അനുസരിക്കുന്നുണ്ടെങ്കിൽ, ഇങ്ങോട്ടാവശ്യപ്പെടാതെ തന്നെ നിത്യജീവന്റെ വഴി അവർക്കു കാണിച്ചുകൊടുക്കുവാൻ നാം കടപ്പെട്ടവരല്ലയോ? നമുക്കറിയാം ഈ ലോകത്തിലുള്ള സകലമനുഷ്യരും, അവർ ഏതുമതത്തിലോ ജാതിയിലോ പെട്ടിരിക്കുന്നവരായിരുന്നാലും ശരി ഒരു മതവും ഇല്ലാത്തവരായിരുന്നാലും ശരി, ഒരിക്കൽ മരിച്ചു നിത്യസൗഭാഗ്യത്തെയോ അനന്തദുരിതത്തെയോ അഭിമുഖീകരിക്കാതെ ഗത്യന്തരമില്ലെന്നു്. മാത്രമല്ല ക്രിസ്തുവഴിയായിട്ടല്ലാതെ ആക്കും സ്വർഗ്ഗം പ്രാപിക്കുക സാദ്ധ്യമല്ലെന്നും നമുക്കു നിശ്ചയമുണ്ടു്. സ്വന്തമായ യാതൊരു കുററവും കൂടാതെ ക്രിസ്തുവിനെ അറിയാതിരിക്കുന്ന ഒരാൾ ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു് തന്റെ മനസ്സാക്ഷിയനുസരിച്ചു ജീവിക്കാൻ ശ്രമിക്കുകയും, ബലഹീനതയാൽ വന്നുപോകുന്ന തെററുകളെക്കുറിച്ചു ഹൃദയപൂർവ്വം മനസ്തപിച്ചു ക്ഷമാപണം ചെയ്യുകയും ചെയ്യുന്നപക്ഷം, അയാൾ അറിയാതെതന്നെ ക്രിസ്തുവിന്റെ രക്ഷാകരവേലയുടെ ഫലത്തിനവകാശിയായി സ്വർഗ്ഗം പ്രാപിക്കാൻ പാടുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ഇപ്രകാരം രക്ഷപെടുന്നവർ എത്രപേർ ഉണ്ടായിരിക്കുമെന്നു നമുക്കറിഞ്ഞുകൂടാ. തിരുസ്സഭയുടെ സന്താനങ്ങളായി ചെറുപ്പംമുതൽ വളന്നുവരും സംഖ്യാതീതങ്ങളായ പ്രസാദവരങ്ങളാൽ പോഷിപ്പിക്കപ്പെട്ടുവരുന്നവരുമായ കത്തോലിക്കർപോലും മനസ്സാക്ഷിയനുസരിച്ചു ജീവിക്കുവാൻ ഇത്രയധികം വിഷമിക്കുമ്പോൾ, ആ വക യാതൊരു സഹായവും ഇല്ലാത്തവർക്കു അക്കാര്യത്തിൽ എന്തുമാത്രം വൈഷമ്യം നേരിടുമെന്നു നമുക്കു ഏറെക്കുറെ ഊഹിക്കാമല്ലോ. ഏതായാലും നിങ്ങൾപോയി സർവ്വജാതിജനങ്ങളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ; വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപെടും; വിശ്വസിക്കാത്തവനോ ശിക്ഷിക്കപ്പെടും എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ തിരുവാക്യങ്ങളിൽനിന്നു അവിടുന്നു നിർദ്ദേശിച്ചിട്ടുള്ള രക്ഷാമാർഗ്ഗം ഏതാണെന്നു വിശദമാകുന്നുണ്ടു്. അന്യമതസ്ഥരെ സത്യവേദം അറിയിക്കണമെന്നു അവിടുന്നു ഖണ്ഡിതമായി നമ്മോടു കല്പിക്കുന്നു ഔദ്യോഗികമായ സുവിശേഷപ്രസംഗം വൈദികരെയാണു ദിവ്യനാഥൻ ചുമതലപ്പെടുത്തിയിരിക്കുന്നതെങ്കിലും മതപ്രചാരത്തിനുള്ള പരിശ്രമത്തിൽനിന്നു അൽമായരെ ഒഴിവാക്കിയിരിക്കുന്നു എന്നു വിചാരിക്കാൻ നിവൃത്തിയില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കണമെന്നും തന്നെത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്നുമുള്ള പൊതുകല്പനയിൽ വേദപ്രചാരവും ഉൾപ്പെടുന്നുണ്ടു്. ദൈവത്തെ പരമാത്ഥമായി സ്നേഹിക്കുന്ന ഒരാൾ സകല മനുഷ്യരും അവിടുത്തെ നിത്യമായി സ്തുതിച്ചു മഹത്വപ്പെടുത്തണമെന്നു ആഗ്രഹിക്കാതിരിക്കുമോ? അപ്രകാരംതന്നെ, താൻ ഭയപ്പെടുന്ന നിത്യനരകത്തിൽ തന്റെ അയൽക്കാരനും നിപതിക്കാതെ, താൻ അതിയായി അഭിവാഞ്ഛിക്കുന്ന സ്വർഗ്ഗത്തിൽ അയാളും ചെന്നുചേരുന്നതിനു പാടുള്ള സകല ശ്രമവും ചെയ്യാതിരിക്കുന്ന ഒരു മനുഷ്യൻ എങ്ങനെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്നു എന്നു പറയാൻ കഴിയും?



ബ്രഹ്മകുളം അനാഥശാല, തൃശ്ശൂർ രൂപത.
ഇതിന്റെ സ്ഥാപകരായ, ആളൂർ ബ. യാക്കോബ് അച്ചൻ, അദ്ദേഹത്തിന്റെ അനന്തരവൻ ആളൂർ ബ. പീററർ അച്ചൻ, എന്നിവരിൽ ബ. യാക്കോബച്ചന്റെ പൗരോഹിത്യജൂബിലി പ്രമാണിച്ചു എടുത്ത ഫോട്ടോ.

### പൂർവ്വക്രിസ്ത്യാനികൾ

തിരുസ്സഭയുടെ ആരംഭകാലത്തെ ചരിത്രം പരിശോധിച്ചാൽ സ്ത്രീപുരുഷഭേദമെന്യേ അൽമായരും വൈദികരോടു സഹകരിച്ചുകൊണ്ടു് വേദപ്രചാരണത്തിനായി ഉററു ശ്രമിച്ചിരുന്നു എന്നു കാണാവുന്നതാണ്. ഓരോ കുടുംബങ്ങളിൽ വേലയ്ക്കു നിറുത്തിയിരുന്ന ക്രിസ്തീയ അടിമകൾപോലും തങ്ങളുടെ നാഥന്മാരുടെയും നാഥകളുടെയും മതപരിവത്തനത്തിനു പലപ്പോഴും കാരണമായിട്ടുണ്ട്. തങ്ങളുടെക്കൂടെ ഒരേ ഉദ്യോഗങ്ങളിൽ ഏർപ്പെട്ടിരുന്നവരും ഒരേ സ്ഥലത്തു ജോലി ചെയ്തിരുന്നവരുമായ അക്രൈസ്തവസ്നേഹിതന്മാരെ സത്യവിശ്വാസത്തിലേക്കു ആകർഷിക്കയും, ആപൽഘട്ടങ്ങളിൽ സ്വജീവൻ പണയം വച്ചുപോലും അവരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുന്നതിനു പൂർവ്വക്രിസ്ത്യാനികൾ ഉത്സുകരായിരുന്നു. റോമൻപടനായകനായിരുന്ന വി. സെബസ്ത്യാനോസുതന്നെ ഇതിനു മകുടോദാഹരണമാണല്ലോ. ഏവംവിധം ഓരോ ക്രിസ്ത്യാനിയും തന്റെ അയൽക്കാരന്റെ രക്ഷയ്ക്കായി ഹൃദയപൂർവ്വം പരിശ്രമിച്ചതിന്റെ ഫലമായിട്ടുകൂടിയാണു് ആദ്യനൂററാണ്ടുകളിൽ സത്യമതം അതിശീഘ്രം ലോകമാസകലം പ്രചരിക്കുന്നതിനിടയായതു്. ഇന്നും വേദപ്രചാരം ഊർജ്ജിതമായി നടക്കണമെങ്കിൽ വൈദികരോടുകൂടി അൽമായരും ആത്മാത്ഥമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ കത്തോലിക്കാപ്രവത്തനത്തെ തന്റെ സർവ്വ കഴിവുകളും ഉപയോഗിച്ചു പ്രോത്സാഹിപ്പിച്ചതിന്റെ രഹസ്യവും മററൊന്നുമല്ല.

### അക്ഷന്തവ്യമായ അനാസ്ഥ

എങ്കിലും കത്തോലിക്കരായ നാം ഇക്കാര്യത്തിൽ എത്ര വലിയ അനാസ്ഥയാണു പ്രദർശിപ്പിക്കുന്നതു്? അന്യമതസ്ഥരായി നമുക്കു എത്ര അയൽക്കാരും ഉററസ്നേഹിതന്മാരുമുണ്ടു്! അവരോടാരോടെങ്കിലും അവരുടെ നിത്യരക്ഷയ്ക്കുള്ള ഏകമാർഗ്ഗത്തെക്കുറിച്ചു നാം എപ്പോഴെങ്കിലും സംസാരിക്കാറുണ്ടോ? നാം ഇങ്ങനെ മൗനം അവലംബിക്കുന്നതു എത്ര അക്ഷന്തവ്യവും മനുഷ്യപ്രകൃതിക്കുതന്നെ യോജിക്കാത്തതുമാണെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. നാട്ടിൽ ദേഹണ്ഡത്തിനു സ്ഥലം കിട്ടാതെ ഒന്നുപോലെ ക്ലേശിക്കുന്ന രണ്ടു സ്നേഹിതന്മാരുണ്ടെന്നിരിക്കട്ടെ. അവരിൽ ഒരാൾ മലബാറിൽ നല്ല സഹായവിലയ്ക്കു ധാരാളം ഒന്നാന്തരം നിലം കിട്ടുമെന്നു മനസ്സിലാക്കി അവിടെ കുറെ ഭൂമി തന്റെ പേരിൽ പതിപ്പിച്ചു് അങ്ങോട്ടുപോകാൻ ഒരുങ്ങുന്നെങ്കിലും, ദിവസേന കണ്ടുകൊണ്ടിരിക്കുന്ന സ്നേഹിതനോടു അതിനെക്കുറിച്ചു ഒരക്ഷരംപോലും മിണ്ടുന്നില്ലെങ്കിൽ അയാളെപ്പററി നാം എന്തുവിചാരിക്കും? അല്ലെങ്കിൽ രണ്ടാറ

(ശേഷം 12-ാം പേജിൽ)

# ആദായവിലക്ക്
## വസ്തു വാങ്ങണമെങ്കിൽ

ആലുവാ പട്ടണത്തിനു സമീപം ചുണങ്ങംവേലി പള്ളിയോടു ചേർന്നു പബ്ലിക്ക് റോഡിനു സമീപത്തായി മുപ്പതേക്കറോളം സ്ഥലം വില്പാനുണ്ട്. ഇവിടെനിന്നു പെരിയാറിലേക്കു ഒരു മൈൽ മാത്രമേ ദൂരമുള്ളു. ആവശ്യാനുസരിച്ചു ഭാഗിച്ചും കൊടുക്കുന്നതാണ്.

ചുണങ്ങംവേലി പള്ളിവികാരി
ആലുവാ A. O.


ബാലരംഗം

# ഒന്നാമത്തെ കുഞ്ഞാട്

ബലവാനില്ലുമുൽകൃഷ്ടൻ
ഗുണവാനായ മാനുഷൻ
അതിശക്തനിലും നപ്പ-
തായ്‌വരുന്ന പൂരുഷൻ.

പ്രിയ കുഞ്ഞുങ്ങളേ

1841 ഡിസംബർ 8-ാം തീയതി—ദൈവജനനിയുടെ അമലോത്ഭവതിരുനാൾ ദിവസം—കോളജിനടുത്തുള്ള ഫ്രാൻസിസ് അസിസിപ്പള്ളിയുടെ സങ്കീർത്തിമുറിയിൽ ഫാദർ ജോൺബോസ്കോ കുർബാന ചൊല്ലാനൊരുങ്ങുന്നതിനു ധ്യാനനിരതനായി ഇരിക്കയായിരുന്നു. പതുപതിനാറു വയസ്സുള്ള ഒരു ചെറുപ്പക്കാരൻ അതിനിടയ്ക്കു സങ്കീർത്തിയിൽ പ്രവേശിച്ചു മലിനവസ്ത്രങ്ങൾ ധരിച്ചു വാടിത്തളർന്നിരുന്ന ആ സാധുവിനെ കണ്ടാൽ ആർക്കും അനുകമ്പ തോന്നും. ആ സ്ഥലത്തോടു യാതൊരു പരിചയവുമില്ലാത്ത നിലയിൽ ഓരോന്നു നോക്കി കണ്ടു് അവൻ അമ്പരന്നു നില്ലുകയായിരുന്നു. അപ്പോഴാണു വല്യകപ്യാരുടെ പ്രവേശനം.

"എന്താ നാടാ ഈ നോക്കിക്കൊണ്ടു നില്ക്കുന്നതു്? അച്ചൻ ചൊല്ലാനിരിക്കുന്നതു കണ്ടില്ലേ? ചെല്ലു്—ചെന്നു കുർബാന കൂടു്."

കുട്ടി—"എനിക്കറിഞ്ഞുകൂടല്ലോ ചേട്ടാ കുർബാന കൂടാൻ."

കപ്യാർ—"എന്തിനാ പിന്നെ ഉന്തിക്കേറി അകത്തുവന്നു നില്ക്കുന്നതു്. ഇറങ്ങു പുറത്തു്—പള്ളിയകത്തു പാ" ഒരു നെടുവടിയുമായി മുതുക്കൻകപ്യാർ സാധുകുട്ടിയെ പുറത്തു പായിച്ചിട്ടവനപ്പോഴാണു് ബോസ്കോ അച്ചനു വിവരം മനസ്സിലായതു്. കപ്യാരെ അദ്ദേഹം കുറേ ശകാരിച്ചു. വേഗം ചെന്നു കുട്ടിയെ വിളിച്ചുകൊണ്ടുവരാൻ ആജ്ഞാപിച്ചു പാപികളുടെ രക്ഷപെടുത്താടിയ കക്ഷിയെ കപ്യാരു ഒരു വിധത്തിൽ അച്ചന്റെ പക്കൽ ഹാജരാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

അച്ചൻ—എന്റെ കുഞ്ഞു ഇങ്ങോട്ടു വരിക. നിന്നെ ഞാൻ ഒന്നും ഉപദ്രവിക്കയില്ല. നിന്റെ പേരു എന്താണെന്നു കേൾക്കട്ടെ.

കുട്ടി—(സങ്കോചത്തോടെ) ബർത്തലോമ്യോ ഗരേലി.

കൊള്ളാം നിന്റെ വീടെവിടെയാണു്?

ആസ്തിയിലാണച്ചോ.

നിനക്കു ജോലി വല്ലതും അറിയാമോ?

കല്ലുപണി അറിയാം.

നിനക്കു അപ്പനും അമ്മയും ആരുമില്ലേ?

രണ്ടു പേരും മരിച്ചുപോയി അച്ചോ.

നിനക്കു എന്തു പ്രായമായെന്നറിയാമോ?

പതിനാറുവയസ്സിലാ നടക്കുന്നതു്.

നീ എഴുത്തും വായനയും വല്ലതും പഠിച്ചിട്ടുണ്ടോ?

ഇല്ലച്ചോ.

ആട്ടെ—നിനക്കു പാട്ടുപാടാൻ അറിയാമോ!

തലകുലുക്കിക്കൊണ്ടു്, ഭയം നീങ്ങി കുട്ടി ചിരിച്ചുതുടങ്ങി. ബോസ്കോ അച്ചനിലേക്കു അവൻ ആകർഷിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

അച്ചൻ – നീ കുർബാന കൈക്കൊണ്ടിട്ടുണ്ടോ?

കുട്ടി—ഇല്ലച്ചോ.

ആട്ടെ—കുമ്പസാരിച്ചിട്ടുണ്ടോ?

പണ്ടു് കുഞ്ഞായിരിക്കുമ്പോൾ ഒന്നു കുമ്പസാരിച്ചിട്ടുണ്ടെന്നു തോന്നുന്നു.

ദിവസേനയുള്ള പ്രാർത്ഥനകൾ വല്ലതും ചൊല്ലുന്നുണ്ടോ?

എല്ലാം മറന്നുപോയി അച്ചോ.

ഞായറാഴ്ച പള്ളിയിൽ പോകുന്നുണ്ടോ?

ചിലപ്പോഴൊക്കെ പോകും.

സണ്ടേസ്കൂളിനു പോകുന്നില്ലേ?

എനിക്കതിനു ധൈര്യം തോന്നുന്നില്ലച്ചോ?

അതെന്താ മകനേ?

ആ കൊച്ചുകുട്ടികളുടെ കൂടെ പോയിരിക്കാൻ നാണം തോന്നും. അവർക്കൊക്കെ എന്നെക്കാൾ നല്ലപോലെ വേദോപദേശങ്ങളറിയാം. അവരെന്നെ കളിയാക്കുകേലേ അച്ചോ?

ആട്ടെ, എന്നാൽ ഞാൻ നിന്നെ തനിച്ചു പഠിപ്പിച്ചാൽ പഠിക്കാൻ തയാറുണ്ടോ?

ഓഹോ! ഞാൻ പഠിച്ചുകൊള്ളാം. പക്ഷേ എന്നെ തല്ലരുതു്.

ഇല്ല—എന്റെ മകനെ ഞാൻ തല്ലുകയില്ല—എന്നാൽ എന്നാണു് നമുക്കു പാഠം തുടങ്ങേണ്ടതു്?

അച്ചനിഷ്ടമുള്ളപ്പോൾ തുടങ്ങാം.

എന്നാൽ ഇന്നു വൈകുന്നേരമായാലെന്താ?

അങ്ങനെതന്നെയാട്ടെ.

അല്ലെങ്കിൽ വേണ്ട. രാവിലെതന്നെ തുടങ്ങിക്കളയാം.

അതിനും തരക്കേടില്ല.

എന്നാൽ കുർബാനകഴിഞ്ഞു എന്റെ പക്കൽ വരിക.

അതിൻപ്രകാരം ഗരേലി കൃത്യമായി ഹാജരുകൊടുത്തു. ബോസ്കോ അച്ചൻ അവനെയും കൂട്ടിക്കൊണ്ടു അടുത്ത ഒരു മുറിയിൽ ചെന്നു് മുട്ടുകുത്തി ഒരു നന്മനിറഞ്ഞമറിയം ചൊല്ലിയശേഷം വേദപാഠക്ലാസു് ആരംഭിച്ചു. അന്നു മുതൽ ഇന്നുവരെ ജോൺബോസ്കോ അച്ചനും അദ്ദേഹത്തിന്റെ അനുയായികളും ലക്ഷോപലക്ഷംകുട്ടികൾക്കായി ലോകമാസകലം നടത്തിവരുന്ന വേദപാഠക്ലാസുകളുടെയും, യുവജനവിദ്യാഭ്യാസത്തിന്റെയും പ്രാരംഭക്ലാസ്സായിരുന്നു അതു്. ജോൺബോസ്കോ തന്റെ സ്വപ്നപ്രകാരം കുഞ്ഞാടാക്കിയിട്ടുള്ള ഒന്നാമത്തെ വന്യമൃഗവും ആ ബാലൻതന്നെയായിരുന്നു.

കിഴവൻ കപ്യാരുടെ നെടുവടിയും ബോസ്കോ കൊച്ചച്ചന്റെ മൃദുമൊഴിയും തമ്മിലുള്ള അന്തരം ഇവിടെ തെളിഞ്ഞു കാണുന്നില്ലേ? അനാഥനായ ഗരേലി ആ വന്ദ്യഗുരുവിന്റെ മധുരഭാഷണത്താൽ ആകൃഷ്ടനായിപ്പോയി. ക്ലാസുകഴിഞ്ഞു അദ്ദേഹം ചോദിക്കുന്നു: "ഗരേലീ! അടുത്ത ഞായറാഴ്ചയും നീ വരികയില്ലേ?"

"തീർച്ചയായി ഞാൻ വരും അച്ചോ."

"എന്നാൽ തനിയെ വന്നാൽ പോരാ; നിന്റെ കൂട്ടുകാരെയും കൊണ്ടുവരണം."

"അങ്ങനെ തന്നെ അച്ചോ"

പ്രിയകുഞ്ഞുങ്ങളേ, ഇന്നു ഇത്തരം കുഞ്ഞാടുകളെ നിങ്ങൾ ധാരാളം കാണും. നമുക്കും കുറേ കുഞ്ഞാടുകളുണ്ടാകണേ എന്നു് പ്രാർത്ഥിക്കുക. വേറൊരു കാര്യംകൂടി ഇന്നു ചുണ പറയാനുണ്ടു്.

## സാഹിത്യ പരിശീലനം

കുഞ്ഞുങ്ങൾ പത്രംവായിച്ചാൽമാത്രം പോരാ, പത്രത്തിൽ എഴുതാനും പഠിക്കണം. ഇരുപതും മുപ്പതും കൊല്ലങ്ങൾക്കു മുമ്പു് വല്യച്ചൻ ഇങ്ങനെ പ്രോത്സാഹിപ്പിക്കയും, പരിശീലിപ്പിക്കയും ചെയ്ത കുട്ടികൾ ഇപ്പോൾ വലിയ എഴുത്തുകാരും പത്രാധിപന്മാരുമായി സഭാസേവനം ചെയ്യുന്നുണ്ടെന്നുള്ളതു് നിങ്ങൾക്കും ഉത്സാഹജനകമായിരിക്കുമല്ലോ. അവർക്കു അനന്തരഗാമികൾ ഉണ്ടാകണ്ടേ? അതു നിങ്ങളല്ലാതെ ആരാണു്. അതിനാൽ ബാലരംഗം പെയ്ജിന്റെ അരക്കോളം നിങ്ങൾക്കായി പഠിപ്പിച്ചെടുക്കാൻ നിശ്ചയിച്ചിരിക്കയാണു്. ബാലരംഗത്തിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുമാത്രമേ അവിടെ പ്രവേശനം ഉണ്ടായിരിക്കയുള്ളു. ഇയാണ്ടത്തേക്കു ഇനി പുതിയ പേരുകൾ രജിസ്റ്റർ ചെയ്യുന്നതുമല്ല. അടുത്തകൊല്ലം ഒരു പരീക്ഷ കഴിച്ചു് പുതിയ അംഗങ്ങളെ സ്വീകരിക്കും. പരീക്ഷ എന്തായിരിക്കുമെന്നു ഇപ്പോൾ അറിയാൻ പാടില്ല. അതിനാൽ പേരു ലിസ്റ്റിൽ ചേർക്കാത്തവരും വായന മാത്രം തുടർന്നു നടത്തിക്കൊള്ളണം. ലിസ്റ്റിൽ കൊടുത്തവർക്കും എല്ലാവർക്കും എപ്പോഴും പ്രവേശനമില്ല. അതാതു മാസത്തെ ജന്മദിനക്കാരിൽനിന്നു്. തക്കവരെന്നു തോന്നുന്ന ഈരണ്ടു ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ചീട്ടിയിട്ടെടുത്തു. അവരുടെ പേരും അവർ എഴുതേണ്ട ഓരോ വിഷയവും, മാസാരംഭത്തിൽ ബാലരംഗത്തു പ്രസിദ്ധപ്പെടുത്തും. മാസാവസാനത്തിനു മുമ്പായി അതെപ്പറ്റി ഓരോ ചെറിയ ലേഖനം എഴുതി അയച്ചുതരണം. കാൽഷീറ്റു കടലാസിന്റെ ഒരു വശത്തിൽ കൂടാൻ പാടില്ല. ക്ലാസ് ടീച്ചറെയോ, വേറെ പഠിപ്പുള്ള ആരെയെങ്കിലും മറ്റോ കാണിച്ചു്, തിരുത്തിച്ചു്. വീണ്ടും വൃത്തിയായിട്ടെഴുതിയേ അയക്കാവൂ. കൊള്ളാമെന്നു കാണുന്നതു നിങ്ങളുടെ പേരുംവച്ചു ഓരോന്നായി പിറ്റേ മാസംമുതൽ പ്രസിദ്ധപ്പെടുത്തും. ഹാ! പേരുവച്ചുള്ള ഒന്നാമത്തെ ലേഖനം കാണുന്നതു് എത്ര സന്തോഷപ്രദമായിരിക്കും! ഈ മാസത്തേക്കുള്ള പേരുകളും വിഷയങ്ങളും താഴെച്ചേർക്കുന്നു:

1. എൻ. വി. ജോർജ്ജ്. ഹൈസ്കൂൾ കറവിലങ്ങാട്. വിഷയം: ഞങ്ങളുടെ സണ്ടേസ്കൂൾ. (നമ്പർ 112)
2. ജേക്കബ്ബ് പഞ്ഞിക്കാരൻ, ഉഴവ, പട്ടണക്കാട്. വിഷയം: ഞങ്ങളുടെ സൊഡാലിററി. (നമ്പർ 474)
3. പുതുപ്പറമ്പിൽ കൊച്ചുത്രേസ്യാ, കോട്ടാങ്ങൽ. വിഷയം: ഞങ്ങളുടെ കത്തോലിക്കാപ്രവർത്തനം (നമ്പർ 297)
4. ഈരാറ്റുപുഴ ജോൺ അന്നക്കുട്ടി, മുട്ടം. വിഷയം: ഞങ്ങളുടെ ഗായകസംഘം. (നമ്പർ 8)

സമ്മാനലിസ്റ്റുകളിലും, ഇവിടെയും അംഗങ്ങളുടെ പേരുകളോടൊന്നിച്ചു കാണുന്ന നമ്പരുകൾ അവരവർ കുറിച്ചിട്ടുകൊള്ളണം. ക്രമേണ അങ്ങനെ ഓരോരുത്തരുടെ രജിസ്റ്റർ നമ്പർ കരസ്ഥമാകും. അതു വീണ്ടും പലപ്പോഴും ആവശ്യപ്പെടുന്നതാണു്. ലേഖനം അയക്കുമ്പോൾ ആ നമ്പരും ഏതുമാസത്തെതെന്നുകൂടിയും കടലാസിന്റെ ഇടത്തേ മാർജിനിൽ മുകളിൽ കുറിച്ചിരിക്കണം. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 ഒരു കത്തോലിക്കന്റെ ഉടമസ്ഥതയിലുള്ള പ്രസ്സിൽനിന്നും മതത്തിനും സന്മാർഗ്ഗത്തിനും എതിരായുള്ള ഗ്രന്ഥങ്ങളും പത്രങ്ങളും അടിച്ചുകൊടുക്കുന്നതു് പാപമാകുമോ?

2 മാത്തി ഒരു പുസ്തകവില്പനക്കാരനാണു്. എല്ലാത്തരം ആളുകളും അവിടെ പുസ്തകം വാങ്ങാനായി വരും. ആ കാരണത്താൽ സന്മാർഗ്ഗത്തിനും മതത്തിനും എതിരായ ചില പുസ്തകങ്ങൾകൂടി അയാൾ വില്പനയ്ക്കു വയ്ക്കുന്നു. അത്തരം പുസ്തകങ്ങൾ വായിക്കാൻ പാടില്ലെന്നല്ലാതെ ആവശ്യക്കാർക്കു വില്പാൻ പാടില്ലെന്നുണ്ടോ?

3 അത്യാവശ്യത്തെപ്രതി ഒരു പ്രോട്ടസ്റ്റന്റു് മതഗ്രന്ഥം വായിക്കേണ്ടിവരികയാണെങ്കിൽ ആരുടെ അനുമതി വാങ്ങണം?

(ഉത്തരങ്ങൾ 10-ാം പേജിൽ)




ബാലൻ: "എ-എ-എ-ടോ, ഒ-ഒന്നു് പ-പപ്പ-പപ്പടം താ-"

കച്ചവടക്കാരൻ: "നിനക്കു വിക്കലുണ്ടോടാ?"

ബാലൻ: "ത-ത-തത-ത-തനിക്കാണു് വി-വി ക്കലു്; എ-എ എനിക്കു് വാ-വാ-വാങ്ങലാണു്."

* * *

ഒരു വിദ്യാർത്ഥി മരുന്നുകടയിൽ ചെന്നിട്ടു്: "ഇവിടെ വേദനയ്ക്കു പററിയ മരുന്നു വല്ലതുമുണ്ടോ?"

"എവിടെയാണു വേദന?"

"വേദന തുടങ്ങീട്ടില്ല. സ്കൂളിൽനിന്നു വന്ന എഴുത്തു അപ്പൻ വായിച്ചു തുടങ്ങീട്ടേയുള്ളു."

* * *

അദ്ധ്യാപകൻ: പണ്ടുകാലങ്ങളിൽ, നാഴികമണി കണ്ടുപിടിക്കുന്നതിനുമുമ്പായി ആളുകൾ എങ്ങനെയാണു് ഭക്ഷണത്തിനും മററുമുള്ള സമയം അറിഞ്ഞിരുന്നതെന്നു് ആരെങ്കിലും പറയാമോ?

തോമസ്: വിശപ്പുതോന്നുന്നതനുസരിച്ചായിരുന്നു സാർ.

* * *

"ജോണി, ചോരൻ എന്ന വാക്കിന്റെ അർത്ഥമെന്താണു്?"

"എനിക്കറിഞ്ഞുകൂടാ."

"അറിഞ്ഞുകൂടെന്നോ? ഞാനിപ്പോൾ ജോണിയുടെ പോക്കററിൽനിന്നും ഒരു പെൻസിൽ ജോണി അറിയാതെ എടുക്കയാണെങ്കിൽ ഞാനാരാണു്?"

"സാറൊരു ജാലവിദ്യക്കാരനാണു്. എന്റെ പോക്കററിൽ ഒരു കാലണ മാത്രമേ ഒള്ളു."

* * *

ഒരു ഫാക്ടറിയിലെ ജോലിക്കാരൻ മാനേജരോടു്: സാർ, എന്റെ വിവാഹം കഴിഞ്ഞിരിക്കയാണു്. അതുകൊണ്ടു് ശമ്പളം കൂട്ടിക്കിട്ടാതെ നിവൃത്തിയില്ല.

മാനേജർ: ഫാക്ടറിക്കു പുറമെ നിങ്ങൾക്കു സംഭവിക്കുന്ന ആപത്തിനു ഞാൻ ഉത്തരവാദിയാകയില്ല.

## ഫ്രാങ്കോയുടെ
### അഭിപ്രായം

"സാമുദായികനീതി പുലർത്തുന്നതിനു് അക്ഷീണം യത്നിക്കുന്ന കത്തോലിക്കാസഭ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗത്തിൽകൂടി നാം പ്രയാണം ചെയ്യാത്തപക്ഷം റഷ്യാക്കാരുടെ പുറകെ നാം തിന്മയിലേക്കും ഭീകരതയിലേക്കും പ്രയാണം ചെയ്യുകയായിരിക്കും ചെയ്യുന്നതു്" എന്നു ജനറൽ ഫ്രാങ്കോ പ്രസ്താവിച്ചിരിക്കുന്നു.


## കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ

സർദാർ കെ. എം. പണിക്കർ എം. എ. (ഓക്സൺ) ബാർ അററ്ലായുടെ ഉപോദ്ഘാതത്തോടുകൂടിയതു്. കേരളത്തിലെ ലത്തീൻ കത്തോലിക്കർക്കു പുരാതനകാലംമുതൽ ഉണ്ടായിരുന്ന ഉൽക്കർഷവും പ്രാബല്യവും മനസ്സിലാക്കത്തക്ക ചരിത്രഗ്രന്ഥം.

330-ൽപരം പേജുകൾ. വില ഒരു ഉറുപ്പികമാത്രം.

മാനേജർ
ചെറുപുഷ്പം പ്രസ്സ്; A. O. & P. O. മഞ്ഞുമ്മൽ

ചരിത്രത്തിലെ അതിത്തിക്കല്ലുകൾ

കാര്യം ശരിയായി ഗ്രഹിക്കേണ്ടതിന് നിലവിലുള്ള ചില ചരിത്രവസ്തുക്കൾകൂടി അറിഞ്ഞിരിക്കേണ്ടതു്, ആവശ്യമാണ്.

(1) ക്രി. വ. 323-ൽ കോൺസ്റ്റൻറിനോപ്പിളിൻെറ പണിക്ക് അസ്ഥിവാരമിട്ടതോടുകൂടി റോമാസാമ്രാജ്യകേന്ദ്രം കിഴക്കൻഭൂമിയിലേക്ക് മാറപ്പെട്ടു. അതോടെ സാമ്രാജ്യം പൌരസ്ത്യഖണ്ഡമെന്നും പാശ്ചാത്യഖണ്ഡമെന്നും രണ്ടായി തിരിഞ്ഞു. രണ്ടാമത്തെ ഖണ്ഡം രാജ്യകാര്യങ്ങളിൽ അധഃപതിക്കാനും ആദ്യത്തേതു് മതാത്മകമായ കാര്യങ്ങളിൽ പുരോഗമിക്കാനും തുടങ്ങി.

(2) നാലാം ശതാബ്ദാവസാനത്തോടടുത്തു് ഉത്തരദേശവാസികളായ അപരിഷ്കൃതവർഗ്ഗക്കാരുടെ ആക്രമണം ആരംഭിച്ചു. ഇററലി പലവട്ടം കീഴടക്കപ്പെടുകയും റോം ചിലപ്പോഴൊക്കെ കൊള്ളചെയ്യപ്പെടുകയും ചെയ്തു.

(3) ക്രി. വ. 5?0-ന് അടുത്തു് പൌരസ്ത്യചക്രവർത്തിയായ ജസ്റ്റിനിയൻ ഇററലിയുടെമേലും കുറച്ചുകാലം അധീശവാഴ്ച നടത്തുകയും, റാവന്ന തൻെറ തലസ്ഥാനമാക്കുകയും ഉണ്ടായി. എന്നാൽ ഈ മേൽക്കോയ്മ ഉടൻതന്നെ നഷ്ടപ്പെടാതിരുന്നില്ല.

(4) ക്രി. വ. 717ന് ശേഷം പൌരസ്ത്യരാജ്യങ്ങളിൽ പ്രതിമാരാധനം സംബന്ധിച്ചുണ്ടായ മത്സരങ്ങൾമൂലം അനേകം ബിസൻറയിൻ ശില്പികൾ യൂറോപ്പിലേക്ക് ഓടിക്കപ്പെട്ടു.

(5) ഒമ്പതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി പശ്ചിമറോമൻ സാമ്രാജ്യം റ്യൂട്ടോണിക്ക് ജാതിക്കാരുടെ കൈയിൽ അകപ്പെടുകയും കാറൽമാൻ (Charlemagne) മാർപ്പാപ്പായാൽ റോമൻ സമ്രാട്ടായി കിരീടം ചൂടിക്കപ്പെടുകയും ചെയ്തു.

(6) പത്താംശതകത്തോടടുത്തു് വടക്കൻ വർഗ്ഗക്കാർ ഇററലിയിൽ സ്ഥിരതാമസമായി. അവരുടെ മദ്ധ്യേ സുവിശേഷം സുലഭമായി പ്രചരിച്ചു. 12-ാം നൂററാണ്ടായപ്പോഴേക്ക് അവർക്ക് പരിഷ്കാരത്തിൻെറ നല്ലൊരുപദത്തിൽ എത്തിച്ചേരാനും ഇടയായി.

പ്രസ്തുത സംഭവങ്ങൾ നിമിത്തം ക്രൈസ്തവശില്പത്തെ ബാധിച്ച പരിണാമങ്ങൾ താഴെ പറയുന്നവയാണ്.

(1) കോൺസ്റ്റൻറയിൻെറയും ഗോത്തിക്ക് ജാതിക്കാരുടെ ആക്രമണത്തിൻെറയും കാലങ്ങൾക്കമദ്ധ്യേ റോമ എന്നല്ല ഇററലി ഒട്ടുക്ക് അനവധി ക്രിസ്തീയ ദേവാലയങ്ങൾ സംജാതമായി. അവയെല്ലാംതന്നെ റോമൻരീതിയിൽ അഥവ ബസിലിക്കാമാതൃകയിൽ പണിചെയ്യപ്പെട്ടവയും ആയിരുന്നു. അനന്തരം ക്രൈസ്തവവിഹാരങ്ങളുടെ ഉല്പാദനശില്പം രണ്ടു കാരണങ്ങളാൽ ക്ഷയപ്പെടുവാൻ തുടങ്ങി. ആദ്യത്തെ കാരണം പുതിയ പള്ളികളുടെ ആവശ്യം അധികമുണ്ടായില്ലെന്നുള്ളതും രണ്ടാമത്തേതു് അന്നത്തെ സ്ഥിതിഗതികളുടെ അനിശ്ചിതാവസ്ഥയുമായിരുന്നു. ശത്രുക്കളുടെ ആക്രമണംകൊണ്ടോ, ഭൂകമ്പത്താലോ മറേറതെങ്കിലും വിധത്തിലോ കേടുപാടുന്ന ദേവാലയങ്ങൾ നന്നാക്കാൻ വേണ്ടി വാസ്തുവിദ്യയുടെ ചില ശുഷ്കാംശങ്ങൾ പിന്നെയും അവിടെ ശേഷിച്ചില്ലെന്നില്ല. എന്നാൽ അവ ഒരു സാങ്കേതികശില്പപാരമ്പര്യമായി സൂക്ഷിക്കാൻ പര്യാപ്തമല്ലാതിരുന്നതിനാൽ പ്രായേണ ആ അംശങ്ങളും പൂർണ്ണമായി തിരോഭവിച്ചു.

(2) ആറും ഏഴും നൂററാണ്ടുകളിൽ റോമൻസ്ക്യൂ രീതിയുടെ പ്രാരംഭം നിത്യനഗരത്തിനടുത്തുതന്നെ ലൊംബാർഡിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഒരു പ്രസിദ്ധ കത്തീഡ്റൽശില്പിയായ ലീഡർ സ്കോട്ടിൻെറ അഭിപ്രായത്തിൽ ഈ പുതിയ പ്രസ്ഥാനത്തിൻെറ യഥാർത്ഥാഗമം കൊമൊ (Como) നിവാസികളായിരുന്നതിനാൽ "കൊമാസിൽ മാസ്റ്റർമാർ" (Magistri Comacini) എന്നു വിളിക്കപ്പെടുന്ന കലാവൃത്തുകളുടെ ഒരു സമൂഹത്തിൽനിന്നായിരുന്നുവത്രെ. ഏഴാം ശതാബ്ദത്തിൽ ശില്പികളുടേയും കൺട്രാക്ടർമാരുടേയും സംയുക്തവും ശക്തിമത്തുമായ ഒരു പരസ്പരസഹായസംഘടനയായിട്ടാണ് ഇവരെ നാം കാണുന്നതു്. അനേകം കലാകാരന്മാർ ഈ സംഘത്തിനു കീഴി

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *

(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

ൽ പണിയെടുക്കുന്നവരായും ഉണ്ടായിരുന്നു. ചിലർക്ക് ഈ സംഘടന റോമൻ ശില്പിസമൂഹത്തിൻെറ വല്ല ശാഖയുമായിരുന്നിരിക്കാമെന്നും മററു ചിലർക്ക് ഇററലിയിൽ കെട്ടഴിഞ്ഞുകിടന്ന ബിസൻറയിൻ കലാകൃത്തുകളുടെ ശിഥിലസമാജമായിരുന്നുവെന്നും വേറെ ചിലർക്ക് പൌരസ്ത്യരാജ്യങ്ങളിലെ മററുവല്ല ശില്പകാരന്മാരുടേയും കൂട്ടമായിരുന്നുവെന്നും സംശയങ്ങൾ ഉണ്ടാകാവുന്നതാണ്. സ്കോട്ട് തന്നെയും ആദ്യസംശയത്തിൽ കുടുങ്ങുകയും പഴയ റോമൻ ശില്പത്തിൻെറയും പുതിയ റോമൻസ്ക്യൂ രീതിയുടേയും മദ്ധ്യേ ഒരു നിരന്തരാനുബന്ധം കണ്ടുപിടിച്ചു് സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു. ഒററപെട്ടുകിടക്കുന്ന അനേകം നാടുകളിൽ റോമൻസ്ക്യൂരീതിയും ഗോത്തിക്ക് രീതിയും ഒരേ അവസ്ഥയിലും അളവിലും ഉത്ഭവമായി അഭിവൃദ്ധിപ്പെട്ട ലക്ഷ്യങ്ങൾ നോക്കിയാൽ പശ്ചിമയൂറോപ്പിൽ എവിടെയും ഉണ്ടായ വിഹാരനിർമ്മാതാക്കളായ ശില്പികളുടെ സംഘടനകൾക്ക് പ്രസ്തുത "കൊമിസിൻ" സംഘം മൂലാധാരമായിരുന്നതായിക്കരുതാമെന്നത്രെ അദ്ദേഹത്തിൻെറ വാദം. മാത്രമല്ല, ആ സംഘം അഥവാ വിവിധസംഘങ്ങളുടെ ആ സംഘടന ഫ്റീമെസൻ (Freemason) സംഘത്തിൻെറയും ആദിമൂലമായിരുന്നുവെന്നും അതിൽനിന്നാണ് 1717-ൽ ഇംഗ്ലണ്ടിലുണ്ടായ "മിണ്ടാവേദക്കാരും" (Secret Society) ശില്പസുന്ദരമായ അവരുടെ മുദ്രയും ആവിർഭവിച്ചതെന്നുംകൂടി അദ്ദേഹം പറയുന്നു.


സ്കോട്ടിൻെറ അനുമാനത്തിൽ മക്കട മുഷ്ടിപിടിക്കാത്തപക്ഷം ഏഴാം ശതകത്തിനു കുറെ മുമ്പുതൊട്ടുതന്നെ റോമൻസ്ക്യൂശില്പം ഉന്നതിപ്രാപിക്കാൻ തുടങ്ങിയെന്നും അതിൻെറ ആദ്യപുഷ്ടാരമ്പങ്ങൾ പ്രധാനമായി ലൊംബാർഡിയിലും വടക്കെ ഇററലിയിലും വ്യൽപ്പാദനം ചെയ്യപ്പെട്ടുവെന്നും നമുക്ക് ഉറപ്പായിപറയാം. "കൊമിസിൻ"മാരെപ്പററി ആലോചിക്കുന്നതായാൽ അവരുടെ ചില ശില്പസംരംഭങ്ങൾ നിചനിന്നുകാണുന്നതു് അതിപ്രാചീനമായ ദേവാലയങ്ങളിലെ നേപഥ്യവിധാനം, നവീകരണം, ക്ഷതപരിഹരണം മുതലായ സരണികളിലാണ്. എന്നാൽ ആറാം നൂററാണ്ടുതുടങ്ങിത്തന്നെ ക്ലാസ്സെയിലെ "അപ്പൊലിനാർ", റാവന്നായിലെ "അപ്പൊച്ചിനാർ നൂവൊ", മിലാനിലെ (6-ാം ശതകം) "അംബ്രോജിയൊ", പാവിയായിലെ (?-ാം ശതകം) "സാൻമിഖേൽ", പൈസയിലെ (8-ാം ശതകം) "സാൻപീരോ", "സാൻസെനൊ വെറോനാ" ആദിയായി അനവധി പള്ളികൾ അവർ നിർമ്മിച്ചുവെന്നതിനു ധാരാളം തെളിവുകളുണ്ട്. ഒടുവിൽപ്പറഞ്ഞ മന്ദിരം അവരുടെ ശില്പസാമർത്ഥ്യത്തിൻെറ മകുടോദാഹരണമായി പരിഗണിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എട്ടാം ശതകത്തിൽ കാറൽമാൻ ചക്രവർത്തി ആഗതനായതോടുകൂടി ക്രിസ്തുമതപ്രബുദ്ധമായ സാമ്രാജ്യത്തിൻെറ നെടുനീളം ദേവാലയനിർമ്മാണാർത്ഥം സജീവമായ ഒരു പരിശ്രമം ആരംഭിച്ചു. എന്നാൽ അതിൻെറ ഫലം എന്തൊക്കെ അഥവാ എത്രമാത്രമെന്നും പറയാൻ മതിയായ ലക്ഷ്യമൊന്നും നമുക്കില്ല. അനന്തരകാലങ്ങളിൽ അവയെല്ലാം പൊളിച്ചു് കൂടുതൽ പരിഷ്കരിച്ചു് പണിചെയ്യപ്പെട്ടതായി വിചാരിക്കാം. 11-ാം ശതാബ്ദമായപ്പോഴേക്ക് റോമൻസ്ക്യൂപ്രസ്ഥാനം പൂർണ്ണവളർച്ച പ്രാപിക്കുകയും പശ്ചിമയൂറോപ്പിൽസർവ്വത്ര വ്യാപിക്കുകയും ചെയ്തു. പക്ഷെ പ്രധാനപണിത്തരങ്ങളിലെല്ലാം സ്ഥിരമായ ഒരു ഐകരൂപ്യം ഉണ്ടായിരുന്നുവെങ്കിലും ഓരോ രാജ്യത്തും പ്രാദേശികമായ ചില വൈധർമ്മ്യങ്ങൾ വർദ്ധിക്കാതിരുന്നില്ല. തന്നിമിത്തം പ്രസ്തുത ശതാബ്ദത്തിലെ റോമൻസ്ക്യൂശില്പവിധാനം ഇററാലിയൻ, സിസിലിയൻ, ഇംഗ്ലീഷ്, ഫ്റഞ്ച്, ജർമ്മൻ എന്നിങ്ങനെ നാലഞ്ചുത

രമായി വിവേചിക്കാം. ഒരു നൂററാണ്ടുകൂടി അതു് പരമോന്നതിയിൽ സ്ഥിതിചെയ്തു. അനന്തരം ത്രികോണാകാരമായ ആർച്ചിൻെറ രൂപത്തിൽ ഒരു പുതിയ രോഗം പ്രത്യക്ഷപ്പെടുകയും അതിൻെറ പകർച്ചമൂലം നിർദ്ദിഷ്ടരീതി ഗോത്തിക്ക് പദ്ധതിയിലേക്കു വ്യതിക്രമിക്കാൻ തുടങ്ങുകയുംചെയ്തു. രണ്ടിനുംമദ്ധ്യേ കടവാതിൽപോലെ കുറെക്കാലം നിലനിന്ന ഒരു പ്രസ്ഥാനം വേറേയും പ്രസ്താവാർഹമായിട്ടുണ്ട്. ഇതു ഉപരിപ്ലവരീതി (Transitional Style) എന്നു പറയപ്പെടുന്നു. ഇതിനെപ്പററി പിന്നീടു് പ്രതിപാദിക്കുന്നതാണ്.

ഇപ്പോൾ നമുക്കു റോമൻസ്ക്യൂരീതിയുടെ മുഖ്യാംശങ്ങൾ എന്തെല്ലാമെന്നു് സാമാന്യമായി പര്യാലോചിക്കാം.


ലൊമ്പാർഡിൻ റോമൻസ്ക്യൂ

(പുരോഭാഗം.)



മന്ദിരത്തിൻെറ ആകാരം സംബന്ധിച്ച പ്രധാന കാര്യങ്ങളിൽ റോമൻസ്ക്യൂ ദേവാലയങ്ങൾ റോമൻ ബസിലിക്കകളിൽ നിന്നു് അധികമൊന്നും വിഭിന്നമായിരുന്നില്ല. മുകളിൽ ഒരു ഒഴുക്കൻ ഭിത്തി വഹിക്കുന്ന ആർച്ചുകളും തൂണുകളുടെ നിരയുംകൊണ്ടു് നടുക്കുള്ള നെടിയ ഹാൾ വിവേചിക്കപ്പെടുകയും മരംകൊണ്ടു് തട്ടിപ്പാകാതെ തുറന്ന മേൽക്കൂരയുണ്ടാക്കി ഉപരിഭാഗം ആവരണം ചെയ്യുകയും ചെയ്തിരുന്നു. ഇരുവശത്തുമുള്ള വിചരന്ദകങ്ങൾക്കു് ഹാളിൻേറതിൽപകുതി മാത്രമേ ഉയരവും വിസ്താരവുമുണ്ടായിരുന്നുള്ളു. അവയുടേയും മേൽപ്പുര മേൽപ്രകാരംതന്നെ. മുൻഭാഗത്തു് വലിയ ഒരു ആർച്ചോടും മുകളിൽ അർദ്ധവൃത്തമായ വെൺമാടത്തോടുംകൂടി ചതുരശ്രാകൃതത്തിലായിരുന്നു മദ്ബഹയുടെ പണി. പ്രവേശസ്ഥാനത്തു് ഭിത്തിയുടെ അഗ്രം ത്രികോണാകൃതിയിൽ ഒരു പ്രത്യേകതരം വാതായനത്തോടുകൂടിയും അടിവാരം വിചരന്ദകങ്ങളുടെയും ഹാളിൻെറയും സംഗമസ്ഥലങ്ങളിൽ ഓരോ ചതുരക്കാലുകൾ ചേർത്തു് മൂന്നു ഖണ്ഡങ്ങളാക്കി ഓരോന്നിലും ഓരോ വാതിലോടുകൂടിയും ആണ് നിർമ്മിക്കപ്പെട്ടിരുന്നതു്. ചിലേടത്തു് മണിമാളികകൂടി ഉണ്ടെന്നുവരാം. ഉണ്ടെങ്കിൽ ഒന്നു മാത്രം. സാമാന്യേന അതു മന്ദിരത്തിൻെറ വാമപാർശ്വത്തിൽ; അന്യഥാ അല്പം വേർപെട്ടു് അകലത്തിൽ. മിക്കസ്ഥലത്തും ആ പാദാഗ്രം ഒരേവണ്ണത്തിലും ചതുരത്തിലും ദുർല്ലഭമായി വൃത്താകൃതിയിലുമാണ് അതു പണി ചെയ്യപ്പെട്ടുവന്നതു്. മേൽപ്പുര ചരിവു കുറഞ്ഞു് ഓടുമേഞ്ഞതായിരുന്നു. പാർശ്വഭിത്തികൾ ഇടയ്ക്കിടെ പരന്നു് ഉന്തിനില്ക്കുന്ന കാലുകളോ കനത്ത കൽത്തൂണുകളോ കെട്ടി അനേകഖണ്ഡങ്ങളാക്കിപ്പകുത്തു് മുകളിൽ നിരപ്പെ ആർച്ചുകൾ നിർമ്മിച്ചു് ബലപ്പെടുത്തുന്നതും അപൂർവ്വമായിരുന്നില്ല. ചില മന്ദിരങ്ങളിൽ ഭിത്തിക്കുമുകളിലും കനം കുറഞ്ഞ തൂണുകളും ചെറിയ ആർച്ചുകളും ഉണ്ടാക്കി അതിന്മേലാണ് മേൽപ്പുര ചാർത്തിയിരുന്നതു്.

വിചരന്ദകങ്ങളുടെ പുറംചുമരുകൾ ചില സ്ഥലങ്ങളിൽ ഹാളിൻെറ ഭിത്തി



ലൊമ്പാർഡിൻ റോമൻസ്ക്യൂ

(പാർശ്വഭാഗം)

യോളംതന്നെ ഉയർത്തി ഭവനം ഒററ മേച്ചിലിൽ പൊതിയുകയും പതിവായിരുന്നു. താദൃശഭവനങ്ങളിൽ വിസ്താരം കുറഞ്ഞു് തല ഉരുണ്ട വാതായനങ്ങളുടെ പംക്തികൊണ്ടു് ഹാളിൽ വെളിച്ചം സുലഭമായിരിക്കും. പുറംചുമരുകൾക്കു് മേൽപ്പറഞ്ഞത്ര പൊക്കം ഇല്ലാത്തപക്ഷം ഹാളിൻെറ പാർശ്വഭിത്തികൾ രണ്ടിലും ഉപരിഭാഗത്തു് ഓരോനിര ചെറുതരം ജനലുകൾ ഇല്ലാതിരിക്കയില്ല.

എന്നാൽ റോമൻസ്ക്യൂശില്പികൾ അചിരേണ മേൽക്കൂരകൾക്കു താഴെ ചുമരുകൊണ്ടുതന്നെ മന്ദിരങ്ങൾക്കു് മച്ചുണ്ടാക്കാൻ ശ്രമം തുടങ്ങി. ഈ മച്ചുകൾ ഒരുവക തുരങ്കങ്ങൾപോലെയാണ് അവർ ആദ്യം പണി ചെയ്തിരുന്നതു്. ക്രമേണ അതു കുറെക്കൂടി പരിഷ്കരിച്ചു് പാർശ്വങ്ങളിലെ പുറംചുമരുകളോളം എത്തുന്ന വിലങ്ങൻ മച്ചുകൾ കെട്ടിവിചരന്ദകങ്ങളുടെ എടകളും ആവരണം ചെയ്യപ്പെട്ടു. മറെറാരു പരിഷ്കാരത്തിൻെറ ഫലമായി മദ്ബഹയുടെ മുമ്പിൽ ഇരുപാർശ്വങ്ങളിലും നിർമ്മിതമായ ഓരോ നീട്ടുകൾകൊണ്ടു് ഹാൾ കുരിശിൻെറ ആകൃതി പ്രാപിച്ചു. മുൻഭാഗത്തേതുപോലെ ഈ നീട്ടുകൾക്കും മുഖവാരങ്ങൾ ഉണ്ടായിരുന്നു. അനന്തരപരിഷ്കാരം പുരോഭാഗത്തു് ഏകമാത്രമായിരുന്ന മണിമാളിക ഇതരപാർശ്വത്തിൽക്കൂടി നിർമ്മിച്ചു് ഇരട്ടിയാക്കുകയും ഹാളിൻെറയും നീട്ടുകളുടെയും സംഗമസ്ഥാനത്തു് കൂടുതൽ ഉയരത്തിൽ വേറൊന്നു വിശേഷാൽ ഉണ്ടാക്കുകയും ഈ മൂന്നിനും പുറമെ പൂജാലയത്തിനു പിന്നിൽ ഇരുവശത്തും മററോരോന്നുകൂടി സൃഷ്ടിച്ചു് മണിമാളികയുടെ എണ്ണം ആകെക്കൂടി അഞ്ചാക്കിത്തീർക്കുകയും ചെയ്തതാണ്. പക്ഷേ നിർദ്ദിഷ്ടശില്പം അത്യുന്നതി പ്രാപിച്ച ഒടുവിലത്തെ ഘട്ടത്തിൽ ജാതമായ ഈ സംവിധാനം ഫ്റാൻസിലും ജർമ്മനിയിലുമത്രെ പ്രധാനമായി പ്രചരിച്ചതു്. തദനന്തരമേ മണിമേടകൾ റോമൻസ്ക്യൂരീതിയുടെ സാക്ഷാത്തായ ഘടകമായിപ്പരിണമിച്ചുള്ളു.

മണിമാളികകളെപ്പററിയുള്ള പ്രസ്താവം അപ്രകൃതമെങ്കിലും നേരംപോക്കായി ഒരു സംഗതി സ്മരണയിൽ കൊണ്ടുവരുന്നു. ഒററ മണിമാളികയോടുകൂടിയ പള്ളികൾ അധികം കാണുന്നതു പ്രൊട്ടസ്റ്റൻറുകാരുടെ ഇടയിലാകയാൽ അതു കത്തോലിക്കരുടെ മാതൃകയല്ലെന്നു് പറയുന്നചില ശില്പവിശാരദന്മാരുണ്ട്. തെളിവിലേക്കു് ഇരണ്ടു മണിമേടകളോടുകൂടിയ ഏതാനും കത്തോലിക്കദേവാലയങ്ങളും ഒററമേടയോടുകൂടിയ അനവധി പ്രൊട്ടസ്റ്റൻറ് പള്ളികളും അവർ താരതമ്യം ചെയ്തുകാണിക്കാൻ കഴിയുകയും ചെയ്യും. ഇതിനു മറുപടിനൽകാൻ പ്രയാസമില്ല. ഇൻഡ്യയിൽത്തന്നെ ബോംബെ, സൂററ് മുതലായ നഗരങ്ങളിലെ പഴയ പോർട്ടുഗീസ് പള്ളികൾക്കു് മണിമാളിക ഒന്നുംതന്നെ ഉണ്ടായിരുന്നില്ല മറിച്ചു്, ഗോവ, തൃശ്ശിനാപ്പള്ളി, മൈലാപ്പൂർ എന്നീസ്ഥലങ്ങളിലെ ബൃഹത്തരമായ ദേവാലയങ്ങൾക്കുപോലും ഓരോ മേടകളേ ഉണ്ടായിരുന്നുള്ളു. തുടർന്നാലോചിച്ചാൽ യാഥാർത്ഥ്യം കൂടുതൽ സ്പഷ്ടമാകുന്നതാണ്. പണ്ടത്തെ റോമന്മാരുടേയും ബിസൻറയിൻകാരുടേയും ആരാധനാമന്ദിരങ്ങൾക്കു് മണിമാളിക എങ്ങുംതന്നെ ഇല്ലായിരുന്നു. ഇപ്പോൾ ഇററലിയിലുള്ള പള്ളികൾ നോക്കിയാൽ ഈരണ്ടു മണിമേടകളോടുകൂടിയ ഭവനങ്ങൾ അതിദുർല്ലഭവും ഓരോന്നുമാത്രമുള്ള മന്ദിരങ്ങൾ ബഹുസമൃദ്ധവുമാണെന്നു് കാണാം. ഉദാഹരണാർത്ഥം പൈസ, ഫ്ളോറൻസ് എന്നീ പട്ടണങ്ങളിലെ സുപ്രസിദ്ധമായ കത്തീഡ്റൽ കെട്ടിടങ്ങൾ പരിശോധിക്കുക. അവയിൽ ഓരോ മണിമാളികമാത്രമേയുള്ളു. കൂടാതെ അതിപ്രാചീ

(ശേഷം 8 ാം പേജിൽ)

ഗ്രാമോദ്ധാരണപംക്തി

# സൈലേജ്

## (കന്നുകാലികളുടെ ഒരു തീററിസാധനം)

(ചടയമംഗലം, എസ്. എ. പിള്ള)

വേനൽക്കാലങ്ങളിൽ പച്ചപ്പുല്ല് അപൂർവ്വമായിരിക്കുമ്പോൾ കന്നുകാലികൾക്കു വയ്ക്കോൽ മാത്രമാണ് ആഹാരസാധനം. ചില ഭാഗങ്ങളിൽ അതും ഇല്ലാതെ കന്നുകാലികൾക്കു നേരിടുന്ന പട്ടിണി വളരെ ദയനീയമെന്നേ പറയാനുള്ളു. ആ ഘട്ടങ്ങളിൽ കന്നുകാലികളെ, വിശേഷിച്ച് കറവപ്പശുക്കളെ, തീററിരക്ഷിക്കുന്ന വിഷയത്തിൽ നേരിടുന്ന വിഷമം അവർണ്ണനീയമായിരിക്കും. പച്ചപ്പുല്ല്, കളകൾ, വയ്ക്കോൽ, ചോളത്തണ്ട്, ഇല മുതലായവയെ ഒരു വൃത്തിയുള്ള കുഴിയിലോ അല്ലെങ്കിൽ ഇതിലേക്കായി പ്രത്യേകം ഉണ്ടാക്കീട്ടുള്ള സ്ഥാനങ്ങളിലോ ശേഖരിച്ചുണ്ടാക്കുന്ന തീററിസാധനത്തെയാണ് സൈലേജ് എന്നു പറയുന്നത്. തീററിക്കു വിഷമിക്കുന്ന ഘട്ടങ്ങളിൽ കന്നുകാലികൾക്കു ഇതു സവിശേഷമായ ഒരു ആഹാരസാധനമായിരിക്കും. പ്രത്യേകിച്ച് ലാഭകരവുമത്രെ. ഇതിലേക്കു കന്നുകാലികളുടെ ഉടമസ്ഥന്മാർ അതീവജാഗ്രതയുള്ളവരായിരുന്നാൽ എത്ര തീററി കുറവുള്ള ഘട്ടങ്ങളിലും കന്നുകാലികളുടെ ആഹാരകാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ലെന്നു ഓർത്തിരിക്കണം.

ഇതു ഉണ്ടാക്കുന്നതിനു ഏതു മാസവും യോജിച്ചതാണ്. പച്ചപ്പുല്ല് മുതലായവ കിട്ടാൻ എളുപ്പം വർഷക്കാലങ്ങളിലാകയാൽ സാധാരണ ആ ഘട്ടത്തിൽ ഇതു തയാറാക്കുന്നതിനു കൂടുതൽ സൗകര്യമുണ്ടായിരിക്കുമല്ലോ. പുല്ല്, ഗിനിപ്പുല്ല്, മലകളിൽ സമൃദ്ധമായി വളരുന്ന പുല്ലുകൾ, കരിമ്പിൻതലകൾ, ചോളത്തണ്ട് മുതലായവ ഇതിലേക്കു ഉപയോഗപ്പെടുത്താം. ഇവയെ പ്രത്യേകമായും കലർത്തിയും ഉപയോഗിക്കുന്നതിൽ തെററില്ല. പുല്ല് മുതലായവ ശേഖരിക്കുന്നതു അവ പുഷ്പിക്കുന്ന കാലത്തായിരിക്കണം. വളച്ച് പൂർത്തിയായ പുല്ലുകളും ഉപയോഗിക്കാം. പക്ഷെ അവകൊണ്ടു തയാറാക്കുന്ന സൈലേജിൽ പുളിരസംകൂടി കലർന്നിരിക്കും. വളർച്ച പൂർത്തിയാകാത്തതും സ്വല്പം ഉണങ്ങിയതുമായ പുല്ലുകളെയും മററും ശേഖരിച്ച് കുറെ വെള്ളം തളിച്ചാൽ അവയും ഉപയോഗിക്കാം. ഏതു സ്ഥലത്തും സൈലേജ് നിർമ്മിക്കാം. വെള്ളക്കെട്ടില്ലാത്തതും അല്പം ഉയർന്നതും ഉറപ്പുള്ള മണ്ണോടുകൂടിയതുമായ സ്ഥലം ഏററവും യോജിച്ചതാണ്. വിളവുകളെ സൈലേജിനായി ഉപയോഗിക്കുന്നപക്ഷം, അവയുടെ കൃഷിസ്ഥലത്തിനടുപ്പിച്ച് ഉണ്ടാക്കുന്നതായാൽ ചെലവു കുറയും. കുഴി വൃത്തത്തിലൊ ചതുരത്തിലൊ മററുവിധത്തിലൊ ഇഷ്ടംപോലെ നിർമ്മിച്ചുകൊള്ളാം. എങ്കിലും വൃത്തത്തിലുള്ളതു നന്നായിരിക്കുമത്രെ. വൃത്താകൃതിയിലുള്ള സൈലോവിൽ തീററിസാധനങ്ങൾ ശേഖരിക്കുമ്പോൾ അവയുടെ ഇടയ്ക്കു അശേഷവും കാററു നിൽക്കാതെ ഒരുപോലെ പതിഞ്ഞിരിക്കുമത്രെ. ചതുരത്തിലായാൽ മൂലകളിൽ പുല്ലുകൾ ശരിയായി നിറയ്ക്കുന്നതിനു സാധിക്കയില്ല.

ഇതു രണ്ടു പ്രകാരത്തിൽ ഉണ്ടാക്കാം. സാധാരണ കൃഷിക്കാർക്കു അഞ്ചടി താഴ്ചയിലും മൂന്നരയടി വ്യാസത്തിലും ഒരു കുഴി മതിയാകും. തൂക്കായിത്തന്നെ കുഴിയെടുക്കണം. ഇതിനൊരു മേൽക്കൂര ഇല്ലെങ്കിൽ രണ്ടോ മൂന്നോ അടി പൊക്കത്തിൽ മണ്ണുകൊണ്ടു മൂടിയിരിക്കണം. ഇതു മധ്യം ഉയർന്നും വശങ്ങൾ തൂക്കായും ഇരിക്കേണ്ടതാണ്. വർഷക്കാലത്തിൽ വെള്ളം തങ്ങി നിൽക്കാതെ വാർന്നു പോകണമെന്നുള്ളതാണിതിൻെറ ഉദ്ദേശ്യം. പുല്ല് താഴ്ന്നുവരുന്നതോടുകൂടി മേൽമണ്ണിൽ ഉണ്ടാകുന്ന വിടവുകളെ ഉടനുടൻ മണ്ണുകൊണ്ടു അടയ്ക്കാത്തപക്ഷം മഴവെള്ളംകൂടി അകത്തിറങ്ങി സൈലേജ് ഉപയോഗശൂന്യമാകും. കുഴിയുടെ അടിവശം നല്ലതുപോലെ ഉറപ്പിച്ചിരിക്കണം. കുഴിയെടുക്കുന്ന മണ്ണിൽ മണൽ ചേർന്നും പശ കുറഞ്ഞും കാണുന്നെങ്കിൽ കുഴിയുടെ വശങ്ങൾ ഇടിഞ്ഞു വീഴാൻ എളുപ്പമുണ്ട്. അതിലേക്കായി കുഴിയുടെ വശങ്ങളിൽ ഓലയൊ മററൊ നിരത്തി പനയോലയൊ മററൊ കൊണ്ടു പൊതിഞ്ഞുകെട്ടുന്നതു നന്നായിരിക്കും. ശാസ്ത്രീയരീതിയിൽ സൈലോ ഉണ്ടാക്കുന്നതിൽ വൃത്തത്തിലൊ ചതുരത്തിലൊ മററു വിധത്തിലൊ കുഴിയെടുത്തു അതിനു ചുററും ഇഷ്ടികയൊ മററൊകൊണ്ടു കെട്ടി തറനിരപ്പിൽനിന്നും ആവശ്യാനുസരണം പൊക്കീട്ടുള്ള ഒരു ചുവരും ഓടുമേഞ്ഞ ഒരു മേൽക്കൂരയും ഉണ്ടായിരിക്കണം. വൃത്തത്തിലുള്ള സൈലോവിൻെറ ചുവരിൽ വൃത്തത്തിലുള്ള ഇരുമ്പുകമ്പികൾവച്ചു കെട്ടിയാൽ ചുവരിനു പൊടിപ്പൊ പൊട്ടലൊ ഉണ്ടാകയില്ല. പുല്ലുകളും മററും ഉള്ളിലാക്കുന്നതിനായി സൈലോവിൻെറ പൊക്കംഅനുസരിച്ച് ഒന്നുമുതൽ നാലുവരെ ചെറിയവാതിലുകൾ വച്ചിരിക്കണം. തണ്ടുകൾക്കു കട്ടിയുള്ള വിളവുകൾ, പുല്ലുകൾ മുതലായവ ഒന്നോ രണ്ടോ അംഗുലം നീളത്തിൽവെട്ടി ഉപയോഗിച്ചാൽ സൈലോ നിറയ്ക്കുന്നതിനു സൗകര്യമായിരിക്കും. കന്നുകാലികൾക്കു തിന്നുന്നതിനും അതാണ് രുചികരവും നല്ലതും. രണ്ടു മൂന്നടി നിറയുമ്പോൾ അവ ചവിട്ടി നിരപ്പാക്കണം. ഇഷ്ടികകൊണ്ടുണ്ടാക്കീട്ടുള്ള സൈലോവിൽ ആദ്യത്തെ വാതിലിനു സമം പുല്ല് നിറച്ചശേഷം ആ വാതിൽ അടച്ച് രണ്ടാമത്തെ വാതിൽ വഴി നിറയ്ക്കാം. ഇങ്ങനെ മുഴുവൻ നിറഞ്ഞാൽ മേൽഭാഗത്തു അരയടിഘനത്തിൽ മണ്ണ് വെള്ളം ചേർത്തു ചവിട്ടി കുഴച്ച് മൂടണം. പുല്ല് നിറയ്ക്കുമ്പോൾ സൈലോവിൽ കാററ് നിൽക്കാതെ സൂക്ഷിക്കണം. പച്ചപ്പുല്ല് മുതലായവ ഒരു സ്ഥലത്തു ശേഖരിച്ചു കുറച്ചുദിവസം കഴിഞ്ഞുനോക്കിയാൽ ചൂടുള്ളതായിരിക്കും. അവയിൽ ഉണ്ടാകുന്ന രസായനരൂപാന്തരമാണതിനു കാരണം. ഇതിൻെറ ഫലമായി ചെടികളിലുള്ള സ്റ്റാർച്ച് ആദ്യം പഞ്ചസാരയായും ഒടുവിൽ ചില ദ്രാവകങ്ങളായും തീരും. പഞ്ചസാരയുംമററും ഉണ്ടാകുന്ന സമയം സൈലേജിനു വാസനയും മധുരരസവും, ദ്രാവകങ്ങൾ ഉണ്ടാകുമ്പോൾ പുളിരസവും ഉണ്ടാകും. ഇങ്ങനെ പുളിരസം വരാതിരിക്കാൻ സൈലോവിൽ കാററു കടക്കാതിരുന്നാൽ മതി.

ഇവ 6 മാസം മുതൽ ഒരു കൊല്ലം വരെ ഉപയോഗിക്കാം. ഇതിൻെറ ഉപയോഗം വേനൽക്കാലത്താണ്. സൈലേജ് ആദ്യമായി പുറത്തേക്കെടുക്കുമ്പോൾ മൂടിയിട്ടുള്ള മണ്ണ് അശേഷം മാററാതെ അല്പം സ്ഥലത്തുള്ള മണ്ണുമാത്രം മാററി ആയിരിക്കണം. ചിലപ്പോൾ മുകളററത്തുള്ള സൈലേജ് കുറ്റെനിറത്തിലായിരിക്കാം. അതു മാററി അടിവശത്തുള്ളതു എടുത്തു ഉപയോഗിക്കണം. ആവശ്യാനുസരണം എടുത്തു കഴിഞ്ഞാൽ മണ്ണു മാററിയ സ്ഥലത്തു പലകവച്ച് മണ്ണു പൂശി സൂക്ഷിക്കണം.

പശുക്കൾക്കും കാളകൾക്കും, ഒരു വയസ്സിനുമേൽ പ്രായമുള്ള കിടാക്കൾക്കും സൈലേജ് കൊടുക്കാം. പരിചയമില്ലാത്ത കന്നുകാലികൾ ചിലപ്പോൾ ഇതു തിന്നുന്നതിനു വൈമുഖ്യം കാണിക്കുന്നപക്ഷം ഇതിനോടു വയ്ക്കോലോ പുല്ലോ അല്പമായി കലർത്തിക്കൊടുത്താൽ നാലഞ്ചുദിവസംകൊണ്ടു ശീലം ഉണ്ടായിക്കൊള്ളും. പശുക്കൾക്കും കാളകൾക്കും ഒരു ദിവസം 10 മുതൽ 30 വരെ റാത്തൽ മററുള്ള തീററികളോടുകൂടി കൊടുക്കാം. സുഖക്കേടുള്ള കന്നുകാലികൾക്കു ഇതു വിശേഷമായ ആഹാരസാധനമാകുന്നു. പശുക്കൾക്കു പാൽ കൂടുതൽ ഉണ്ടാകാനും ഇതു ഉത്തമമാണ്. സൈലേജിനുള്ള ഗുണങ്ങൾ എന്തെല്ലാമെന്നു നോക്കുക:

കന്നുകാലികൾക്കു ഏററവും രുചികരമായ ആഹാരസാധനമാണ്. ഇതു ഉണങ്ങാത്ത വസ്തുവാകയാൽ കന്നുകാലികൾ ഉത്സാഹമായി തിന്നുകൊള്ളും. ഇതു ഏതു സമയത്തും ഉണ്ടാക്കാം. വർഷക്കാലത്തു വയ്ക്കോൽ ഉണക്കി എടുക്കാനുള്ള പ്രയാസം ഇതിനില്ല. പലമാതിരി പുല്ലുകൾ, കന്നുകാലികൾ പരിത്യജിച്ച കളകൾ മുതലായവ സൈലേജിനു ഉപയോഗിക്കാം. ശേഖരിച്ച് സൂക്ഷിക്കുന്നതിൽ തീ (വയ്ക്കോലിനെപ്പോലെ) പിടിച്ചേക്കുമെന്നു ഭയപ്പെടാനില്ല. ചിലവു വളരെ കുറവ്. രോഗമുള്ള കന്നുകാലികൾക്കുപോലും ഉത്തമാഹാരമാണ്. കറവപ്പശുക്കളിൽ നിന്നു പാൽ കൂടുതൽ കിട്ടും.

മേൽപ്പറഞ്ഞ ഗുണങ്ങൾ പരിചിന്തനംചെയ്തു ഓരോ കന്നുകാലി ഉടമസ്ഥനും സൈലേജ് നിർമ്മിച്ച് താന്താങ്ങളുടെ കാലികൾക്കു തീററി നൽകാൻ ശ്രമിക്കേണ്ടതാകുന്നു.

——



ക. നി. മൂ. സ. പെ.

ബ. മക്കോസച്ചൻ,

ബ. മർസലച്ചൻ എന്നിവരുടെ സഹോദരി, പരേതയായ ക. നി. മൂ. സ. ബ. സിസ്റ്റർ മേരി ഡൊറൊത്തിയായുടെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാറാകണം.

ജനനം

11—2—1919—

മരണം

18—1—1948.

ഈ. മ. യ.

## മേലുകാവ്

വി. തോമാശ്ലീഹായുടെ നാമത്തിൽ മേലുകാവു പണിചെയ്തിരിക്കുന്ന പുതിയ ദേവാലയത്തിൻെറ ആശീർവാദകർമ്മം ചങ്ങനാശ്ശേരിമെത്രാൻ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു.

## അങ്കമാലി

സ്ഥലം വിൻസെൻറു ഡി പോൾ സംഘത്തിൻെറ ദ്വിതീയ വാർഷികസമ്മേളനം രാജശ്രീ എൽ. എം. പൈലി എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ജാനുവരി 2-ാനു- നടന്നിരിക്കുന്നു. തദവസരത്തിൽ ശ്രീ ടി. ജെ. ജോർജ്ജ് എം. എ. ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

## ചോദ്യോത്തരപംക്തി

**ചോ:** പന്ത്രണ്ടു അപ്പസ്തോലന്മാരുടെ പേരുകൾ ഏവ? പീലിപ്പോസ് ശ്ലീഹായല്ല എന്നു നടപടി 6-5-ൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്കു അദ്ദേഹത്തെ ശ്ലീഹന്മാരുടെ ഗണത്തിൽ ചേർക്കാൻ കാരണമെന്തു?

**ഉ:** പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകൾ അറിയുന്നതിനു വി. മത്തായിയുടെസുവിശേഷം 10-ാം അദ്ധ്യായം വായിക്കുക. നടപടി 6-5-ലും നടപടി 8-12-ലും പറയുന്നതു ശ്ലീഹായായ പീലിപ്പോസിനെപ്പററിയല്ല. അവിടെപറയുന്നപീലിപ്പോസ് ഒരു ശമ്മാശൻ (ഡീക്കൺ) മാത്രമായിരുന്നു. ആകയാൽ രണ്ടുപീലിപ്പോസുമാരുണ്ടായിരുന്നെന്നു ഗ്രഹിക്കണം.

**ചോ:** ഹൈന്ദവമുറപ്രകാരം വിവാഹം ചെയ്തിരുന്ന ദമ്പതിമാർ കത്തോലിക്കാസഭയിൽ ചേർന്നു ക്രിസ്തീയ മുറപ്രകാരം വിവാഹം കഴിക്കുന്നു. കുറെനാൾ കഴിയുമ്പോൾ ഭർത്താവു ഭാര്യയെ ഉപേക്ഷിച്ചു വേറൊരു മതത്തിൽ ചേർന്നു വിവാഹം കഴിക്കുന്നു. ഭാര്യക്കു ക്രിസ്തീയ വിധിപ്രകാരം വേറൊരാളെ വിവാഹം കഴിക്കാമോ?

**ഉ:** പാടില്ല. ഭർത്താവിൻെറ മരണശേഷം മാത്രമേ വേറൊരാളെ വിവാഹം കഴിക്കാവൂ. ഭർത്താവു നടത്തിയ പുനർവിവാഹവും അസാധുവാണ്.

## പാചകയോഗം

മസാലവട

(കുടുംബിനി)

നാഴി കടലപ്പരിപ്പ്, നാഴി വെളിച്ചെണ്ണ, 8 കപ്പൽ മുളക്, 15 പച്ചമുളക്, 6 ചുള ഉള്ളി, 2 ഇതൾ വേപ്പില, ഒരു കഷണം മഞ്ഞൾ, കുറച്ചു ഉപ്പ്.

കടലപ്പരിപ്പ് വെള്ളത്തിലിട്ടു കുതിർത്തിയശേഷം കല്ലിൽ വച്ച് ചതച്ചെടുക്കുക. അതോടുകൂടി കപ്പൽ മുളക്, മഞ്ഞൾ ഇവ അരച്ചും, പച്ചമുളക്, ഉള്ളി, വേപ്പില ഇവ അരിഞ്ഞും ചേർക്കുക. എല്ലാംകൂടി കുഴച്ചുയോജിപ്പിച്ച് പാകത്തിനു ഉപ്പും ചേർത്തു വയ്ക്കുക. അതിൽനിന്നും ഓരോ ചെറുനാരങ്ങ വലിപ്പത്തിൽ ഉരുട്ടിയെടുത്തു വെളിച്ചെണ്ണ പുരട്ടിയ ഇലയിൽ വച്ച് വടപോലെ പരത്തി ഒരു ചീനച്ചട്ടിയിലോ മററോ തിളപ്പിച്ചിട്ടുള്ള വെളിച്ചെണ്ണയിലിട്ടു മൊരിച്ചെടുത്തു ഉപയോഗിക്കാവുന്നതാണ്.

## അനുദിനചിന്തകൾ

(വി. കുരിശിൻെറ യോഹന്നാൻ)

(P. P.)

23 കഷ്ടാരിഷ്ടതകളെ സ്നേഹിക്കുക.

24 ദുഃഖദുരിതങ്ങളെ എളിമയോടെ സഹിക്കുക.

25 നിന്നെ പ്രതി കുരിശുമരണമടഞ്ഞ നാഥനെ നീ പ്രസാദിപ്പിക്കുക.

26 കുരിശുകൂടാതെ, കുരിശിൽ തൂങ്ങിയ മിശിഹായെ നീ അന്വേഷിക്കേണ്ട.

27 കുരിശിനെ ആഗ്രഹിക്കാത്തവൻ മഹത്വത്തേയും ആഗ്രഹിക്കുകയില്ല.

28 ക്രിസ്തുവിനെ അനുകരിക്കാത്ത ജീവിതം വ്യർത്ഥമായതാകുന്നു.

29 ക്രിസ്തുവിനു വേണ്ടി സഹിക്കാൻ അറിഞ്ഞുകൂടാത്തവനു എന്തറിയാം?

30 കഷ്ടത സഹിക്കുന്നതിൻെറ തോതനുസരിച്ചത്രെ മഹത്വത്തിൻെറ വലിപ്പചെറുപ്പം സ്ഥിതിചെയ്യുന്നതു.

31 സമ്മാനവും ആശ്വാസവും ആഗ്രഹിക്കുന്നവർ ധാരാളം. ബുദ്ധിമുട്ടും ദുഃഖങ്ങളും ആഗ്രഹിക്കുന്നവർ വളരെ ചുരുക്കം.

## ചിററാട്ടുകര

ചിററാട്ടുകര വേദപ്രചാരസംഘത്തിൻെറ രജതജൂബിലി ജാനുവരി 6-ാംനു- റവ. ഡോക്ടർ ജോസഫ് ഏററുമാനൂക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

ചെറുകഥ

# വിതയും കൊയ്ത്തും

(ജയിംസ് കെ. സി., മണിമല)

അദ്ദേഹം ഒരു വൈദികനാണ്. "കൊയ്ത്തുവളരെ. പക്ഷേ വേലക്കാർ ചുരുക്കം" എന്നുള്ള ദിവ്യാഹ്വാനത്തെ ആദരിച്ചു പ്രേഷിതരംഗത്തിറങ്ങി അനുസ്യൂതം അദ്ധ്വാനിച്ച ഒരു ത്യാഗിവര്യൻ.

വാർദ്ധക്യം അതിനു ചെയ്യാവുന്നിടത്തോളം സേവനം ആ ശരീരത്തിൽ അനുഷ്ഠിച്ചിട്ടുണ്ട്. ആ ശുഷ്കപാണികൾ ഒട്ടേറെ ജനങ്ങളിൽ ജ്ഞാനസ്നാനമുദ്ര പതിച്ചതാണ്. ആ മങ്ങിയ നേത്രങ്ങൾ ജീവിതത്തിലെ ഒട്ടേറെ പരിവർത്തനങ്ങൾ കണ്ടിട്ടുണ്ട്. ജീവിതമരണങ്ങളുടെ ദ്വന്ദ്വയുദ്ധത്തിൽ നിഷ്ക്രിയനായി നിസ്സഹായനായി എത്ര തവണ അദ്ദേഹം നോക്കിനിന്നിട്ടില്ല! അനശ്വരമായ ആത്മാവിന്റെ വില അറിയാവുന്ന ആരും തന്നെ മരണത്തിന്റെ ഭീകരതകൾക്കു മുമ്പിൽ നടുങ്ങുകയില്ല!

ഫാദർ സൈമൺ ആ ഗ്രാമത്തിൽ മിഷൻവേല തുടങ്ങിയിട്ട് പന്ത്രണ്ടിൽപ്പരം വർഷങ്ങളായി. അവിടെയുള്ള ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും അദ്ദേഹത്തിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരാണ്. മതവൈരാഗ്യമുള്ള അക്രൈസ്തവരിൽ പലരും അദ്ദേഹത്തോടു സംസാരിക്കാൻതന്നെ മടിയാണ്. അദ്ദേഹത്തിന്റെ നാവിന് എന്തോ മാന്ത്രികശക്തിയുണ്ടെന്നാണ് അവരുടെ വിശ്വാസം. സൗമ്യവും സൗഹാർദ്ദപരവുമായ ആ ഉപദേശങ്ങൾ അവഗണിച്ചു പിന്തിരിയാൻ ആർക്കുംതന്നെ സാദ്ധ്യമല്ല.

ആ ഗ്രാമത്തിൽ ഏതെങ്കിലും ഒരു ക്രിസ്ത്യാനിയുടെ മരണവേളയിൽ ഫാദർ സൈമൺ സന്നിഹിതനാകാതിരുന്നിട്ടില്ല. മാർഗ്ഗദൈർഘ്യമോ യാത്രാക്ലേശമോ ഒന്നും ഇക്കാര്യത്തിൽ അദ്ദേഹത്തിനു പ്രതിബന്ധമായിരിക്കുകയില്ല. ഈ പരസ്നേഹതീക്ഷ്ണതമൂലം അന്നാട്ടിലെ പുതുക്രിസ്ത്യാനികൾക്ക് അദ്ദേഹം ഒരാലംബമായിരുന്നു.

നാലഞ്ചുമാസക്കാലമായി ആ വന്ദ്യവയോധികൻ ശയ്യാവലംബിയായിട്ട്. പ്രായാധിക്യവും രോഗാധിക്യവും ഒന്നുചേർന്ന് അദ്ദേഹത്തിന്റെ പരസ്നേഹപ്രവർത്തനങ്ങളെ ഗ്രസിച്ചുകളഞ്ഞു. എങ്കിലും ആ മെലിഞ്ഞ ശരീരത്തിനുള്ളിൽ നിബദ്ധമായിരുന്ന ഹൃദയത്തിൽ ത്യാഗാദർശം തിളങ്ങിനിന്നിരുന്നു. പട്ടിണിപ്പാവങ്ങളിൽ പലരും അപ്പോഴും അദ്ദേഹത്തിന്റെ ദാനശീലത്തെ ആശ്രയിക്കുന്നുണ്ട്. അവർ കരുതിപ്പോന്നു, "പാതിരി വലിയ പണക്കാരനാ"ണെന്നു. പക്ഷേ ചികിത്സയ്ക്കുവേണ്ട പണമില്ലാത്തതുകൊണ്ടാണ് അദ്ദേഹം ആ ഗ്രാമംവിട്ട് എങ്ങോട്ടും പോകാത്തതെന്നുള്ള പരമാർത്ഥമൊന്നും അവർ മനസ്സിലാക്കിയിരുന്നില്ല.

അന്നൊരു ശനിയാഴ്ചയാണ്. മുപ്പതു മൈൽ ദൂരെയുള്ള ഒരാശ്രമത്തിൽനിന്നും ആഗതനായ ഒരു യുവവൈദികൻ അദ്ദേഹത്തിന്റെ അടുത്തുണ്ട്.

"ഫാദർ!" യുവവൈദികൻ പറഞ്ഞു. "വൈഷമ്യബഹുലം വേദപ്രചാരവേല. പലപ്പോഴും ഉദ്ദേശിക്കുന്നത്ര ഫലവത്തായിത്തോന്നുന്നുമില്ലല്ലോ."

ആ വൃദ്ധനേത്രങ്ങൾ ഉദ്ദീപ്തങ്ങളായി. ആ വിളറിയ ചുണ്ടുകളിൽ ഒരു മന്ദഹാസമരവി പരന്നു. "വിതയും കൊയ്ത്തും ഒരേ കാലത്തു സാധിക്കുകയില്ലല്ലോ." അദ്ദേഹം പറഞ്ഞു "നമുക്കു ജാഗ്രതാപൂർവ്വം കൃഷിയിറക്കാം. കാലമല്ലേ വിളവെടുക്കുന്നതു്."

"അതെ, എങ്കിലും പ്രവർത്തനസാഫല്യം ഉപരികൃത്യങ്ങൾക്ക് ഒരുത്തേജനം നൽകുമല്ലോ." ഫാദർ മാത്യു—യുവവൈദികൻ—വീണ്ടും പറഞ്ഞു.

"അച്ചാ! അങ്ങയുടെ ജിജ്ഞാസയെ ഒന്നൊതുക്കി നിറുത്തിക്കൊണ്ടു എന്റെ ആത്മകഥയിലെ ഒരു സംഭവം കേട്ടാലും." അദ്ദേഹം പറഞ്ഞുതുടങ്ങി.

"അന്നു ഞാൻ തിരുവെങ്കിടപുരത്തു മിഷൻപ്രവർത്തനങ്ങൾ നടത്തുകയായിരുന്നു. പകൽ മുഴുവൻ വളരെ ക്ലേശിച്ചു പലയിടത്തും സഞ്ചരിക്കേണ്ടിവന്നു. ഒട്ടധികം മരണാസന്നർക്കു അന്നു ഞാൻ അന്ത്യകൂദാശ നൽകിക്കഴിഞ്ഞിരുന്നു.

രാത്രി എട്ടു മണിയായി. ഉറക്കം എന്നെ വല്ലാതെ അലട്ടിത്തുടങ്ങുകയാൽ ഞാൻ ശയ്യാവലംബിയായി. ആരോ കതകിൽമുട്ടി. "ആരാണ്?" ഞാൻ വിളിച്ചുചോദിച്ചു.

"ഞാനാണച്ചാ. ഇസഹാക്കുപദേശി."

"എന്താണത്യാവശ്യം?"

"ശങ്കരറാവുവിന്റെ മകൻ മരണാസന്നനായിരിക്കുന്നു. അച്ചൻ ഉടനെ വരണം."

എന്റെ സ്മൃതിപഥം ഉദ്ദീപ്തമായി. ഉറക്കം എന്റെ കൺപീലികളെ നിർദ്ദയമായി അമർത്തിക്കൊണ്ടിരുന്നു. എങ്കിലും പുറപ്പെടാതിരിക്കുന്നതു കൃത്യവിലോപമായി എനിക്കു തോന്നി. നാലഞ്ചു മൈൽ ദൂരെനിന്നുമാണ് ഉപദേശി എന്നെ അന്വേഷിച്ചുവന്നിരിക്കുന്നതു്. അയാളോടു ഒഴിവുകഴിവുകൾ പറഞ്ഞയക്കാൻ എങ്ങനെതോന്നും? മരണാസന്നനായ ഒരു രോഗിയുടെ വിവരം അറിഞ്ഞ വൈദികൻ അനുഷ്ഠിക്കേണ്ടതെന്തെന്നു അധികമൊന്നും ചിന്തിക്കേണ്ടതില്ലല്ലോ.

ഒരു കാളവണ്ടി കൊണ്ടുവരാൻ ഞാൻ വേലക്കാരനു നിർദ്ദേശം നൽകി. അയാൾ അരമണിക്കൂറിനുള്ളിൽ ആരുടെയോ ഒരു വണ്ടി വാടകയ്ക്കു വാങ്ങിക്കൊണ്ടുവന്നു.

ഞങ്ങൾ യാത്രയായി. ഏതാണ്ടു രണ്ടു മൈൽദൂരം യാത്ര വലിയ ക്ലേശകരമായിത്തോന്നിയില്ല. അവിടെ ഒരു ചെറുനദി ഞങ്ങളെ പ്രതിരോധിച്ച് ഇരുകരകളും തകർത്തൊഴുകിക്കൊണ്ടിരുന്നു. അടുത്തുള്ള ഒരു കടത്തുകാരനെ ഞങ്ങൾ ആശ്രയിച്ചു. ഒഴുക്കിന്റെ ശക്തി കുറഞ്ഞല്ലാതെ മറുകര എത്തുവാൻ മാർഗ്ഗമില്ലെന്നു അയാൾ പറഞ്ഞു. ഒരു മണിക്കൂറോളം അവിടെ കാത്തിരുന്നശേഷം മറുകരെ എത്തി. വേലക്കാരൻ വണ്ടിയും സൂക്ഷിച്ചുകൊണ്ട് അവിടെത്തന്നെയിരുന്നു.

പിന്നത്തെ യാത്ര എങ്ങനെയായെന്നു എനിക്കു നല്ല നിശ്ചയമില്ല. പലയിടത്തും കാലുകൾ മുട്ടോളം ചെളിയിൽ താണുപോയിട്ടുണ്ട്. ചെളിക്കുഴികളിൽ അറിയാതെ വീണതായും ഓർമ്മിക്കുന്നു. എങ്ങൊക്കെയോ പാമ്പുകളെ ചവുട്ടിയതായും തോന്നുന്നു. ദൈവഗത്യാ അവ അതറിഞ്ഞില്ലെന്നുമാത്രം. പാറക്കൂട്ടങ്ങളും കുന്നുകളും ഒട്ടേറെ ഞാൻ അന്നു ചവിട്ടിത്തള്ളി. രാത്രി പതിനൊന്നുമണിയോടുകൂടി ഉദ്ദിഷ്ടസ്ഥലത്തു ചെന്നെത്തിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഉടൻതന്നെ ഞങ്ങൾ രോഗിയെ സന്ദർശിച്ചു. ഞാൻ അയാളെ നിത്യയാത്രയ്ക്കൊരുക്കി. "കൊല്ലാൻ വന്നിരിക്കുന്നു, കുള്ളപ്പരിഷകൾ, എന്റെ കുഞ്ഞിനെ കൊല്ലാൻ വന്നിരിക്കുന്നു" എന്നു ശങ്കരറാവു അട്ടഹസിച്ചു. മകന്റെ മതപരിവർത്തനത്തിൽ അയാൾ അമർഷം പൂണ്ടിരുന്നെങ്കിലും അവനെ അത്യധികം സ്നേഹിച്ചിരുന്നു.

അന്ന് ഉപദേശിയുടെ വാസസ്ഥലമായിരുന്നു എന്റെ ഉറക്കറ. ഒരു നീളംകൂടിയ ഷെഡ്ഡിന്റെ ഒരു മൂലയിൽ ഓലകൊണ്ടു മറച്ച ഒരു ചെറിയ മുറിയിൽ ഞാൻ, ഉപദേശി, അയാളുടെ മുന്നാട്, നാലഞ്ചു കോഴി, ഒരു പട്ടി ഇത്രയുമംഗങ്ങൾ സുഖമായി കഴിച്ചുകൂട്ടി. ഒരു പലകയിൽ വയ്ക്കോൽ നിരത്തി തുണി വിരിച്ച് അയാൾ എനിക്കു കിടക്ക തയാറാക്കിയിരുന്നു. കോഴിയുടെ പിടയലും ആടിന്റെ ഇളകിച്ചാട്ടവും, പട്ടിയുടെ മുരൾച്ചയും എല്ലാംകൂടെ എന്റെ നിദ്രാദേവതയെ വല്ലാതെ ബാധിച്ചു. പോരെങ്കിൽ പേമാരിയും തുടങ്ങി. ഞങ്ങളുടെ ദയനീയസ്ഥിതി കണ്ടു മേൽപ്പുരകൂടെ കണ്ണീർ പൊഴിച്ചുതുടങ്ങി. ഈ ത്യാഗങ്ങളൊക്കെ സഹിച്ച് അന്നാട്ടിലെ പുതുക്രിസ്ത്യാനികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഉപദേശിയുടെ പ്രവർത്തനതീക്ഷ്ണതയെ ഞാൻ സർവ്വാത്മനാ അഭിനന്ദിച്ചു.

പ്രഭാതമായി. ഞാൻ തിരിച്ചുപോന്നു. നദിയിലെ ജലപ്പെരുപ്പം ശമിച്ചിരുന്നില്ല. അതിനാൽ അപ്പോഴും ആ കടത്തുകാരന്റെ ഓടത്തെ ആശ്രയിക്കേണ്ടിവന്നു. ഞാൻ കൊടുത്ത പ്രതിഫലം കേവലം തുച്ഛമായിരുന്നതിനാൽ അയാളുടെ പരിഹാസപാരുഷ്യവും സഹിക്കേണ്ടിവന്നു.

ഏകദേശം പത്തുമണിയോടുകൂടി ഞാൻ വാസസ്ഥലത്തു വന്നെത്തി. ശക്തിയായ പനിയും നെഞ്ചുവേദനയും എന്നെ ബാധിച്ചിരുന്നു. അന്നുമുതൽ എന്റെ കട്ടിൽ ഒരു രോഗശയ്യയായിത്തീരുമെന്നു ഞാൻ വിചാരിച്ചു.

ഉടൻതന്നെ വീണ്ടും ആരോ വന്നു വിളിച്ചു. "അച്ചാ അയാൾ ഇപ്പോൾത്തന്നെ മരിച്ചുപോകും. ഇന്നു ഞാൻ മൂന്നു പ്രാവശ്യം ഇവിടെ വന്നിരുന്നു. ഇപ്പോഴേ അങ്ങയെ കാണാൻ കഴിഞ്ഞുള്ളൂ. ഉടൻതന്നെ വരണം." അയാൾ ഒറ്റശ്വാസത്തിൽ ഇത്രയും പറഞ്ഞു നിറുത്തി.

എനിക്കു ഒരടിപോലും നടക്കാൻ ശക്തിയുണ്ടായിരുന്നില്ല. എങ്കിലും എങ്ങനെയോ എന്റെ പാദങ്ങൾ ചലിച്ചു. രണ്ടു മൈൽ ദൂരെയുള്ള ആ പാവപ്പെട്ട ഭവനത്തിൽ ഞാൻ ചെന്നു. ഒരു പലകക്കട്ടിലിൽ നീണ്ടുനിവർന്നു കിടക്കുകയാണ് ആ രോഗി. മരണത്തിന്റെ വെല്ലുവിളിയെന്നപോലെ ഒരു "കുറുകുറാ" ശബ്ദം മാത്രം കേൾക്കാം.

ആ ചെററപ്പുരയും ഏഴു വയസ്സുമാത്രം പ്രായമുള്ള ഒരാൺകുട്ടിയുമായിരുന്നു അയാളുടെ സമ്പാദ്യങ്ങൾ. ഭക്തിപരമായ ജീവിതത്തിലും മതതീക്ഷ്ണതയിലും അയാൾ മററാരെയും പിന്നിട്ടിരുന്നു. ഒരാഴ്ച മുമ്പാണ് ഞാനയാൾക്കു ദിവ്യകാരുണ്യം നൽകിയതു്. അയാൾ പറഞ്ഞു: "അച്ചാ മരിക്കുന്നതിനു എനിക്കു സങ്കടമില്ല. പക്ഷേ തള്ളയില്ലാത്ത ഈ കുഞ്ഞിന്റെ കാര്യം ഓർക്കാൻപോലും എനിക്കു വയ്യാ." അത്രമാത്രമേ അയാൾക്കു ഖേദമുണ്ടായിരുന്നുള്ളൂ.

ഞാൻ ആ രോഗിക്ക് അന്ത്യശുശ്രൂഷകൾ ചെയ്തു. അധികതാമസമെന്യേ മരണം അതിന്റെ ക്രൂരകൃത്യം നിർവ്വഹിച്ചു. നിരാധാരനായ ആ ബാലൻ മൃതശരീരത്തിൽ കെട്ടിപ്പിടിച്ചു കരയുന്നരംഗം ഇപ്പോഴും എന്റെ സ്മൃതിപഥത്തിൽ മായാതെ നിൽക്കുന്നു. ഇത്തരം എത്ര ദയനീയരംഗങ്ങൾ കണ്ടുകഴിഞ്ഞതാണ് ഈ മങ്ങിയ നേത്രങ്ങൾ!" ഒരു നീണ്ട നെടുവീർപ്പോടുകൂടെ അദ്ദേഹം പറഞ്ഞവസാനിപ്പിച്ചു. ആ വൃദ്ധനേത്രങ്ങളിൽ അശ്രുകണങ്ങൾ പൊടിച്ചുവന്നു.

ഫാദർ മാത്യുവിന്റെ പ്രജ്ഞാവേദിയിലെ കരിനിഴലുകളെ കുത്തിപ്പിളർന്നുകൊണ്ടു ഒരു മിന്നൽപ്പിണർ പാഞ്ഞുപോയി. "ആ ബാലന്റെ പിന്നീടുള്ള വിവരങ്ങൾ വല്ലതുമറിയാമോ?" അദ്ദേഹം സോൽക്കണ്ഠം ചോദിച്ചു.

ഫാദർ സൈമൺ വീണ്ടും തുടർന്നു. ഞാൻ അവനെ ബനഡിക്റ്റൻ സഭക്കാരുടെ ഒരനാഥശാലയിൽ ഏല്പിച്ചു. ഏഴെട്ടുവർഷത്തേക്കു ആ സ്ഥാപനത്തിന്റെ മാനേജർ അവന്റെ വിവരങ്ങൾ എന്നെ അറിയിച്ചിരുന്നു. അവൻ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയെന്നും സെമിനാരിപ്രവേശനത്തിനുവേണ്ട സ്വഭാവസംസ്കരണം സമ്പാദിച്ചിട്ടുണ്ടെന്നുമായിരുന്നു ഏററവുമൊടുവിൽ കിട്ടിയ കത്തിലെ താല്പര്യം. അതിൽ പിന്നെ യാതൊന്നുമറിഞ്ഞുകൂടാ.

"ഗുരോ ക്ഷമിച്ചാലും. പിന്നീടുള്ള സമസ്തവിവരങ്ങളും ഞാൻതന്നെ അങ്ങയെ ധരിപ്പിക്കാം." ഫാദർ മാത്യു അശ്രുകലുഷിതനയനങ്ങളോടെ ആ വന്ദ്യവയോധികന്റെ ശുഷ്കപാണികളെ ചുംബിച്ചു.

"എന്ത്! ജഗദീശാ ഇതു് എന്റെ അന്ത്യവേളയിലെ വെറുമൊരു പേക്കിനാവോ?" ഫാദർ സൈമൺ പിടഞ്ഞെഴുന്നേററു ആ യുവവൈദികനെ മാറോടണച്ചു.

"അല്ല, അങ്ങയുടെ ആത്മാർത്ഥസേവനങ്ങളിൽ ഒന്നിന്റെ സാഫല്യദർശനം." ഫാദർ മാത്യു ആ രോഗശയ്യയിലിരുന്നു് വൃദ്ധഗുരുവിനെ സ്വവക്ഷസ്സിൽ ചാരിക്കിടത്തി. "അഭിവന്ദ്യതാതാ! അനന്തരം ഞാൻ വൈദികപഠനാർത്ഥം കാൺഡി സെമിനാരിയിലേക്കയക്കപ്പെട്ടു. ദൈവാനുഗ്രഹത്താൽ അധികാരികളുടെ കണ്ണിലുണ്ണിയായി ശോഭിക്കുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു. അങ്ങനെ ദിവ്യനാഥന്റെ ധർമ്മഭടസംഘത്തിലെ പൗരോഹിത്യപദവിയും എനിക്കു ലബ്ധമായി. ഇപ്പോൾ ഏതാനും ദിവസങ്ങളായുള്ള കുടപ്പുരം മിഷൻപള്ളിയുടെ വികാരിയായി ഞാൻ നിയുക്തനായിട്ട്. അങ്ങു രോഗാതുരനായി ഇവിടെക്കിടക്കുന്നുവെന്നു് എന്നെ അറിയിച്ചയാളിനു് ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു. ഇതിൽപ്പരം ഒരു സൗഭാഗ്യം എനിക്കിനി കൈവരാനില്ലല്ലോ. ദൈവപരിപാലനയുടെ അദൃശ്യഗതികൾ ആർക്കു ഗ്രഹിക്കാം."

ഫാദർ സൈമന്റെ ജരാബാധിതമായ ശരീരത്തിൽ ചരിതാർത്ഥ്യം പുളകം ചാർത്തി. ദീർഘനിശ്വാസങ്ങൾ ആ ക്ഷീണിച്ച വക്ഷസ്സിനെ കൂടെക്കൂടെ ചലിപ്പിച്ചു.

* * *

അന്നു പകൽ അന്ത്യശ്വാസം വലിക്കുന്നതിനുമുമ്പ് ഫാദർ സൈമന്റെ വസതിയുടെ മുമ്പിൽ ഒരു അംബുലൻസുകാർ വന്നെത്തി. തദ്ദേശവാസികളിൽ ചിലരുടെ സഹായത്തോടുകൂടി ഫാദർ മാത്യു തന്റെ അഭിവന്ദ്യ പുരോഗാമിയുടെ മെലിഞ്ഞ ശരീരം കാറിൽക്കയററി. സേവനനിരതനായ ആ മിഷനറി ആ ഗ്രാമത്തോടു യാത്രപറഞ്ഞു. അന്നാട്ടിലെ സാധുജനങ്ങൾ കാറിനു ചുററും വന്നുനിന്നു് വിങ്ങി വിങ്ങി കരഞ്ഞു.

ആ യാന്ത്രികവാഹനത്തിന്റെ ചക്രങ്ങൾ ഒരു വിശ്രമസങ്കേതത്തിലേക്കുരുണ്ടു. ദൂരെനിന്നും ഓടിയടുത്തിരുന്ന അന്ധകാരച്ചുരുളുകൾ തള്ളിനീക്കിക്കൊണ്ട് അതു വിദൂരതയിൽ മറഞ്ഞു.

* * *

സംഭവചക്രമുരുണ്ടു. മിഷൻ പ്രവർത്തനങ്ങളും മാനസാന്തരങ്ങളും അനുസ്യൂതം തുടരുന്നു. ഫാദർ മാത്യു ഇപ്പോൾ തിരുവെങ്കിടപുരം മിഷൻപള്ളിയുടെ ഭരണത്തിനു നിയുക്തനായിരിക്കുകയാണ്. അവിടെ ഒരു കുടുംബസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. ഭിന്നസമുദായാവലംബികളായ നൂറിൽപ്പരം കുടുംബാംഗങ്ങൾ അവിടെ സമ്മേളിച്ചിരുന്നു. ഒരു ന്യൂനപക്ഷം മാത്രം കത്തോലിക്കരുമായിരുന്നു.

അവരുടെ വയോവൃദ്ധയായ കുടുംബനാഥ, എല്ലാവരും കത്തോലിക്കരാകണമെന്നു ശക്തിമായ ഒരുൽബോധനം നടത്തി.

"ഇല്ല, അവിടുന്നതിനു നിർബ്ബന്ധിക്കരുതു്." അക്കൂട്ടത്തിൽ പ്രധാനനായിരുന്ന ഒരു പ്രോട്ടസ്റ്റന്റുകാരൻ പറഞ്ഞു. "കത്തോലിക്കാസഭ മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യത്തെ അമർത്തിനിറുത്താൻ ശ്രമിക്കുന്നു. പ്രോട്ടസ്റ്റന്റു സഭാനിയമങ്ങൾ അത്ര കർക്കശങ്ങളല്ല."

"നിങ്ങളുടെ ഈ അഭിപ്രായം തെററിദ്ധാരണയുടെ ഫലമാണെന്നു എനിക്കറിയാം." കുടുംബനാഥ ഉച്ചസ്വരത്തിൽ പറഞ്ഞു. "ഞാനും എന്റെ മൂന്നുമക്കളും എന്നെന്നും കത്തോലിക്കരായിരിക്കും. ഇരുപത്തഞ്ചുവർഷം മുമ്പ് എന്റെ കുഞ്ഞു മരണാസന്നനായിക്കിടന്നപ്പോൾ എന്തെല്ലാം ക്ലേശങ്ങൾ സഹിച്ചാണ് ആ വന്ദ്യവൈദികൻ വന്നെത്തിയതു്. അദ്ദേഹത്തിന്റെ ത്യാഗാത്മകങ്ങളായ സേവനങ്ങളെ എങ്ങനെ വിസ്മരിക്കാൻകഴിയും. ജീവിതത്തിലെ ഏററവും വലിയ നിസ്സഹായവേളയിൽ—മരണശയ്യയിൽ—ഒരു കത്തോലിക്കനുകിട്ടാവുന്ന സമാശ്വാസം മററാർക്കും ലഭ്യമല്ലെന്നു ഞാൻ വിചാരിക്കുന്നു" ഫാദർ മാത്യു തന്റെ വൃദ്ധഗുരുവിന്റെ ആത്മകഥ ഓർമ്മിച്ചു. "വിതയും കൊയ്ത്തും ഒരുമിച്ചു സാദ്ധ്യമല്ല"—ആ വാചകം അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തിൽ ഒരായിരം തവണ മിന്നിമറഞ്ഞു.

ട്രാവൻകൂർ ഫെഡറൽ ബാങ്ക് ക്ലിപ്തം
H.O. ആലുവാ
ബ്രാഞ്ചസ്
അങ്കമാലി & പെരുമ്പാവൂർ
പലിശനിരക്ക്
6 മാസം 3½%
12 മാസം 4¼%
24 മാസം 4¾%

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ എം. എ., പി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 | ERNAKULAM, JANUARY 19, 1949 | No 22


# രക്ഷാകർത്താക്കൾ സംഘടിക്കണം

കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം കൈവന്നതിൽ നാമെല്ലാവരും സന്തോഷിക്കുന്നുണ്ട്. രണ്ടു സംസ്ഥാനങ്ങളിലും പൊതുതെരഞ്ഞെടുപ്പിന്റെ ഫലമായി അധികാരം വഹിക്കുന്നതും ന്യായമായ പൗരസ്വാതന്ത്ര്യങ്ങളെ ആദരിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധമായിരിക്കുന്ന പാർട്ടികളാണ് എന്നുള്ളത് അതിനെക്കാൾ സന്തോഷാവഹമാണ്. ഈ പാർട്ടികൾ ഇൻഡ്യൻ നാഷണൽ കാൺഗ്രസിൽ ലയിച്ച് ഇൻഡ്യാ ഗവമ്മെണ്ടിന്റെ ഭരണാദർശങ്ങളും നയപരിപാടികളും സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ഭരണതത്വങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭാവി സുരക്ഷിതമാണെന്ന് ന്യായമായി പ്രതീക്ഷിക്കാം. എന്നാൽ ഈ സുരക്ഷിതാവസ്ഥയ്ക്കു ഭംഗംവരുത്തി രാജ്യത്തിൽ അസ്വസ്ഥത ഉണ്ടാക്കുവാനും അതിൽനിന്നു മുതലെടുത്തു അധികാരം പിടിച്ചെടുക്കുവാനും സന്നദ്ധരായിരിക്കുന്ന വിപ്ലവാദർശങ്ങളോടുകൂടിയ വേറെ ചില പാർട്ടികൾ ഉണ്ടെന്നു പ്രസിദ്ധമാണല്ലോ. ഇവർ പ്രസംഗങ്ങളാലും പ്രസിദ്ധീകരണങ്ങളാലും നാടൊട്ടുക്കു പ്രചരണം നടത്തുകമാത്രമല്ല ചെയ്യുന്നത്. കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ അനന്തരഫലമായി ഇന്നാട്ടിലും ഉണ്ടായിരിക്കുന്ന സാമ്പത്തികാവശതകളെ അവസരമാക്കി തൊഴിലാളികളേയും മററു പാവങ്ങളേയും പണിമുടക്കു മുതലായ നിഷിദ്ധനടപടികളിലേക്കു പ്രേരിപ്പിക്കുവാനും തൽഫലമായി നാട്ടിലെ സാമ്പത്തികസ്ഥിതി കൂടുതൽകൂടുതൽ മോശമാക്കി ഒരു വിപ്ലവത്തിനുതന്നെ കളമൊരുക്കുവാനും സകല കഴിവുകളും പ്രയോഗിച്ചു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിധ്വംസകപ്രസ്ഥാനത്തിനു ശക്തികൂട്ടുവാൻ അവർ പുതുതായി കണ്ടുപിടിച്ചിരിക്കുന്ന മാർഗ്ഗം പ്രായവും പക്വതയും വന്നിട്ടില്ലാത്തവരും ഏതു സാഹസത്തിനും മുതിരുവാൻ സ്വതേ വാസനയുള്ളവരുമായ വിദ്യാർത്ഥികളെ കൂട്ടുപിടിക്കുകയാണ്. കോളേജുകളിലും സ്കൂളുകളിലും ഏതാനും മാസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പഠിപ്പുമുടക്കുബഹളങ്ങളും അതിനെത്തുടർന്നുള്ള അനാശാസ്യസംഭവങ്ങളും ഇതിനു തെളിവാണല്ലോ. ഈ ദുർഘടസന്ധിയിൽ മാതാപിതാക്കന്മാരുടേയും മററു രക്ഷാകർത്താക്കളുടേയും അടിയന്തിരമായ കർത്തവ്യമെന്തെന്നു അവർ അവഗാഹം ആലോചിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

കർദ്ദിനാളിന്റെ ഉദ്ബോധനം

ഈയിടെ ഇംഗ്ലണ്ടിൽ ഒരു സ്ഥലത്തു കൂടിയ കത്തോലിക്കാമാതാപിതാക്കന്മാരുടെ ഒരു യോഗത്തിൽ അവിടത്തെ കർദ്ദിനാളായ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങളാണ് ഈ അവസരത്തിൽ ഓർമ്മയിൽ വരുന്നത്.

"ശരിയായതെന്തെന്നു" അറിയാവുന്നവരുടെ കർത്തവ്യം അവരുടെ സ്വരങ്ങളെ കേൾപ്പിക്കുകയാണു്; അല്ലാത്തപക്ഷം അവരുടെ കുററംകൊണ്ടു കാര്യങ്ങൾ മോശമാകും. നിങ്ങൾക്കു ഒരു വോട്ടു നൽകുവാൻ അവകാശമുണ്ടു്; തൽഫലമായി ആ വോട്ടു ഉപയോഗിക്കുവാനുള്ള ചുമതലയുമുണ്ടു്. നിങ്ങൾ അതു ഉപയോഗിക്കുന്നില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തുകൾക്കു കുററമേൽക്കേണ്ടതു നിങ്ങൾതന്നെയാണ്. എന്നാൽ വോട്ടു ഉപയോഗിച്ചതുകൊണ്ടുമാത്രം പൗരന്മാരെന്നനിലയിൽ നിങ്ങളുടെ ചുമതല അവസാനിക്കുന്നില്ല. രാജ്യതന്ത്രജ്ഞന്മാർ ജനഹിതം നിർവഹിക്കുകമാത്രമാണു ചെയ്യുന്നതെന്നു അവർ പലപ്പോഴും ഉരുവിടാറുണ്ടു്. എന്നാൽ നിങ്ങൾ മൗനമവലംബിച്ചാൽ ജനഹിതം എന്തെന്നറിയുവാൻ അവർക്കു മാർഗ്ഗമില്ലല്ലോ. നിങ്ങളുടെ ഹിതമെന്തെന്നു അവരോടു പറയേണ്ടതു നിങ്ങളുടെ കർത്തവ്യമാണ്. അവർ ചെയ്യുന്നതു സ്വാഭാവികനിയമത്തിനോ രാജ്യക്ഷേമത്തിനോ എതിരാണെങ്കിൽ നിങ്ങൾ ഏററവും ശക്തിയായി പ്രതിഷേധിക്കേണ്ടിയിരിക്കുന്നു. നിയമങ്ങൾ പാസാക്കപ്പെട്ടശേഷം പ്രതിഷേധിച്ചതുകൊണ്ടു യാതൊരു ഫലവുമില്ല. രാജ്യകാര്യങ്ങളിലും മുൻസിപ്പൽ കാര്യങ്ങളിലും പ്രവൃത്ത്യുന്മുഖമായ ഭാഗം വഹിക്കുവാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു മുൻസിപ്പൽ കൗൺസിലറായിരുന്ന കൊൺടാർഡോ ഫെരീനി എന്ന മഹാനെ തിരുസ്സഭ ഈയിടെ അനുഗ്രഹീതനെന്നു നാമകരണം ചെയ്തു. അദ്ദേഹം മൂന്നുവർഷക്കാലം മിലാൻപട്ടണത്തിലെ ഒരു കൗൺസിലറായിരുന്നു. നഗരസഭയിലെ കൗൺസിലറന്മാർക്കു അദ്ദേഹം തീർച്ചയായും ഒരു മാതൃകയാണ്. എന്തുകൊണ്ടെന്നാൽ തന്റെ സമയത്തിൽ അധികഭാഗവും കമ്മിററിപ്രവർത്തനങ്ങളിലാണ് അദ്ദേഹം ചെലവാക്കിയതു്. ചുരുക്കം പ്രസംഗങ്ങളേ അദ്ദേഹം ചെയ്തിട്ടുള്ളു. പത്രങ്ങളിൽ അദ്ദേഹത്തെപ്പററി ഒരിക്കലും റിപ്പോർട്ടു ചെയ്തിട്ടുമില്ല. കത്തോലിക്കരെന്ന നിലയിൽ നിങ്ങളുടെ വിശ്വാസത്തേയും മതത്തേയും ദിനംപ്രതിയുള്ള നിങ്ങളുടെ ജീവിതത്തിലേക്കു നിങ്ങൾ പ്രവഹിപ്പിക്കണം. നിങ്ങളുടെ അയൽക്കാരോടു നിങ്ങൾക്കുള്ള കർത്തവ്യത്തെ വാക്കാലോ പ്രവൃത്തിയാലോ നിറവേററുവാനുള്ള ഒരവസരവും നിങ്ങളൊരിക്കലും നഷ്ടപ്പെടുത്തരുത്. ഇതിന്റെ അർത്ഥം ശരിയായ പ്രവർത്തനപദ്ധതിയേതെന്നു നിങ്ങൾ മററുള്ളവരെ അറിയിക്കണമെന്നാണ്; ആ പദ്ധതിയനുസരിച്ചു നിങ്ങൾതന്നെ പ്രവർത്തിക്കണമെന്നുമാണ്. അവസാനമായി, നിങ്ങളുടെ അപദാനങ്ങളെ പൊതുജനസേവനത്തിനും രാജ്യക്ഷേമത്തിനുംവേണ്ടി വിനിയോഗിക്കുവാൻ നിങ്ങൾ ഒരുക്കമുള്ളവരായിരിക്കണം."

കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ഇംഗ്ലണ്ടിലെ കത്തോലിക്കാമാതാപിതാക്കന്മാർക്കു നൽകിയ ഈ ഉദ്ബോധനം ഇന്നാട്ടിലുള്ളവർക്കും ശരിക്കു പാകുന്നതാണ്. സ്വാഭാവികനിയമത്തിനോ നമ്മുടെ കർത്താവിന്റെ ഉപദേശങ്ങൾക്കോ വിരുദ്ധമല്ലാത്ത സിദ്ധാന്തങ്ങൾ സ്വീകരിച്ചിട്ടുള്ള പാർട്ടിക്കുവേണ്ടി കത്തോലിക്കർ വോട്ടുനൽകിയതുകൊണ്ടുമാത്രം പൗരന്മാരെന്ന നിലയിൽ അവരുടെ കർത്തവ്യം അവസാനിക്കുന്നില്ല. പൊതുജനഹിതം നിർവ്വഹിക്കുവാൻ സന്നദ്ധരാണെന്നു പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ഭരണാധികാരികളെ തങ്ങളുടെ ന്യായമായ ഹിതമെന്തെന്നു അറിയിച്ചുകൊണ്ടിരിക്കുവാൻ കത്തോലിക്കാമാതാപിതാക്കന്മാർക്കും രക്ഷാകർത്താക്കൾക്കും അനുപേക്ഷണീയമായ ചുമതലയുണ്ടു്. അതുനിർവ്വഹിക്കാത്തപക്ഷം ഉണ്ടാകുന്ന അസ്വാതന്ത്ര്യങ്ങൾക്കും അവശതകൾക്കും കുററമേൽക്കേണ്ടതു് അവർതന്നെയാണ്. രാജ്യവാസികൾക്കു പൊതുവിലും കത്തോലിക്കർക്കു പ്രത്യേകമായും ഉപദ്രവകരങ്ങളായ സംഭവങ്ങൾ ഇന്നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. അവയെ വേണ്ടവിധം തടുക്കുവാൻ ആവശ്യമായതെല്ലാം ഗവമ്മെൻറിൽ നിന്നു സ്വമേധയാ ചെയ്തുകൊള്ളുമെന്നു വിശ്വസിച്ചു മൗനമവലംബിക്കാവുന്നതല്ല. ഉപദ്രവകരങ്ങളായ സംഭവങ്ങളെ തടയുവാൻ ശ്രമിക്കുന്ന ഗവമ്മെൻറിന്റെ കരങ്ങളെ തങ്ങളുടെ സ്വരങ്ങളാലും ഒത്താശകളാലും ശക്തിപ്പെടുത്തേണ്ടതാണ്. ഗവമ്മെൻറുതന്നെയും അറിഞ്ഞോ അറിയാതെയോ പ്രസ്തുതസംഭവങ്ങളെ തടയുന്നില്ലെന്നു കണ്ടാൽ ആനയത്തെ പ്രതിഷേധിക്കുകയും ന്യായമായ നടപടികൾ സ്വീകരിക്കുവാൻ ഗവമ്മെൻറിനെ പ്രേരിപ്പിക്കുകയും ചെയ്യണം.

സംഘടിക്കണം

ഇതിനുള്ള ഉത്തമമായ മാർഗ്ഗം സംഘടനയാകുന്നു. വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കങ്ങൾക്കു പ്രേരണയും പിൻബലവും നൽകുന്നതു് അവരുടെ നാമത്തിൽ നടത്തപ്പെടുന്ന ചില സംഘടനകളാണല്ലോ. വിദ്യാർത്ഥിജീവിതത്തിനു് അനുഗുണമായ അച്ചടക്കബോധത്തോടും വിധേയമനസ്ഥിതിയോടുംകൂടിയല്ല പ്രസ്തുത സംഘടനകൾ നടത്തപ്പെടുന്നതെന്നു് ഇതിനകം വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങളെ പരിരക്ഷിക്കുവാനും അവരുടെ ജ്ഞാനസമ്പാദനത്തേയും സ്വഭാവസംസ്കരണത്തേയും പുരോഗമിപ്പിക്കുവാനുമല്ല പ്രസ്തുതസംഘടനകളുടെ അവസാന ലക്ഷ്യമെന്നും തെളിഞ്ഞിരിക്കുന്നു. അവയുടെ പിന്നിൽ വിധ്വംസകശക്തികൾ നിലകൊള്ളുന്നുണ്ടെന്നും ആ ശക്തികളുടെ നേതൃത്വത്തിലും പ്രേരണയിലുമാണ് അവ വഴിപിഴച്ചുപോകുന്നതെന്നും തെളിഞ്ഞിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ മാതാപിതാക്കന്മാരുടേയും രക്ഷാകർത്താക്കളുടേയും അനുപേക്ഷണീയമായ കർത്തവ്യം അഖിലസംസ്ഥാനത്തിന്റെ തോതിൽ സംഘടിക്കുകയാണ്. ആ പ്രസ്ഥാനത്തിൽ കത്തോലിക്കരായ മാതാപിതാക്കളും രക്ഷാകർത്താക്കളും മുൻനിന്നു പ്രവർത്തിക്കണം. കാരണം അച്ചടക്കരാഹിത്യത്തിന്റേയും വിധേയമനസ്ഥിതിയുടെ അഭാവത്തിന്റേയും ദോഷഫലങ്ങളെപ്പററി കൂടുതൽ ബോധമുണ്ടാകുവാൻ ന്യായമുള്ളതവർക്കാണ്. വിദ്യാർത്ഥികളുടെ നാമത്തിലുള്ള ഇന്നത്തെ സംഘടനകളുടെ സ്ഥാനത്തു് വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി വാദിക്കുവാൻ മാതാപിതാക്കന്മാരുടേയും രക്ഷാകർത്താക്കന്മാരുടേയും സംഘടന മുന്നോട്ടുവരണം. വിദ്യാർത്ഥിസംഘടനകളിൽ നല്ലതേതെന്നും ചീത്തയേതെന്നും വിവേചിച്ചറിയേണ്ടതും, നല്ലതിൽചേരുവാനും ചീത്തയിൽനിന്നൊഴിയുവാനും തങ്ങളുടെ കീഴിലുള്ള വിദ്യാർത്ഥികളെ വഴിപ്പെടുത്തേണ്ടതും അവരുടെ കർത്തവ്യമാണ്. വിദ്യാർത്ഥിസംഘടനകളുടെ ഉത്തരവനുസരിച്ചുള്ള പഠിപ്പുമുടക്കത്തിൽ പങ്കെടുക്കാതിരിക്കുവാൻ തങ്ങളുടെ കീഴിലുള്ള വിദ്യാർത്ഥികളെ ചട്ടംകെട്ടേണ്ടതും അവരുടെ ചുമതലയാണ്. വിദ്യാർത്ഥികളുടെ നാമത്തിൽ അവകാശവാദങ്ങൾ പുറപ്പെടുകയും ബഹളങ്ങൾക്കു വട്ടംകൂട്ടലുണ്ടാകയും ചെയ്യുന്ന സ്ഥലങ്ങളിലും സമയങ്ങളിലും മാതാപിതാക്കന്മാരും രക്ഷാകർത്താക്കന്മാരും അവരുടെ സംഘടന വഴിയായി സ്വരമുയർത്തി അവരുടെ കീഴിലുള്ള വിദ്യാർത്ഥികൾക്കു നേതൃത്വവും അധികാരികൾക്കു നിർദ്ദേശങ്ങളും നൽകേണ്ടതാണ്. ഭാവിപൗരന്മാരായിത്തീരേണ്ട വിദ്യാർത്ഥികളുടെ ജീവിതത്തെ അവർക്കും കുടുംബങ്ങൾക്കും രാജ്യത്തിനും ഗുണപ്രദമാക്കത്തക്കവണ്ണം ഈ വിധത്തിൽ മാതാപിതാക്കന്മാരും രക്ഷാകർത്താക്കളും സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നു് അവരെ പൊതുവിലും അവരിൽ കത്തോലിക്കരായവരെ പ്രത്യേകിച്ചും സാദരം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

## അടുത്ത ആഴ്ചയിൽ

ജാനുവരി

23 ഞാ: ദനഹാ 3-ാം ഞാ.

എ. ഭാ. ക. മറിയത്തിന്റെ വിവാഹം

24 തി: തിമൊത്തേയോസ്

25 ചൊ: പൗലോസിന്റെ മാനസാന്തരം

26 ബു: പോലിക്കാർപ്പോസ്

27 വ്യാ: യോഹന്നാൻ ക്രിസോസ്തോമോസ്

28 വെ: പീററർ നൊളാസ്കോ

29 ശ: ഫ്രാൻസീസ് ദേസാലസ്

## കൈപ്പററി

കത്തീഡ്രൽസ് ടി. ബി. ഡിപ്പോയിൽ നിന്നും അയച്ചുതന്ന മനോഹരമായ ജൂബിലി സ്മാരക കലണ്ടറും തൃശ്ശൂർ രൂപത സെൻറ് വിൻസെൻറ് ഡി പോൾ സംഘം വകയായി പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്ന ബുള്ളററിന്റെ പ്രഥമലക്കവും ഇരിങ്ങാലക്കുട വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ പ്രഥമവാർഷിക റിപ്പോർട്ടും കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## കൊച്ചിവാർത്തകൾ

ജന്മികുടിയാന്മാരെ സംബന്ധിച്ച് രാജകീയവിളംബരം

കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് 1124-ൽ 6-ാം നമ്പരായി പുറപ്പെടുവിച്ചിരിക്കുന്ന വിളംബരംമൂലം ജന്മികുടിയാന്മാരെ സംബന്ധിച്ചു് താഴെ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കിയിരിക്കുന്നു: പാട്ടക്കുടിശ്ശിക നൽകീട്ടില്ല എന്നകാരണത്താൽ ഒരു വെറുമ്പാട്ടക്കുടിയാനെ ഒഴിപ്പിക്കാൻ പാടില്ല. ഇതു സംബന്ധമായി വസ്തുവുടമസ്ഥൻ കൊടുത്തിട്ടുള്ള വ്യവഹാരങ്ങളൊന്നും മേലിൽ നിലനിൽക്കുന്നതല്ല. എന്നാൽ കുടിശ്ശിക വസൂലാക്കുന്നതിനു് വസ്തുവുടമസ്ഥനു് കോടതിമുഖേനയോ മററോ ശ്രമിക്കാം. പാട്ടക്കരാറിൽ പ്രസ്താവിച്ചിട്ടുള്ള പാട്ടത്തിനു പുറമേ തേങ്ങാപ്പാട്ടം പിരിക്കുന്ന പതിവു് 1124- ചിങ്ങം 1-ാംനു മുതൽ നിർത്തലാക്കിയിരിക്കുന്നു. 1118-ലെ വെറുമ്പാട്ടക്കുടിയാൻ നിയമം നടപ്പിലായ അവസരത്തിൽ ഒരു പാട്ടക്കാരൻ കൂടുതൽ പാട്ടം നൽകാമെന്നു സമ്മതിച്ചിട്ടുള്ളതാണെങ്കിലും ചിങ്ങം 1-ാം നു-മുതൽ കുടിയായ്മക്കരാറിൽ നിശ്ചയിച്ചിരിക്കുന്ന പണമായിട്ടുള്ള പാട്ടംമാത്രം നൽകിയാൽ മതിയാകുന്നതാണ്. 1090 തുലാം 9-ാം നു-ക്കുശേഷമുള്ള കാണങ്ങളെ സംബന്ധിച്ചു് മിച്ചവാരം പുറവക എന്നിവ വസൂലാക്കുന്നതിനുമാത്രമേ ജന്മിക്കധികാരമുള്ളു. 1111 ചിങ്ങം 1-ാം നു- യിലോ അതിനുശേഷമോ വെറുംപാട്ടങ്ങൾ പണയമായി രൂപാന്തരപ്പെടുത്തീട്ടുള്ളവയിൽനിന്നും പണയക്കാരനെ ഒഴിപ്പിക്കാൻ പാടില്ലാത്തതും തദ്ദേശത്തോടുകൂടി നൽകീട്ടുള്ള വ്യവഹാരങ്ങൾ തുടരാൻ പാടില്ലാത്തതുമാണ്. എന്നാൽ വസ്തുവുടമസ്ഥനു് കുടിശ്ശിക ഈടാക്കാനുള്ള അധികാരമുണ്ടായിരിക്കും. പണയസംഖ്യയിന്മേലുള്ള പലിശ പാട്ടത്തിന്റെ 40 ശതമാനത്തിൽ കുറവായിരിക്കുമ്പോൾ കൈവശപ്പണയം വീണ്ടെടുക്കാൻ പാടില്ല.

പ്രതിമാസം 3 ക. യിൽ താഴെ വാടകയുള്ള കെട്ടിടങ്ങളിൽനിന്നും താമസക്കാരെ ഒഴിപ്പിക്കുവാൻ പാടില്ല. എന്നാൽ വാടകക്കുടിശ്ശിക ഈടാക്കാവുന്നതാണ്. ഇതുസംബന്ധമായ കോടതിവിധിക്കുശേഷം 90ദിവസത്തിനുള്ളിൽ കുടിശ്ശിക അടക്കാത്തപക്ഷം കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ കോടതിക്കു് ഉത്തരവാകാവുന്നതാണ്. ഈ വ്യവസ്ഥകൾ, ആലോചനയിലിരിക്കുന്ന സമ്പൂർണ്ണമായ ഒരു നിയമനിർമ്മാണം നടപ്പാകുന്നതുവരെ നിലനിൽക്കുന്നതാണ്.

മുനിസിപ്പൽ കൗൺസിൽ

ഇപ്പോഴത്തെ എറണാകുളം മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി മകരം 1-ാം നു- യോടുകൂടി അവസാനിക്കുന്നതിനാൽ പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ സംഘടിതമായിരിക്കുന്ന പുതിയ കൗൺസിലിന്റെ പ്രഥമയോഗം മകരം 7-ാം നു- കൂടുന്നതായിരിക്കും.

മതപരിവർത്തനവും കുടുംബസ്വത്തും

കൊച്ചിയിലെ കൂട്ടുകുടുംബങ്ങളിലെ അംഗങ്ങൾക്കു തറവാട്ടുസ്വത്തിനുള്ള അ

വകാശങ്ങൾ മതപരിവർത്തനംമൂലം നഷ്ടപ്പെടാതിരിക്കുന്നതിനെ ലക്ഷ്യമാക്കി കൊച്ചി നിയമസഭായോഗത്തിൽ ഒരു ബിൽ അവതരിപ്പിക്കുവാൻ മി. സി. വി. ഇയ്യു നോട്ടീസ് കൊടുത്തിരിക്കുന്നു.

## തിരുവിതാംകൂർ വാർത്തകൾ

### ഭൂമികൈവശാവകാശനിയമം

തിരുവിതാംകൂറിലെ ഭൂമികൈവശാവകാശ നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെപ്പററി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിനായി മെ. ടി. ജെ. മാത്യു, കെ. പി. ഗോപാലമേനോൻ ആദിയായവരുൾപ്പെട്ട ഒരു വിദഗ്ദ്ധകമ്മിററിയെ ഗവമ്മെൻറു നിയമിച്ചിരിക്കുന്നു.

### പ്രതിനിധിസഭയും നിയമസഭയും

തിരുവിതാംകൂർ പ്രതിനിധി സഭാ സമ്മേളനം കുംഭം 1-ാംനു- ആരംഭിക്കുന്നതാണ്. നിയമസഭാ സമ്മേളനം കുംഭം 3-ാംനു- ആരംഭിച്ച് 8 ാംനു- അവസാനിക്കുന്നതായിരിക്കും.

### പഞ്ചവത്സരപദ്ധതി

പാലം, റോഡ് മുതലായവ നിർമ്മിക്കുന്നതു സംബന്ധിച്ച് ഒരു സെൻട്രൽ കമ്മിററിയും താലൂക്ക കമ്മിററികളും രൂപവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഒരു ഗവമ്മെൻറ് പ്രസ് നോട്ടിൽ കാണുന്നു. ഉടനെതന്നെ തയാറാക്കാൻ പോകുന്ന ഒരു പഞ്ചവത്സര പദ്ധതിയനുസരിച്ചായിരിക്കും പാലം റോഡ് മുതലായവ നിർമ്മിക്കപ്പെടുന്നതു്.

### പരീക്ഷാഫീസു കുറച്ചു

ജാനുവരി 11-ാംനു- കൂടിയ യൂണിവേഴ്സിററി സിൻഡിക്കേററ് യോഗത്തിൽ യൂണിവേഴ്സിററി പരീക്ഷകൾക്കുള്ള ഫീസ് താഴെക്കാണുന്നവിധം കുറിപ്പപ്പെടുത്തിയിരിക്കുന്നു. ഇൻറർമീഡിയററ് ഒരു പാർട്ടിനു് 15 ക യും രണ്ടു പാർട്ടുകൾക്കു 20 ക യും മൂന്നു പാർട്ടുകൾക്കുംകൂടി 25 ക യുമായിരിക്കും. ബി. എ., ബി. എസ് സി. പരീക്ഷകൾക്കു ഒരു പാർട്ടിനു 28 കയും രണ്ടു പാർട്ടുകൾക്കു 38 ക യും മൂന്നു പാർട്ടുകൾക്കും കൂടി 48 ക യുമായിരിക്കുന്നതാണ്.

### നിയമസഭായോഗ ബഹിഷ്കരണം

ഈയിടെ നാഗർകോവിലിൽവച്ചുകൂടിയ തമിഴ്നാട്ടു കോൺഗ്രസിൻെറ ജനറൽ കമ്മിററി യോഗത്തിൽ, തിരുവിതാംകൂർ നിയമസഭായോഗ ബഹിഷ്കരണം തുടരുവാനും തമിഴ്നാട്ടു കോൺഗ്രസിൻെറ അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാനും തീരുമാനിച്ചിരിക്കുന്നു.

### ആലുവാ ഫാക്ടറി

തൊഴിലാളികളുടെ പണിമുടക്കിനെ തുടൎന്നു് അടച്ചിട്ടിരിക്കുന്ന ആലുവാ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ഫാക്ടറി അടുത്ത വെള്ളിയാഴ്ച തുറക്കുന്നതിനു് പ്രധാന മന്ത്രി ടി. കെ. നാരായണപിള്ള ആജ്ഞാപിച്ചിരിക്കുന്നു.

### ഐക്യകേരളം

തിരുവിതാംകൂർ കൊച്ചി പ്രധാന മന്ത്രിമാർ മദ്രാസിൽവച്ചു നടത്തിയ ഒരു സംയുക്ത കോൺഫറൻസിൽ ഉടനടി ഒരു ഐക്യകേരളപ്രവിശ്യ രൂപവൽക്കരിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

### ചീഫ് എൻജിനിയർ

മി. ഇ. ശിവരാമൻനായർ മകരം 1-ാംനു- ചീഫ് എൻജിനിയറായി ചാർജ്ജെടുത്തിരിക്കുന്നു.

### പബ്ളിക്ക ലൈബ്രറിക്ക്

തിരുവനന്തപുരം പബ്ളിക്ക് ലൈബ്രറികെട്ടിടം പരിഷ്കരിക്കുന്നതിനു് ഒരു ലക്ഷം രൂപാ ഗവമ്മെൻറ് അനുവദിച്ചിരിക്കുന്നു.

### കേരളകൺവൻഷൻ

ഫെബ്രുവരി 6-ാംനു- ആലുവായിൽ വച്ച് നടത്തുവാനിരിക്കുന്ന ഐക്യകേരളകൺവൻഷൻ അഖിലേന്ത്യാ കോൺഗ്രസ് കമ്മിററി ജനറൽ സിക്രട്ടറി ശ്രീ ശങ്കർ റാവുദേവ് ഉൽഘാടനം ചെയ്യാമെന്നു സമ്മതിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

## ലീഗ് വാർഷികം

മംഗലപ്പുഴ സെമ്മിനരിയിൽ സ്ഥാപിതമായിരിക്കുന്ന എസ്. എച്ച്. ലീഗിൻെറ 28-ാമതു വാർഷികമഹം ജാനുവരി 13-ാംനു- കോഴിക്കോട്ടു രൂപതയുടെ മെത്രാനായ നിതാന്ത വന്ദ്യ ദിവ്യ ശ്രീ ആൻഡ്രൂസ പത്രോണി എസ്. ജെ. തിരുമനസ്സിലെമഹനീയാദ്ധ്യക്ഷതയിൽ സമംഗളം നടന്നിരിക്കുന്നു. തിരുമേനി ലീഗിൻെറ ഗുണകാംക്ഷികൾക്കും പ്രോത്സാഹകന്മാക്കും പ്രവൎത്തകന്മാൎക്കും വേണ്ടി സെമ്മിനരി കപ്പേളയിൽ ദിവ്യബലി അർപ്പിക്കുകയും, തദനന്തരം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന പബ്ളിക് മീററിംഗിൽ ലീഗംഗങ്ങൾക്ക് ഏതാദൃശ പ്രവൎത്തനങ്ങളെ സംബന്ധിച്ച് പല ഉൽബോധനങ്ങളും നൽകുകയും ചെയ്തു.

## പരേതനായ റവ. തോമ്മസ് പാലാത്തു്

ഒന്നു രണ്ടു മാസമായി രോഗശയ്യയെ അവലംബിച്ചിരുന്ന മംഗലപ്പുഴ സെമ്മിനാരി വിദ്യാൎത്ഥി പാലാ വലിയപള്ളി ഇടവക ബ്ര. തോമ്മസ് പാലാത്തു് ജാനുവരി 13-ാംനു- സ്വഗൃഹത്തിൽവച്ചു കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പിറെറ ദിവസം ഒട്ടേറെ വൈദികന്മാരുടേയും വൈദികവിദ്യാൎത്ഥികളുടേയും ഇടവക ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും സെമ്മിനാരി



പ്രൊഫസ്സർ റവ. ഫാദർ ജോർജ്ജ് പുത്തൻപുര അവർകളുടെ പ്രധാന കാൎമ്മികത്വത്തിലും മൃതശരീരം യഥാവിധി സംസ്കരിക്കപ്പെട്ടു. നിഷ്കളങ്കമതിത്വവും സ്വഭാവനൈൎമ്മല്യവുംമൂലം സഹപാഠികളുടേയും അധികാരികളുടേയും സ്നേഹവാത്സല്യങ്ങൾക്കു പാത്രമായിരുന്ന ഈ വൈദിക വിദ്യാൎത്ഥിയുടെ അകാലനിൎയ്യാണത്തിൽ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും അനുശോചിക്കുകയും പരേതൻെറ ആത്മാവിനു നിത്യവിശ്രാന്തി പ്രാൎത്ഥിക്കുകയും ചെയ്യുന്നു. R. I. P.

## ഇന്ത്യാവാർത്തകൾ

### ഇൻറർഡൊമിനിയൻ കോൺഫറൻസ

ഇൻഡ്യയും പാകിസ്ഥാനും കൂടിയുള്ള ഇൻറർ ഡൊമിനിയൻ കോൺഫറൻസ് ജാനുവരി 10-ാംനു- കറാച്ചിയിൽ ആരംഭിച്ച് 13-ാംനു- അവസാനിച്ചിരിക്കുന്നു.

### ഇൻഡ്യയും അയർലണ്ടും

ഇൻഡ്യയും അയർലണ്ടും പരസ്പരം സ്ഥാനപതികളെ അയക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

### സ്പെഷ്യൽ പൊലീസ

കരിഞ്ചന്തക്കാരെ പിടികൂടി കേസെടുക്കുവാൻ മദ്രാസ് പ്രവിശ്യയിലെങ്ങും സ്പെഷ്യൽ പൊലീസിനെ നിയമിക്കാനുള്ള ഒരു പദ്ധതി സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററി അംഗീകരിച്ചിരിക്കുന്നു. ഇതിലേക്കായി പ്രോവിൻസു മുഴുവൻ 8 മേഖലകളായി തിരിക്കാനാണ് ഉദ്ദേശിക്കുന്നതു്. ഈ പദ്ധതി തൽക്കാലം 6 മാസത്തേക്കു മാത്രമേ അനുവദിച്ചിട്ടുള്ളു.


# അതിരമ്പുഴ ഫൊ. പള്ളിയിൽ

## വി. സെബസ്ത്യാനോസിൻെറ തിരുനാൾ

പ്രോഗ്രാം:—

ജനുവരി 24 തിങ്കളാഴ്ച

4 P. M. വലിയപള്ളിയിൽനിന്നുള്ള പ്രദക്ഷിണം
5 P. M. ചന്തക്കപ്പേളയിൽനിന്നു പ്രദക്ഷിണം
5-30 വലിയ പള്ളിയിൽനിന്നും രണ്ടാമത്തെ പ്രദക്ഷിണം।
7 P. M. വൈദ്യുത ദീപക്കാഴ്ച.
8-30 ” കരിമരുന്നുപ്രയോഗം

ജനുവരി 25 ചൊവ്വാഴ്ച

11 A. M. ആഘോഷമായ റാസ
12-30 ദിവ്യകാരുണ്യവാഴ്വ്
1 P. M. പ്രസംഗം
2. P. M. പ്രദക്ഷിണം.

ജനുവരി 25-ാം തീയതി ഈ ദേവാലയത്തിൽ വി. കുർബാന കൈക്കൊള്ളുന്നവൎക്ക് പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

വികാരി, താഴത്തേൽ മത്തായി കത്തനാർ

## കുർബ്ബാനക്കുപ്പായം, കാപ്പ, മുതലായ വൈദികവസ്ത്രങ്ങൾക്ക്

കൊളംബോ സാരിവർക്സ്, ബ്രോഡ് വേ, എറണാകുളം


### ചണം കൊടുത്തു ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നു

കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഇൻഡ്യയും അർജൻറീനയും തമ്മിലുണ്ടായ കൈമാററ ഉടമ്പടിയനുസരിച്ച് ഇൻഡ്യയിലുണ്ടാകുന്ന ചണം കൊടുത്തു് അർജൻറീനായിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം അടുത്തുതന്നെ 385000 ടൺ അർജൻറീനിയൻ ഗോതമ്പിനുപകരം 70000 ടൺ ഇൻഡ്യൻ ചണവും 10000 ടൺ ചണത്തിനുപകരം 95000 ടൺ മെയിസും ബാർലിയും കൈമാറുന്നതാണ്.

### ഏഷ്യൻ കോൺഫറൻസ്

ജാനുവരി 20-ാംനു- ന്യൂഡൽഹിയിൽ നടത്താൻ പോകുന്ന ഏഷ്യൻ കോൺഫറൻസിലേക്കു വേണ്ട സജ്ജീകരണങ്ങൾ മുറയ്ക്കു നടന്നുവരുന്നു. ഇതിലേക്കുള്ള ഇൻഡ്യയുടെ ക്ഷണം 12 രാജ്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

### രാജസ്ഥാൻ യൂണിയൻ

ഇൻഡ്യയിലെ മൂന്നു മേജർസ്റ്റേററുകളായ ജയപ്പൂർ, ജോഡ്പൂർ, ബിക്കാനീർ എന്നിവയുടെ പ്രത്യേകമായ നില അവസാനിപ്പിക്കുന്നതിനും ഉദയപ്പൂരിനോടുകൂടി ഏകീഭവിച്ച് ഒരു രാജസ്ഥാൻ യൂണിയൻ രൂപീകരിക്കുന്നതിനും പ്രസ്തുത രാജാക്കന്മാർ തീരുമാനിച്ചിരിക്കുന്നു.

## കൃതജ്ഞത

ഭരണങ്ങാനത്തെ ബ. അൽഫോൻസാമ്മയുടെ സഹായത്താൽ രോഗവിമുക്തനായതിനു് ഉപകാരസ്മരണ.

M. T. Thomas
Kalathoor

## വിവാഹം

മി. എ. കെ. ജോർജ്ജ് ബി. എ. ബി. എൽ. എം. എൽ. എ. യും, മി. പി. കെ കുര്യാക്കോസ് എക്സ് എം. എൽ. എ. യുടെ മകൾ മിസ് ആനിയും തമ്മിലുള്ള വിവാഹം ജാനുവരി 16-ാംനു- കോതമംഗലം ഫോറോനപ്പള്ളിയിൽ വച്ച് നടന്നിരിക്കുന്നു.

## ചരമം

ചേരാമംഗലത്തെ ഒരു പൗരമുഖ്യനും 20 കൊല്ലത്തോളം സെൻറ് മേരീസ് സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നയാളുമായ കൊടിയൻ ദേവസ്സി മാത്യു അവർകൾ ഹൃദയസ്തംഭനംമൂലം തൻെറ 42-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## വിദേശവാർത്തകൾ

### ട്രൂമൻെറ തിരഞ്ഞെടുപ്പു

അമേരിക്കൻ പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള ട്രൂമൻെറ ഔപചാരികമായ തിരഞ്ഞെടുപ്പു് ജാനുവരി 6-ാംനു-നടന്നിരിക്കുന്നു.

### ബ്രിട്ടൻ പോപ്പിൻെറ ആശീർവ്വാദം

കേണൽ ഡോഗ്ലസ് ക്ലീഫ്ടൺ ബ്രൗണിൻെറ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പാർലിമെൻററിഡെലിഗേഷൻ ജാനുവരി 12-ാംനു- വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദൎശിക്കുകയുണ്ടായി. തദവസരത്തിൽ തിരുമനസ്സുകൊണ്ടു് ബ്രിട്ടീഷ് രാജാവിനും രാജകുടുംബത്തിനും ബ്രിട്ടീഷ് ജനത മുഴുവനും ദൈവാനുഗ്രഹം ലഭിക്കട്ടെ എന്നു ആശംസിക്കുകയുണ്ടായി.

### വാദപ്രതിവാദം

ഇററലിയിലെ സുപ്രസിദ്ധ പ്രാസംഗികനായ ഫാദർ ലൊംബാർഡിയും കമ്മ്യൂണിസ്റ്റ് നേതാവായ സെനററർ സ്പ്രാനോയും തമ്മിൽ ഒരു പരസ്യവാദപ്രതിവാദം നടത്തിയിരിക്കുന്നു. ഇരുവരുടേയും പ്രസംഗങ്ങൾ പ്രക്ഷേപണം ചെയ്യപ്പെട്ടെങ്കിലും പത്രപ്രതിനിധികളെ കൂടാതെ ഇരുഭാഗത്തുനിന്നും 20 ആൾ വീതം, ആകെ 40 പേർ, മാത്രമേ പ്രസംഗശാലയിൽ സന്നിഹിതരായിരിക്കുന്നതിനു് അനുവദിക്കപ്പെട്ടൊള്ളു. ഫാ. ലൊംബാർഡിയും സെനററർ സ്പ്രാനോയും പരസ്പരം ആലിംഗനം ചെയ്തപ്പോൾ പുറമെ നിന്നിരുന്ന ജനങ്ങൾ ജയഘോഷങ്ങൾ മുഴക്കി.

### ഷായുടെ സമ്മാനം

പേർഷ്യയിലെ ഷാ പ: പിതാവിനു് ഒരു കാർപ്പെററ് അയച്ചുകൊടുത്തിരിക്കുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പ് “അദ്ദേഹം പരിശുദ്ധ പിതാവിനെ സന്ദൎശിച്ചതിൻെറ സ്മാരകമായിട്ടാണ് അതയച്ചുകൊടുത്തിരിക്കുന്നതു്.

### ഫാക്ടറികളിൽ ജോലിചെയ്യുന്ന പുരോഹിതർ

നൂറിലധികം കത്തോലിക്കാ വൈദികർ ഫ്രാൻസിൻെറ വിവിധഭാഗങ്ങളിലുള്ള ഫാക്ടറികളിൽ ജോലി ചെയ്തുവരുന്നു. തൊഴിലാളികളുടെ ഇടയിൽ പ്രേഷിതവേല ചെയ്യുന്നതിനായിട്ടാണ് അവർ ഈ ജീവിതരീതി സ്വീകരിച്ചിരിക്കുന്നതു്.

### പുതിയ വാരിക

കഴിഞ്ഞ ഒക്ടോബർ 30-ാംനു- മുതൽ കാനഡായിൽ “ദി എൻസൈൻ” എന്ന ഒരു പുതിയ കത്തോലിക്കാവാരിക പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്നു. അതിൻെറ ഒരു ലക്ഷം പ്രതികൾ ചെലവാകുന്നുണ്ട്.

കുടുംബപംക്തി

# എന്തിനു സിനിമാ?

([illegible])

ഒരു ദിവസം നടക്കാൻപോയശേഷം സന്ധ്യയോടുകൂടി ഞാൻ തിരികെ വന്നപ്പോൾ അക്കൊല്ലം സ്കൂൾഫൈനൽ പാസ്സായ എന്റെ ഒരു പൂർവ്വവിദ്യാർത്ഥി എന്നെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ഒരു ഓഫീസിൽനിന്ന് ഒരു മാസത്തെ അവധിക്കു ഒരു ക്ലാർക്ക് പോകുന്നുണ്ടെന്നും അയാളുടെ ഒഴിവിൽ തന്നെ നിയമിക്കുന്നതിനു ഒരു ശുപാർശ്ശ കിട്ടിയാൽ അവിടെ കയറിപ്പറ്റിക്കൊള്ളാമെന്നും അയാൾ എന്നോടു പറഞ്ഞു. നിയമനം പിറെറദിവസം കാലത്തു പത്തുമണിക്കുമുൻപു നടക്കും. ആ സാധുവിദ്യാർത്ഥിക്കു വല്ല സഹായവും ചെയ്തുകൊടുത്താൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. അന്വേഷണത്തിൽ നിയമനം നടത്താനുള്ള ഉദ്യോഗസ്ഥൻ എന്റെ ഒരു സ്നേഹിതനാണെന്നു മനസ്സിലായി. എഴുത്തിനെക്കാൾ നല്ലതു നേരിട്ടുപറയുകയാകയാലും സ്നേഹിതനെ കണ്ടിട്ടു വളരെ നാളായിരുന്നതിനാലും ഞാൻ അപ്പോൾത്തന്നെ ആ യുവാവിന്റെ കൂടെ ഇറങ്ങിപ്പുറപ്പെട്ടു.

ഞങ്ങൾ അവിടെ ചെല്ലുമ്പോൾ രാത്രി ഏകദേശം 9 മണിയോടുകൂടിയായി സന്ദർശനമുറിയിൽ ഒരു വിളക്കു ശോഭയോടുകൂടി കത്തുന്നുണ്ടായിരുന്നു എന്റെ സ്നേഹിതൻ ഒരു ചാരുകസേരയിൽ ഒരു കൊച്ചുകുട്ടിയെ മടിയിൽവച്ചു കളിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭാര്യയും മക്കളുമെല്ലാവരും തന്നെ അവിടെ ചുറ്റും ഇരുന്നും നിന്നും ചിരിച്ചും കളിച്ചും ഉല്ലസിക്കയാണ്. ആ സമയത്തു അകത്തു കയറിച്ചെന്നു അവരുടെ സന്തോഷത്തിനു ഒരു വിരാമമിടുന്നതിനുള്ള വൈമനസ്യംകൊണ്ടു അല്പസമയം അവരുടെ ആനന്ദത്തിൽ പങ്കുകൊണ്ടുകൊണ്ടു മുററത്തുതന്നെ നിന്നുപോയി. പിന്നീടു ഞാൻ മുട്ടി അകത്തുകടന്നപ്പോൾ പെട്ടെന്നു എല്ലാം നിശ്ശബ്ദമായി. സ്നേഹിതൻ ഉടനെ എഴുന്നേററു എനിക്കൊരു കസേര തന്നിരുത്തി. അയാളുടെ ഭാര്യ അടുത്ത മുറിക്കുള്ളിലേക്കു വലിഞ്ഞു കുട്ടികളും ഒന്നു രണ്ടു പേരൊഴികെ ബാക്കിയുള്ളവരെല്ലാം അങ്ങോട്ടുമിങ്ങോട്ടും മാറി. ആ അസമയത്തു അവിടെ കയറിച്ചെന്നതിനെക്കുറിച്ചു ക്ഷമാപണം ചെയ്തശേഷം വലിയ മുഖവുരയൊന്നും കൂടാതെ ചെന്നകാര്യം അറിയിച്ചു. അല്പം മുൻപു എന്റെ ആളെക്കാൾ കൂടുതൽ അർഹതയുള്ള മറെറാരാൾക്കു വാക്കു കൊടുത്തുപോയതുകൊണ്ടു ഇനി നിവൃത്തിയൊന്നുമില്ലെന്നു അദ്ദേഹം ഖേദത്തോടുകൂടി പറഞ്ഞു. ഞാൻ പിന്നീടു നിർബന്ധിക്കാനും പോയില്ല.

അങ്ങനെ ആ കാര്യം പെട്ടെന്നു അവസാനിപ്പിച്ചശേഷം ഞങ്ങൾ ചില ലോഹ്യങ്ങളൊക്കെ പറഞ്ഞുതുടങ്ങി. അക്രൂത്തിൽ അത്ര താമസിച്ചു ചെല്ലാൻ ഇടയായതിന്റെ ഒരു കാരണം സ്നേഹിതൻ വല്ല ക്ലബ്ബിലോ സിനിമാകാണാനോ വല്ലിടത്തും പോയിട്ടുണ്ടെങ്കിൽ തിരികെ എത്തിക്കൊള്ളട്ടെ എന്നു കരുതിയാണെന്നു ഞാൻ പറഞ്ഞു "എനിക്കാപതിവില്ല. എവിടെ പ്പോയാലും സന്ധ്യക്കു ഞാൻ വീട്ടിൽവരും. സന്ധ്യാജപത്തോടുകൂടി അർപ്പത്തിരുന്നു മണിജപംകൂടി കുടുംബത്തിൽവന്നു ചൊല്ലണമെന്നു എനിക്കു വലിയ നിർബന്ധമാണ്. സാധാരണ "ടെന്നീസു" കളികഴിഞ്ഞാൽ ഞാൻ നേരിട്ടു ഇങ്ങോട്ടുപോരുകയാണു പതിവ്. എന്തിനാ ക്ലബ്ബിൽ പോയി പാതിരാവരെയിരുന്നു ചീട്ടുകളിക്കുന്നത്? അല്ലെങ്കിൽ സിനിമാകാണാൻ പോകുന്നത്? ആശ്വസിക്കാനും സന്തോഷിക്കാനുമല്ലേ? എനിക്കു എന്റെ കുഞ്ഞുങ്ങളുടെ ചിരിയും കളിയും കാണുന്നതിനെക്കാൾ സന്തോഷമായിട്ടു മറെറാന്നുമില്ല. ഒരു സിനിമായും അതിന്റെ പുറകെ പോകുകയില്ല. പകലൊക്കെ ധാരാളം ജോലിയുള്ളതുകൊണ്ടു ഇപ്പോൾമാത്രമേ ഇങ്ങനെ ആനന്ദിക്കാൻ എനിക്കു അല്പം സമയം കിട്ടുകയുള്ളു. അതിലൊരു മിനിററുപോലും ഞാൻ വൃഥാ കളയുകയില്ല."

ഇതുകേട്ടപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. ഞാനും ഈ അഭിപ്രായക്കാരനാണ്. കാലത്തു മുതൽ വൈകുന്നേരംവരെ മനസ്സിനും ശരീരത്തിനും ഒന്നുപോലെ ക്ലേശകരമായ ജോലി ചെയ്തതിനുശേഷം തിരികെ വീട്ടിലേക്കു വരുമ്പോൾ ഓമനക്കുഞ്ഞുങ്ങൾ ചിരിച്ചുകൊണ്ടോടിവന്നു പടിക്കൽവച്ചു തന്നെ സ്വീകരിക്കുന്നതു കാണുമ്പോൾ ഏതൊരു പിതാവിന്റെ ക്ലേശങ്ങളാണ് പമ്പകടക്കാതിരിക്കുന്നതു്? സന്ധ്യക്കുതന്നെ പിതാവും മാതാവും കുട്ടികളും എല്ലാവരുംകൂടി സമ്മേളിച്ചു് കൂട്ടമായി പ്രാർത്ഥനചൊല്ലി തമ്മിൽ സ്തുതിയും പറഞ്ഞശേഷം കുറെ നല്ല പുസ്തകങ്ങൾ വായിക്കയോ പാട്ടുപാടുകയോ നല്ല കാര്യങ്ങളെക്കുറിച്ചു സംസാരിക്കുകയോ ചെയ്താൽ ഉണ്ടാകുന്ന ആനന്ദത്തോടു്, ദൈവികമായ ആനന്ദത്തോടു് പാപകരമോ വെറും വ്യർത്ഥമോ ആയ യാതൊരു സന്തോഷവും അടുത്തുവരികയില്ല. ദൈവാശീർവ്വാദമുള്ള ഉത്തമകുടുംബം ഒരു ഭൗമ്യപറുദീസാതന്നെയാണ്. ഇതെല്ലാവരും അനുഭവിച്ചറിഞ്ഞിരുന്നെങ്കിൽ!

---

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം

(3-ാം പേജ് തുടർച്ച)

നമായ റോമൻ സ്കൃ ദേവാലയങ്ങൾ ഡസൻ കണക്കിൽ എടുത്താലും ഒന്നുകിൽ മണിമേടകൾ ശൂന്യം, അല്ലെങ്കിൽ ഓരോന്നുമാത്രം എന്നതായിരുന്നു അവയിലെ ശില്പനിയമമെന്നു് വ്യക്തമാണ്. 12-ാം ശതാബ്ദം മുതൽ റോമൻസംകൃ രീതിയിൽ അതിസ്ഥൂലമായ കത്തീഡ്റൽപള്ളികളുംപരിവ്രാജകമന്ദിരങ്ങളും (abbys) പണിചെയ്യാൻതുടങ്ങി. അതോടുകൂടിയാണ് ഇതു രണ്ടെന്നല്ല അഞ്ചെട്ടുന്നയും മണിമാളികകൾ കൂട്ടിക്കെട്ടുന്ന സമ്പ്രദായം നടപ്പിൽ വന്നതു്. തുടർന്നു് ഗോത്തിക്കു് ദേവാലയങ്ങളിലും ഇതു സംവിധാനം വിപുലമായി അനുവർത്തിക്കപ്പെട്ടു. എന്നാൽ ഏതുരീതിയിൽ പണിചെയ്യിച്ചതായാലും സാധാരണ ഇടവകപ്പള്ളികളിൽ മണിമാളിക ഒന്നുമില്ലാതിരിക്കയോ ഒന്നുമാത്രമായിരിക്കയോ ചെയ്യുന്നതാണു് പതിവു്. വികല്പത്തിന്റെ ലക്ഷ്യങ്ങൾ വളരെക്കുറച്ചേ എവിടേയും കാണുകയുള്ളു. മദ്ധ്യയുഗങ്ങളിലുണ്ടായ അനേകം ഇംഗ്ലീഷ് കത്തീഡ്റൽകളിൽ ഓരോമണിമേട മാത്രമാണുള്ളതു്. വേറേയും ഏതുശതാബ്ദത്തിൽ പണിയാലും ഇതരണ്ടു മണിമാളികയോടുകൂടിയ പള്ളികളുടെ ആവിർഭാവം ചുരുക്കമായിട്ടു കണ്ടുകിട്ടുകയുള്ളു. പ്രോട്ടസ്റ്റൻറ് ദേവാലയങ്ങളിൽ ഓരോ മണിമേടമാത്രം സാർവ്വത്രികമായിക്കാണുന്നതു് എന്തുകൊണ്ടെന്നാണെങ്കിൽ, കാരണം അതിത ശതാബ്ദത്തിൽ ഗോത്തിക്കരീതിക്കുണ്ടായ താരിതാഭിവൃദ്ധികളിൽ മദ്ധ്യയുഗത്തിന്റെ സ്വഭാവമാതൃക അവർ നിലനിർത്താൻ ശ്രമിച്ചു എന്നുള്ളതാണു്. അതായതു് അവരുടെ പ്രസ്ഥാനമാമൂൽ ഒരു കത്തോലിക്കാ പാരമ്പര്യത്തിന്റെ പകർപ്പാകുന്നുവെന്നു് ചുരുക്കം.

ഇനിയും കത്തോലിക്ക നിദാനത്തോടുകൂടിയ പല നടപടികൾ പ്രോട്ടസ്റ്റൻറുകാരുടെ മദ്ധ്യേ അവശേഷിച്ചി

**FREE INDIA BANK LIMITED**

H. O. Kottayam, Travancore

(Incorporated under Travancore Companies Act—
Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

FIXED DEPOSITS received at rates varying from 4%—6% interest per annum.

6% CASH CERTIFICATES issued.

CHEQUES, DRAFTS & BILLS accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |

# മരിയാസഖ്യം

## പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്ത്

(പരിഭാഷകൻ: ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

III

ഈ സംഗതികളെ പരിഗണിച്ചു് പുണ്യസമ്പാദനത്തിനുള്ള ഈ വിദ്യാലയവും ക്രൈസ്തവപ്രേഷിതവേലയും അനുദിനം വർദ്ധിക്കണമെന്നുള്ള അതീവമായ ആഗ്രഹത്താൽ പ്രേരിതമായി ലോകമാസകലമുള്ള മരിയാസഖ്യങ്ങൾ അനുസരിക്കേണ്ട ചില സംഗതികൾ നമ്മുടെ മേല്പറഞ്ഞാധികാരത്തോടുകൂടെ സംക്ഷിപ്തമായി നിർദ്ദേശിച്ചുകൊള്ളുന്നു.

1. റോമൻ കോളേജിലെ "പ്രിമാപ്രിമരിയാ"യോടു സംഘടിതമായിട്ടുള്ള മരിയാസഖ്യങ്ങൾ തിരുസ്സഭയിൽ സ്ഥാപിതമായിട്ടുള്ളതും അംഗങ്ങൾക്കു നിർദ്ദിഷ്ടമായിരിക്കുന്ന ചുമതലകൾ നന്നായി നിർവ്വഹിക്കുന്നതിനു ധാരാളം അനുഗ്രഹങ്ങൾകൊണ്ടു് സമ്പുഷ്ടങ്ങളുമായ സംഘങ്ങളാണു്.

2. ഒരു സഖ്യം നിയമാനുസാരം സ്ഥാപിക്കുവാൻ അതിനു് അധികാരമുള്ള വൈദികാദ്ധ്യക്ഷനു മാത്രമേ പാടുള്ളു. ഈശോസഭയുടെ ഭവനങ്ങളിലും ഈശോസഭയ്ക്കു് ഏല്പിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും സഭയുടെ ജനറൽ ആണു് സഖ്യം സ്ഥാപിക്കേണ്ടതു്. മററുസ്ഥലങ്ങളിൽ സ്ഥലത്തെ മെത്രാനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടെ മേൽപ്പറഞ്ഞ ജനറാളിനോ സഖ്യം സ്ഥാപിക്കാം. ഇങ്ങനെ സ്ഥാപിതമാകുന്ന സഖ്യങ്ങൾക്കു വല്ല അവകാശങ്ങളും ദണ്ഡവിമോചനങ്ങളും ലഭിക്കണമെങ്കിൽ പ്രിമാപ്രിമാരിയായോടു സംഘടിപ്പിച്ചിട്ടുണ്ടായിരിക്കണം. ഇങ്ങനെ സംഘടിപ്പിക്കുവാനുള്ള അപേക്ഷ സ്ഥലത്തെ വൈദികാദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടെ ഈശോസഭയുടെ ജനറലിനു് അയക്കേണ്ടതും അദ്ദേഹത്തിനു മാത്രം ഇതു് അനുവദിക്കാവുന്നതുമാണു്. ഇതുകൊണ്ടു ഈശോസഭയ്ക്കോ പ്രിമാപ്രിമാരിയാ എന്ന സംഘടനയ്ക്കോ ആ സഖ്യത്തിന്മേൽ യാതൊരവകാശങ്ങളും ഉണ്ടാകുന്നതല്ല.

3. മരിയാസഖ്യങ്ങൾ ഇന്നത്തെ ആവശ്യങ്ങൾക്കു് ഏററവും അനുയോജ്യമാകയാൽ പരിശുദ്ധ മാർപ്പാപ്പാമാരുടെ ഇഷ്ടാനുസരണം തങ്ങളുടെ നിയമങ്ങളും, പ്രത്യേക വ്യവസ്ഥകളും, സംഘടനയും കൃത്യമായി പാലിക്കണം.

4. പ്രഥമ മരിയാ സഖ്യാംഗങ്ങൾ അനുവർത്തിച്ചുപോന്നതും സാധാരണമായി പ്രചാരത്തിലിരിക്കുന്നതുമായ നിയമങ്ങളുടെ ഒരു സംക്ഷേപവും മാറ്റുകയുമെന്നനിലയിൽ പ്രിമാപ്രിമാരിയായോടു സംഘടിപ്പിക്കുവാൻ ആവശ്യമായി നിർദ്ദേശിച്ചിരിക്കുന്നനിയമങ്ങളെങ്കിലും എല്ലാ മരിയാസഖ്യാംഗങ്ങളും സ്വീകരിക്കണമെന്നു നാം ശക്തിയുക്തം ഉൽബോധിപ്പിക്കുന്നു.

5. പ്രേഷിതവേലകൾക്കായി നിയുക്തമായിരിക്കുന്ന ഇതരസംഘടനകളെപ്പോലെ, എല്ലാ മരിയാസഖ്യങ്ങളും അവതമ്മിൽ അല്പാല്പമായ അന്തരമുണ്ടെങ്കിൽത്തന്നേയും വൈദികാദ്ധ്യക്ഷന്മാർക്കു കീഴ്പ്പെട്ടിരിക്കുന്നു.

6. ദൈവരാജ്യം പരത്തുന്നതിനും ക്രിസ്തീയ അവകാശങ്ങൾക്കായി പൊരുതുന്നതിനും മരിയാസഖ്യാംഗങ്ങൾ രൂപവൽക്കരിക്കുന്ന സൈന്യനിര വൈദികപ്പോകാതിരിക്കുവാനും അവരുടെശക്തി അധഃപതിക്കാതിരിക്കുവാനുമായി കാലോചിതമായി പ്രവർത്തിക്കുകയും തങ്ങളുടെ മാർഗ്ഗദർശികളുടെ പാദങ്ങളെ പിന്തുടരുകയും ചെയ്യുന്നതോടൊപ്പം താഴെപറയുന്ന കാര്യങ്ങൾ അവർ കാത്തിരിക്കേണ്ടതാണു്.

എ) സ്ഥലത്തെ വൈദികാദ്ധ്യക്ഷൻ

1. തന്റെ ഭരണത്തിൻകീഴുള്ള മരിയാസഖ്യങ്ങളുടെമേൽ അവയുടെ ബാഹ്യമായ പ്രേഷിതവേലയെ സംബന്ധി

ട്ടുണ്ടു്. ഒന്നുരണ്ടുദാഹരണങ്ങൾ കൂടി പറയാം. ഇംഗ്ലീഷ്കാർ പരിശുദ്ധ ത്രിത്വത്തിരുനാളിനു പകരം ത്രിത്വത്തിന്റെ തിരുനാളിനെത്തുടർന്നു് ഞായറാഴ്ചകളുടെ എണ്ണം കണക്കാക്കുന്നു. ഇതു മദ്ധ്യയുഗത്തിൽ കത്തോലിക്കരുടെ ഇടയിൽ നടപ്പായിരുന്ന ശുദ്ധദിനസംഖ്യാനത്തിന്റെ യഥാസ്ഥിതമായ അനുകരണമല്ലാതെ നവീനമായ ഒന്നോ, ഒരിക്കലും ഒരു പ്രോട്ടസ്റ്റൻറ് കണ്ടുപിടുത്തമോ അല്ല. ഇപ്രകാരം തന്നെ പെരുന്നാൾ (Feast day) ഉപേക്ഷിച്ചു് "പിറന്നാൾ" (Birth day) ആഘോഷിക്കുന്ന ആംഗ്ലേയാചാരവും അവർക്കു് കടം കിട്ടിയതാകുന്നു. ശിശുവിന്റെ ജന്മദിനം ഏതു വിശുദ്ധാത്മാവിന്റെതാണോ ആ പുണ്യാത്മാവിനെ കുട്ടിക്കു് രക്ഷാധാര (Patron) മായിതിരഞ്ഞെടുത്തിരുന്ന മദ്ധ്യകാലകത്തോലിക്കരുടെ പതിവിൽ നിന്നത്രെ ഇതുത്ഭവിച്ചതു്. പെരുന്നാളും പിറന്നാളും കത്തോലിക്കർക്കു് അങ്ങനെ ഒന്നായിത്തീർന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഇടയിലാകട്ടെ രക്ഷാധാരമായ ആൾ നിരസിക്കപ്പെട്ടു. എന്നാൽ ആളുടെ ദിവസം ഉപാസിക്കപ്പെടുകയും ചെയ്യുന്നു.

ഈ അപ്രകൃതം ഇവിടെ വിട്ടുകൊണ്ടു് നമുക്കു പ്രതിപാദ്യത്തിലേക്കുതന്നെ പിന്തിരിയാം.

• പകല്പവകാശം ലേഖകനു്

## ജൂബിലിസ്മാരക കലണ്ടർ

മലയാള സുറിയാനിഹയരാർക്കി രജതജൂബിലി നവവത്സരാദ്യത്തം സ്മരിക്കുവാൻ എല്ലാവരും "സ്മാരക കലണ്ടറിനു" ഭവനപ്രവേശനം നൽകുവിൻ!

ബുദ്ധിക്കു് ആനന്ദം! ഭവനത്തിനു് അലങ്കാരം!


ഒററപ്രതിക്കു് 8 ണ. ഡസനു് 5 ക. ഒററപ്രതി ആവശ്യക്കാർ സ്റ്റാമ്പു് അയച്ചാലും മതി.

ആവശ്യപ്പെടുവിൻ:—

കത്തോലിക്കാ കോൺസ് ടി. ബി. ഡിപ്പോ

പാലാരിവട്ടം, എറണാകുളം

## പേപ്പൽ ബഹുമതി ലഭിച്ചവർ



ഇരിക്കുന്നവർ: വെരി റവ. മോൺ: ജോസഫ് കൊറായ (ഓച്ചൻതുരുത്ത്), റൈററ് റവ. മോൺ: അലക്സാണ്ടർ ലന്തപ്പറമ്പിൽ (വികാരിജനറൽ), മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ട്, വെരി റവ. മോൺ: ഫ്റാൻസിസ് ചമ്മണി (ചാത്യാത്ത്), വെരി റവ. മോൺ: ജോസഫ് വൈപ്പിശ്ശേരി (എറണാകുളം). ഞ്ഞോംനിര: മെ: പി. സി. വക്കി, എൽ. എം. പൈലി, സി. ജെ. ലൂയീസ്, കല്ലുങ്കൽ ബാവു ഔസേപ്പ്.

ച്ചി ... തിരുസിംഹാസനത്തി ൻെറ കല്പനകളും നിർദ്ദേശങ്ങളുമനുസരിച്ചു പരിശുദ്ധ കാനോനാകളിലുള്ള അധികാരം അദ്ദേഹത്തിനുണ്ടായിരിക്കും.

2. ഈശോസഭ വക ഭവനങ്ങൾക്കു പുറമേയുള്ള മരിയാസഖ്യങ്ങൾക്കു പൊതുനിയമങ്ങളുടെ സാരാംശത്തിനു വിരുദ്ധമല്ലാത്ത നിയമങ്ങൾ നല്കാൻ അദ്ദേഹത്തിനു അധികാരമുണ്ട്.

ബി) ഇടവക വികാരി

1) ഇടവകയിലേ ഇതരസഖ്യങ്ങളുടേതെന്നപോലെ മരിയാസഖ്യത്തിൻേറയും അദ്ധ്യക്ഷൻ അദ്ദേഹമായിരിക്കും.

2) ബാഹ്യമായ പ്രേഷിതവേലയെ സംബന്ധിച്ചു കാനൻ നിയമപ്രകാരവും രൂപതാനിയമങ്ങളനുസരിച്ചുമുള്ള അധികാരം പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഖ്യങ്ങളുടെമേലും അദ്ദേഹത്തിനു ഉണ്ടായിരിക്കും.

(VII) മരിയാസഖ്യങ്ങളുടെ ഡയറക്ടർ എല്ലായ്പോഴും ഒരു വൈദികനായിരിക്കണം. നിയമാനുസാരം നിയമിതനാകുന്ന ഈ വൈദികൻ തൻെറ മേലദ്ധ്യക്ഷന്മാർക്കു കീഴ്പെട്ടിരിക്കുമെങ്കിലും സഖ്യത്തിൻെറ ആന്തരികപ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു സാധാരണ നിയമമനുസരിച്ചുള്ള സ്വാതന്ത്ര്യം മുഴുവനും ഉണ്ടായിരിക്കുന്നതാണ്. തൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിനു സഹായമായി പററിയ അംഗങ്ങളെ തിരഞ്ഞെടുക്കുകയും അവർവഴി തനിക്കുള്ള അധികാരം വിനിയോഗിക്കുകയും ചെയ്യുന്നതു ഉത്തമമായിരിക്കും.

(VIII) ഈ സഖ്യങ്ങളെ മരിയാസഖ്യങ്ങളെന്നു വിളിക്കണം. അവയുടെ നാമം പരിശുദ്ധകന്യകാമറിയത്തിൽ നിന്നുണ്ടാകുന്നതുകൊണ്ടുമാത്രമല്ല, പ്രത്യുത ഓരോ അംഗവും ദൈവമാതാവിനോടു പ്രത്യേകഭക്തി പ്രകാശിപ്പിക്കാമെന്നു വാഗ്ദാനം ചെയ്യുന്നതുകൊണ്ടും, പരിശുദ്ധയമ്മയ്ക്കു പൂർണ്ണമായി തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതുകൊണ്ടും സ്വന്തം പരിപൂർണ്ണതയ്ക്കും ഇതരരുടെ ആത്മരക്ഷയ്ക്കുമായി കന്യകാമറിയത്തിൻെറ കൊടിക്കീഴിൽനിന്നു സർവ്വ പരിശ്രമവും ചെയ്യാമെന്നു ദോഷത്തിൻകീഴല്ലെങ്കിലും പൂർണ്ണമായി നിശ്ചയിക്കുന്നതുകൊണ്ടുംകൂടെയാണ് ഇങ്ങനെ ചെയ്യണമെന്നു പറയുന്നതു. സ്വയംപ്രതിഷ്ഠകൊണ്ടു ഒരംഗം തന്നെത്തന്നെ എന്നന്നേക്കുമായി ഭാഗ്യപ്പെട്ട കന്യകാമറിയത്തിനു സമർപ്പിക്കുകയാണു ചെയ്യുന്നതു. സ്വന്ത മനസ്സാലെ സഖ്യത്തെ ഉപേക്ഷിക്കുകയോ സഖ്യത്തിൽനിന്നു പുറത്താകുകയോ ചെയ്താൽ മാത്രമേ ഈ സമർപ്പണം ഇല്ലാതാകുന്നുള്ളു.

(IX) വെറും സാധാരണജീവിതംകൊണ്ടു തൃപ്തിപ്പെടാതെ നിയമാവലിയിൽ അനുശാസിക്കുന്ന തപശ്ചര്യകളും ആദ്ധ്യാത്മികാഭ്യാസങ്ങളുമനുസരിച്ചു തങ്ങളുടെ ഹൃദയംകൊണ്ടു ഉന്നതാദർശങ്ങളെ കൈവരിച്ചിട്ടുള്ളവരെമാത്രം സഖ്യത്തിൽ ചേർക്കുവാൻ ശ്രദ്ധപതിക്കേണ്ടതാണ്.

(X) ക്രിസ്തീയ ജീവിതത്തിലും പ്രേഷിതപരിശ്രമങ്ങളിലും ഇതരക്കു മാതൃകയാകത്തക്കവിധം ഓരോ അംഗത്തിനും ശിക്ഷണം നൽകുന്നതാണ് മരിയാസഖ്യത്തിൻെറ ചുമതല.

(XI) എല്ലാത്തരത്തിലുമുള്ള പ്രേഷിതവേലകളും ... മിശിഹായുടെ രാജ്യം പരത്തുന്നതും സഭയുടെ അവകാശങ്ങൾക്കുവേണ്ടി വൈദികാദ്ധ്യക്ഷന്മാരുടെ നിർദ്ദേശാനുസരണം പ്രയത്നിക്കുന്നതും മരിയാസഖ്യങ്ങളുടെ മൌലികോദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു. വൈദികപ്രേഷിതവേലയോടു പരിപൂർണ്ണവും യഥാർത്ഥവുമായ സഹകരണമുണ്ടാകുവാൻ സഖ്യത്തിനു സ്വന്തമായ സഹകരണമാർഗ്ഗങ്ങൾ മാററുകയോ മറക്കുകയോ ചെയ്യരുതു.

(XII) പ്രേഷിതവേലയ്ക്കായി നിയുക്തമായിരിക്കുന്ന സംഘടനകളോടോ കത്തോലിക്കാപ്രവർത്തനത്തിനുള്ള കേന്ദ്രസംഘത്തോടുതന്നെയോ മരിയാസഖ്യങ്ങൾ സംഘടിപ്പിച്ചിരിക്കുകയാണെങ്കിൽ ത്തന്നെ ഇവ ഒരുവിധത്തിലും മററു സംഘടനകൾക്കു കീഴാകുന്നതല്ല. തങ്ങളുടെ ഇടയന്മാരുടെ നേതൃത്വത്തിൽ പ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന മരിയാസഖ്യാംഗങ്ങൾ ഇതരസംഘടനകളെ സഹായിക്കേണ്ടതുകൊണ്ടു ഒരു മരിയാസഖ്യാംഗം ഇതരസമാജങ്ങളുടെ അംഗമായി ചേരണമെന്നു നിർബന്ധമില്ല.

ഈ എഴുത്തു ഇപ്പോഴും ഭാവിയിലും ...ണ്ണവും കാര്യക്ഷമവുമായിത്തന്നെ ഇരിക്കണമെന്നും ഇതു ആരെസംബന്ധിക്കുന്നുവോ അവർക്കു ഇതു അനുഗ്രഹസമ്പൂർണ്ണമായിരിക്കേണ്ടതാണെന്നും അങ്ങനെ ഇതിനെ നിർവ്വചിക്കുകയും നിരൂപിക്കയും ചെയ്യേണ്ടതാണെന്നും നാം ഉറപ്പിച്ചു പ്രസ്താവിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു. ഇതിനു എതിരായി എന്തുതന്നേ ഉണ്ടായിരുന്നാലും, ആരെങ്കിലും അറിഞ്ഞോ അറിയാതെയോ ഇതിനെതിരായി എന്തെങ്കിലും ചെയ്യുവാൻ തുടങ്ങുകയാണെങ്കിൽ, അതു അസാധുവും വ്യർത്ഥവുമായിരിക്കുന്നതാണ്.

1948 സെപ്ററംബർ 27-ാംനു ഭരണത്തിൻെറ 10-ാം വർഷത്തിൽ "ഗ്ലോറിയോസേ ഡോമിനേ" എന്ന തിരുവെഴുത്തിൻെറ രണ്ടാം ശതക ...ത്തീകരണം പ്രമാണിച്ചു റോമയുടെ അരികെ കാസ്റ്റൽ ഗൊണ്ടോൾഫോയിൽനിന്നു നല്കപ്പെട്ടതു.

പന്ത്രണ്ടാംപീയൂസ്.

## എർത്തുരുത്ത്

എൽത്തുരുത്തു സെൻറലോഷ്യസ് ബോർഡിംഗിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ വാർഷികസമ്മേളനം റവ ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ സുപ്രസിദ്ധ പ്രാസംഗികനായ പ്രൊഫസർ പി. ടി. തോമസ് എം. എ. എൽ. ടി. ഒരു ധാർമ്മികസമരത്തിനായി കത്തോലിക്കായുവാക്കന്മാർ അണിനിരക്കേണ്ടതിൻെറ ആവശ്യകതയെ പുരസ്കരിച്ചു വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്തു. സൊഡാലിററി നടത്തിവരുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങൾ അദ്ധ്യക്ഷൻേറയും പ്രാസംഗികൻേറയും മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമായെന്ന സംഗതിയും പ്രസ്താവ്യമാണ്.

## ഹിലേർ ബല്ലക്ക്

സുപ്രസിദ്ധ ആംഗ്ലേയഗ്രന്ഥകാരനായ ഹിലേർ ബെല്ലക്കിനു ഇപ്പോൾ 78 വയസ്സു പ്രായമുണ്ടു. അദ്ദേഹം കഴിഞ്ഞ മൂന്നു വർഷങ്ങളായി സസെക്സിൽ ഷിപ്പ്ലി എന്ന സ്ഥലത്തു സാഹിത്യസംരംഭങ്ങളിൽ നിന്നെല്ലാം വിരമിച്ചു വിശ്രമിച്ചുവരികയാണ്. ഇടയ്ക്കിടയ്ക്കു തൻെറ ഗ്രാമീണവസതിക്കു സമീപമുള്ള പാതകളിലൂടെ അദ്ദേഹം നടക്കുന്നതുകാണാം. ഇപ്പോഴും അദ്ദേഹം തൻെറ പഴയ ഓവർകോട്ടു ധരിക്കയും പഴയ വടി കൊണ്ടുനടക്കുകയും ചെയ്യുന്നുണ്ടു.

വേദശാസ്ത്രപംക്തി

## മാമ്മോദീസാ

(J E M)

വി. സഭയുടെ നിയോഗമനുസരിച്ചു ഏതൊരു പുരുഷനും സ്ത്രീയും നൽകുന്ന മാമ്മോദീസാ സാധുവായിരിക്കും. എന്നാൽ അപകടമുള്ളപ്പോൾ മാത്രമേ ഇങ്ങനെ ചെയ്യാവൂ. ആഘോഷമായ മാമ്മോദീസാ നൽകുന്നതിനു അധികാരം വൈദികർക്കും ആറാം പട്ടക്കാർക്കും മാത്രമേയുള്ളൂ. ഇതു ഇടവക വികാരിയുടെ അവകാശവുമാണ്.

അപകടമുള്ളപ്പോൾ "വീട്ടു മാമ്മോദീസാ" നൽകുന്നതിനു, നിവൃത്തിയുണ്ടെങ്കിൽ ഒരു വൈദികനെത്തന്നെ വരുത്തണം. അതിനു സൗകര്യമില്ലെങ്കിൽ ആറാം പട്ടക്കാരൻ, അഞ്ചാം പട്ടക്കാരൻ, മററു ശമ്മാശന്മാർ, വിശ്വാസി, വിശ്വാസിനി എന്നീ ക്രമത്തിൽ മുൻഗണന നൽകണം. മററാരുമില്ലെങ്കിൽ മാത്രമേ മാതാപിതാക്കന്മാർ മാമ്മോദീസാ നൽകാവൂ. അടുത്തുള്ള പുരുഷന്മാരെക്കാൾ നന്നായിട്ടു കൂദാശ നടത്താൻ വശമുള്ള ഒരു സ്ത്രീ സമീപത്തുണ്ടെങ്കിൽ അവരെക്കൊണ്ടുതന്നെ കൂദാശ നൽകിക്കണം. ഡോക്ടറന്മാർ, സൂതികർമ്മിണികൾ മുതലായവർ മാമ്മോദീസാ നൽകുന്നതിനാവശ്യമുള്ള സംഗതികൾ പഠിച്ചിരിക്കുന്നതും ഏററം ഉപകാരപ്രദമാണ്.

അപകടമുള്ളപ്പോൾ ഉദരസ്ഥമായ ശിശുവിൻെറ തലമാത്രം പുറത്തുവന്നാലും മാമ്മോദീസാ നൽകാം. മററവയവങ്ങളാണ് ആദ്യം പ്രത്യക്ഷപ്പെടുന്നതെങ്കിൽ സംശയത്തിൻകീഴ് മാമ്മോദീസാ നൽകാം. സംശയത്തിൻകീഴ് എന്നു പറയുന്നതിൻെറ അർത്ഥം കൂദാശസ്വീകരിക്കുന്നയാളിനു ആ കൂദാശസ്വീകരിക്കാൻ അർഹതയുണ്ടെങ്കിൽ മാത്രം കൂദാശ നൽകുന്നു എന്ന ഉദ്ദേശ്യത്തോടുകൂടെ ചെയ്യുക എന്നാണ്. ഉത്തമാംഗമായ തലയിൽ വെള്ളമൊഴിച്ചു കൂദാശ നൽകണമെന്നുള്ളതാണ് നിയമം. അതിനു സാദ്ധ്യമല്ലാതെ വന്നതുകൊണ്ടാണല്ലോ മററവയവത്തിൽ മാമ്മോദീസാ നൽകുന്നതു. ഈ മാമ്മോദീസാ സാധുവാണെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. എങ്കിലും നിത്യരക്ഷക്കേററമാവശ്യമായ കൂദാശയായതുകൊണ്ടും പാടുള്ളതു ചെയ്യുന്നു. ഇങ്ങനെയുള്ള അവസരങ്ങളിലല്ലാതെ സാധുവാകുമോ എന്നു സംശയമുള്ള സാഹചര്യങ്ങളിൽ കൂദാശ നിർവ്വഹിക്കാൻ പാടില്ല.

തലയൊഴിച്ചു മറേറതെങ്കിലും അവയവത്തിൽ മാമ്മോദീസാ നൽകപ്പെട്ട ശിശു മുഴുവനായി പുറത്തുവരുന്നുവെങ്കിൽ വീണ്ടും സംശയത്തിൻകീഴ് തലയിൽ മാമ്മോദീസാ നൽകണം. ഇവിടെ സംശയത്തിൻകീഴ് എന്നു പറഞ്ഞിരിക്കുന്നതു "നീ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലെങ്കിൽ നിനക്കു ഞാൻ മാമ്മോദീസാ നൽകുന്നു" എന്ന നിയോഗത്തിനാണ്.

അകത്തോലിക്കാസഭകളിൽനിന്നു പുനരൈക്യപ്പെടുന്നവരുടെ മാമ്മോദീസാ സാധുവാണോ എന്നു സംശയമുള്ളപ്പോൾ അവർക്കു സംശയത്തിൻകീഴ് മാമ്മോദീസാ നൽകണം. പരിശുദ്ധ ത്രിത്വത്തിൽ വിശ്വാസമില്ലാത്ത ക്രൈസ്തവവിഭാഗക്കാരുടെ മാമ്മോദീസാ തീർച്ചയായും സാധുവായിരിക്കുകയില്ലല്ലോ.

തീർച്ചയായും മരിച്ചുപോകും എന്നു നിശ്ചയമുള്ള ശിശുക്കൾക്കു അവർ അകത്തോലിക്കരുടെ സന്താനങ്ങൾ ആയിരുന്നാൽത്തന്നെയും മാമ്മോദീസാ നൽകാം. അകത്തോലിക്കരുടെ സന്താനങ്ങളായിരുന്നാലും കത്തോലിക്കരായി അവർ വളർത്തപ്പെടുമെന്നു ബോദ്ധ്യം വന്നാൽ അവർക്കും മാമ്മോദീസാ നൽകാം. മററു സാഹചര്യങ്ങളിൽ മാതാപിതാക്കന്മാരുടെയോ രക്ഷാകർത്താക്കളുടെയോ സമ്മതത്തോടുകൂടെമാത്രമേ അകത്തോലിക്കരുടെ ശിശുക്കൾക്കു മാമ്മോദീസാ നൽകാവൂ.

വഴികളിലും മററും പരിത്യക്തരായി കാണപ്പെടുന്ന ശിശുക്കൾക്കു അവർ മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ടോ എന്നു അന്വേഷിച്ചതിനുശേഷം സ്വീകരിച്ചിട്ടുണ്ടെന്നു ബോദ്ധ്യമാകുന്നില്ലെങ്കിൽ സംശയത്തിൻകീഴ് കൂദാശ നൽകണം.

പ്രായപൂർത്തിചെന്നവർക്കു പൂർണ്ണ അറിവും സമ്മതവുമുണ്ടെങ്കിൽമാത്രമേ മാമ്മോദീസാ നൽകാവൂ.

ക്രിസ്തീയ വിശ്വാസത്തിൻെറ മൌലികതത്വങ്ങൾ പഠിക്കുകയും ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചു അനുതപിക്കുകയും ചെയ്യേണ്ടതു അവരുടെ കടമയാണ്. എന്നാൽ പ്രായപൂർത്തിചെന്നവർ മരണാപകടത്തിൽ വർത്തിക്കുന്നുവെങ്കിൽ മൌലികവിശ്വാസസത്യങ്ങൾ മുഴുവൻ പഠിക്കാതെതന്നെ അവർക്കു മാമ്മോദീസാ നൽകാം. വിശ്വാസസത്യങ്ങൾ സ്വീകരിക്കുന്നുവെന്നും മതനിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നും അവർ ഏതെങ്കിലും വിധത്തിൽ സമ്മതം പ്രകടിപ്പിച്ചാൽ മതി.

---

## മുരുക്കുംപുഴ

വേദോപദേശദിനാചരണവും വിൻസെൻറ് ഡി പോൾ സംഘവാർഷികവും പ്രമാണിച്ചു ജാനുവരി 9-ാംനു മുരുക്കുംപുഴ എം. പി. സ്കൂളിൽവച്ചു വികാരി റവ. ഫാദർ അൽഫോൻസ് ഫെർണാണ്ടസിൻെറ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയിരിക്കുന്നു.

പ്രഭാഷണം

# സ്നേഹസാമ്രാജ്യത്തിലെ മഹാവിപ്ലവം

"നിങ്ങൾ ആരോടും തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്. മറിച്ച്, സകല മനുഷ്യരുടേയും മുമ്പിൽ നന്മ ചെയ്യുവാൻ നിങ്ങൾക്കു ശ്രദ്ധയുണ്ടായിരിക്കട്ടെ. കഴിയുമെങ്കിൽ നിങ്ങളാൽ ആകുവോളം സകല മനുഷ്യരോടും സമാധാനത്തോടുകൂടെ വർത്തിക്കുവിൻ. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യരുത്"...എന്തുകൊണ്ടെന്നാൽ, പ്രതികാരം എന്റേതാണ്, പ്രതിഫലവും ഞാൻ കൊടുത്തുകൊള്ളാം എന്നു ദൈവം അരുളിച്ചെയ്യുന്നതായി എഴുതപ്പെട്ടിരിക്കുന്നു. നിന്റെ ശത്രുവിനു വിശക്കുന്നുവെങ്കിൽ അവനെ തീറ്റുക; അവനു ദാഹിക്കുന്നുവെങ്കിൽ അവനെ കുടിപ്പിക്കുക. നീ അവനോടു ഇവ ചെയ്യുമെങ്കിൽ അവന്റെ തലയിൽ നീ തീക്കനൽ കൂട്ടും. തിന്മ നിങ്ങളെ ജയിക്കരുത്; മറിച്ച്, നിങ്ങൾ നന്മകൊണ്ടു തിന്മയെ ജയിക്കുവിൻ." (ദെനഹ 3-ാം ഞായർ ലേഖനം. റോമ XII 17—21).

പത്തൊമ്പതു നൂറ്റാണ്ടുകൾക്കു മുമ്പ് സ്നേഹസാമ്രാജ്യത്തിൽ ഒരു വലിയ പരിവർത്തനമുണ്ടായി—ഒരു മഹാവിപ്ലവം. "ശത്രുക്കളെ സ്നേഹിക്കുവിൻ" എന്നുള്ള മുദ്രാവാക്യത്തോടുകൂടിയാണ് ആ വിപ്ലവം രംഗപ്രവേശം ചെയ്തതു്. തൽഫലമായി, സങ്കുചിതമായിരുന്ന സ്നേഹസാമ്രാജ്യം അതിവിസ്തൃതമായിത്തീർന്നു, അഖിലലോകവ്യാപകമായിത്തീർന്നു, നിഖിലമാനവസ്വത്തായിത്തീർന്നു. "കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്", "മിത്രങ്ങളെ മാത്രം സ്നേഹിക്കുക, ശത്രുക്കളെ ദ്വേഷിക്കുക", "ഉപദ്രവിക്കുന്നവരെ അങ്ങോട്ടും ഉപദ്രവിക്കണം" എന്നിങ്ങനെയുള്ള പ്രാചീന തത്വങ്ങളുടെ ഇടുങ്ങിയ ചാലുകളിൽക്കൂടി മാത്രം ഒഴുകിയിരുന്ന സ്നേഹസരിത്തു് ക്രിസ്തുവിന്റെ ആഗമനത്തോടുകൂടി സ്വതന്ത്രമായി ലോകമെങ്ങും പ്രവഹിക്കയും ശത്രുമിത്രഭേദമെന്യേ സകലമനുഷ്യരേയും, അതിന്റെ പ്രസരണത്തിൽ ഉൾക്കൊള്ളുകയും ചെയ്തു. ഗിരിപ്രഭാഷണത്തിലാണ് ക്രിസ്തുനാഥൻ ഈ സ്നേഹവിപ്ലവം പ്രഖ്യാപനം ചെയ്തതു്: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ വെറുക്കുന്നവർക്കു നന്മചെയ്യുവിൻ, നിങ്ങളെ മർദ്ദിക്കയും അധിക്ഷേപിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ഇതു് നിങ്ങൾ, ശിഷ്ടന്മാരുടെമേലും ദുഷ്ടന്മാരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴ പെയ്യിപ്പിക്കയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരേണ്ടതിനുവേണ്ടിയാണ്"..." "ഒരുവനെ നിങ്ങൾ എതിർക്കരുത്" നിന്റെ ഇടത്തെ ഗണ്ഡത്തു് അടിക്കുന്നവനു നിന്റെ വലത്തെ ഗണ്ഡവും കാണിച്ചുകൊടുക്കുക...". മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത ഈ വാക്യങ്ങൾ ലോകത്തെ അമ്പരപ്പിച്ചു; സാമൂഹ്യജീവിതത്തിൽ വലിയ കോളിളക്കങ്ങൾ ലോകം ദർശിച്ചു. ലക്ഷോപലക്ഷം ജനങ്ങൾ "ശത്രുക്കളെ സ്നേഹിക്കുവിൻ" എന്നുള്ള പതാകയുടെ കീഴിൽ അണിനിരന്നു; ലക്ഷക്കണക്കിനു് ത്യാഗമൂർത്തികൾ പ്രശോഭിക്കയും ചെയ്തു. ദിവ്യരക്ഷകൻ ഉൽഘാടനം ചെയ്ത സ്നേഹവിപ്ലവത്തിന്റെ വെന്നിക്കൊടി ഉയർത്തിപ്പിടിക്കയും അതിന്റെ മുദ്രാവാക്യത്തെ കൂടുതൽ വിശദീകരിക്കയുമാണ് വി. പൗലോസ് ഇന്നത്തെ ലേഖനത്തിൽ ചെയ്യുന്നതു്: "നിങ്ങൾ ആരോടും തിന്മക്കു പകരം തിന്മ ചെയ്യരുത്"....നിന്റെ ശത്രുവിനു വിശക്കുന്നുവെങ്കിൽ അവനു ഭക്ഷണം നൽകുക...നന്മകൊണ്ടു തിന്മയെ ജയിക്കുവിൻ."

എന്താണ് ഈ ശത്രുസ്നേഹത്തിന്റെ അടിസ്ഥാനം? ക്രിസ്തുനാഥൻതന്നെ പറയുന്നു, ദുഷ്ടശിഷ്ടഭേദമെന്യേ തന്റെ നന്മകൾ—മഴയും വെയിലും—സമൃദ്ധിയായി എല്ലാവർക്കും പ്രദാനം ചെയ്യുന്ന ദൈവത്തിന്റെ മക്കളാണ് നാമെന്നു്. മക്കൾ പിതാവിനെ അനുകരിക്കണമെന്നുള്ളതു പ്രകൃതിനിയമമാണല്ലോ. ദൈവം ദുഷ്ടനേയും പരിധിനിർണ്ണയങ്ങളൊന്നുകൂടാതെ സ്നേഹിക്കുന്നുണ്ടെങ്കിൽ അങ്ങേ മക്കളായ നാമും നമ്മുടെ ശത്രുക്കളെ ഉദാരമായി സ്നേഹിക്കേണ്ടതല്ലയോ? നാം പരസ്പരം സഹോദരന്മാരല്ലേ? മിശിഹായാകുന്ന ഏകശരീരത്തിന്റെ അവയവങ്ങളല്ലേ നാമെല്ലാവരും?


സ്ഥലകാലശൃംഖലകളാൽ ബന്ധനായിക്കിടന്നിരുന്ന മനുഷ്യനു ഇപ്പോൾ ഏതാണ്ട് പൂർണ്ണമുക്തിതന്നെ കൈവന്നിട്ടുണ്ടെന്നു പറയാം. നവീന കണ്ടുപിടുത്തങ്ങൾമൂലം ദൂരം എന്നൊന്നു ഇല്ലാത്തതുപോലെ അത്രയ്ക്കു അടുത്തു പെരുമാറുവാൻ വിവിധരാജ്യനിവാസികൾക്കും സാധിക്കുന്നുണ്ട്. വിമാനങ്ങൾ, കമ്പിത്തപാൽ, റേഡിയോ, ടെലെവിഷൻ തുടങ്ങിയ ആധുനിക സജ്ജീകരണങ്ങൾകൊണ്ടു ഒരു വീട്ടിൽ താമസിക്കുന്ന സഹോദരന്മാരെപ്പോലെ സാമീപ്യസമ്പർക്കത്തിൽ മനുഷ്യർ ജീവിക്കുന്നു. ന്യൂയോർക്കിൽ സംഭവിക്കുന്ന കാര്യങ്ങൾ ഉടനടി ഇന്ത്യയിൽ അറിയുന്നു. ഇംഗ്ലീഷുകാർക്കു ഇംഗ്ലണ്ടിലിരുന്നുകൊണ്ടു ഇന്ത്യാക്കാരുമായി സംഭാഷിക്കയോ അവരെ കാണുകയോ ചെയ്യാം. മനുഷ്യർ തമ്മിൽ ഇപ്രകാരമുള്ള സാമീപ്യം മുമ്പൊരിക്കലുമുണ്ടായിട്ടില്ല. എന്നാൽ, അതേസമയം തന്നെ, മനുഷ്യരുടെ ഹൃദയങ്ങൾ തമ്മിൽ മുമ്പൊരിക്കലും ഇത്രമാത്രം അകന്നു ഉണ്ടായിട്ടില്ലെന്നുള്ളതും വാസ്തവമല്ലേ? ഭൗതികമായ അകലം മാത്രമേ അപ്രത്യക്ഷമായിട്ടുള്ളൂ. ഹൃദയങ്ങൾ തമ്മിലുള്ള വിടവ് ഇപ്പോൾ വർദ്ധിക്കയാണ് ചെയ്തിട്ടുള്ളതു്. ഈ വിടവ് നികത്തി മനുഷ്യഹൃദയങ്ങൾ തമ്മിൽ സംയോജനം സാധിക്കണമെങ്കിൽ, മനുഷ്യരെല്ലാവരും—ദുഷ്ടശിഷ്ടവ്യത്യാസം കൂടാതെ, ശത്രുമിത്രഭേദമെന്യേ സകലരും—സ്വർഗ്ഗസ്ഥനായ ഏക പിതാവിന്റെ മക്കളാണെന്നും തന്നിമിത്തം അവർ തമ്മിൽ സഹോദരന്മാരാണെന്നും മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള ശത്രുതകൾ മഹായുദ്ധങ്ങൾമൂലം തീക്ഷ്ണതരമായിട്ടുണ്ട്. മിത്രരാജ്യങ്ങളെ സഹായിക്കുവാനും ശത്രുരാജ്യങ്ങളെ തകർക്കുവാനും ബദ്ധകങ്കണരായിരിക്കുന്ന രാഷ്ട്രങ്ങൾ തമ്മിൽ എങ്ങനെ സമാധാനമുണ്ടാകും? ദൈവത്തിന്റെ പിതൃത്വവും മനുഷ്യരുടെ ഭ്രാതൃത്വവും അംഗീകരിച്ച് തദനുസാരം പ്രവർത്തിക്കുന്നില്ലെങ്കിൽ, ഐക്യരാഷ്ട്രസമിതികൾ സ്ഥാപിച്ചതുകൊണ്ടോ, സമാധാന കോൺഫറൻസുകൾ നടത്തിയതുകൊണ്ടോ, ഉടമ്പടികളിൽ ഒപ്പുവെച്ചതുകൊണ്ടോ യാതൊരു ഫലസിദ്ധിയുമുണ്ടാകുന്നതല്ല.

എന്തിനു രാഷ്ട്രങ്ങളെ അപലപിക്കുന്നു? നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും, സമുദായങ്ങളിലും ശത്രുവിദ്വേഷം എത്രമാത്രമുണ്ടെന്നു ആലോചിച്ചു നോക്കുക. ഒരുകുടുംബത്തിൽത്തന്നെ സഹോദരന്മാർ തമ്മിലും ബന്ധുക്കൾ തമ്മിലും ശത്രുത്വം വെച്ചു പുലർത്തുന്നില്ലേ? തറവാടുകൾ തമ്മിൽ നീണ്ടു നില്ക്കുന്ന വഴക്കുകൾ ഇല്ലേ? ചേരിതിരിഞ്ഞുകൊണ്ടുള്ള ശത്രുതകൾ ഇല്ലേ? ഹൃദയത്തിൽ ഊറിക്കിടക്കുന്ന ചില വിദ്വേഷങ്ങൾ ഇല്ലേ? തരം കിട്ടുമ്പോൾ ശത്രുവിനെ പ്രത്യക്ഷമായോ പരോക്ഷമായോ അടിച്ചമർത്തുവാൻ ശ്രമിക്കുന്നില്ലേ? ഓരോരുത്തരും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു സ്വയം പരിശോധിക്കട്ടെ.

ക്രിസ്തുനാഥൻ കുരിശിൽ കിടന്നുകൊണ്ടു തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു: "പിതാവേ, ഇവരോടു ക്ഷമിക്കേണമേ. എന്തുകൊണ്ടെന്നാൽ ഇവർ ചെയ്യുന്നതെന്താണെന്നു ഇവർ അറിയുന്നില്ല." ശത്രുസ്നേഹമാകുന്ന മഹാസന്ദേശം അങ്ങ് സ്വകൃത്യപരമ്പരകളിൽ പകർത്തുകയും ക്രൂശിൽവെച്ച് അവയ്ക്കു മകുടംചാർത്തുകയും ചെയ്തു. ദാവീദ് രാജാവ് തന്റെ ശത്രുവായ—തന്നെ വധിക്കുവാൻ അന്വേഷിച്ചിരുന്ന—സാവൂൾ രാജാവിനെ എപ്രകാരം സ്നേഹിച്ചുവെന്നു് പഴയനിയമത്തിൽ പ്രകീർത്തിതമാണല്ലോ. "കർത്താവേ, ഈ പാപം അവരുടെ മേൽ ചുമത്തരുതേ" എന്നു് തന്റെ കൊലപാതകർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു മരിച്ച പ്രഥമരക്തസാക്ഷിയായ വി. എസ്തപ്പാനോസുമുതൽ ഇന്നോളവും ശത്രുസ്നേഹത്തിന്റെ വീരമാതൃകകൾ സഹസ്രക്കണക്കിനുണ്ടായിട്ടുണ്ട്. കൈകളിൽ വിലങ്ങു വെച്ചുകൊണ്ടു് വധസ്ഥലത്തേക്കു ആനീതനായിരുന്ന ഒരു വൈദികൻ കൊലപാതകരെ ഹൃദയപൂർവ്വം ആശീർവ്വദിക്കുവാനായി തന്റെ വിലങ്ങുകൾ അല്പസമയത്തേക്കു അഴിക്കുവാൻ കേണപേക്ഷിച്ചു. ക്രൂരന്മാരായ ഘാതകന്മാർ പരിഹാസഭാവത്തിൽ അദ്ദേഹത്തിന്റെ കരങ്ങൾ ഛേദിച്ചു കളഞ്ഞു. എന്നാൽ അദ്ദേഹമാകട്ടെ രക്തമൊലിക്കുന്ന അവശിഷ്ടഹസ്തങ്ങൾകൊണ്ടു അവരെ ആശീർവ്വദിച്ചു—ഹൃദയമലിയിക്കുന്ന കാഴ്ച. സഭയെ മർദ്ദിക്കയും സന്യാസിനീസംഘങ്ങളെ നാട്ടിൽനിന്നു തുരത്തുവാൻ നിയമനിർമ്മാണം നടത്തുകയും ചെയ്യുന്ന രാഷ്ട്രീയ നേതാക്കന്മാരെ ആ സന്യാസിനികൾതന്നെ ആസ്പത്രികളിൽ ശുശ്രൂഷിക്കുന്ന കാഴ്ച ഹൃദയസ്പൃക്കമല്ലയോ?

ക്രിസ്തുമതസാരം കടഞ്ഞെടുത്താൽ കിട്ടുന്നതു് "ശത്രുക്കളേയും സ്നേഹിക്കുക" എന്നുള്ള തത്വമാണ്. ഈ തത്വമനുസരിക്കാത്തവൻ ക്രൈസ്തവനെന്ന നാമത്തിനർഹനല്ല. ശത്രുവിദ്വേഷം ഹൃദയത്തിൽ കുടികൊള്ളുമ്പോൾ എത്രദാനധർമ്മം ചെയ്താലും, എത്ര കൊന്തകൾ എത്തിച്ചുകൂട്ടിയാലും, എത്ര കർബാനകളും ഉപവാസങ്ങളും കാഴ്ചവെച്ചാലും ഫലമെന്തു്? നീ ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ ആർക്കെങ്കിലും നിന്നോടു ശത്രുത്വമുണ്ടെന്നറിഞ്ഞാൽ അവനുമായി രമ്യപ്പെട്ടതിനുശേഷം ആ ബലിയെ സമർപ്പിക്കണമെന്നു ക്രിസ്തുനാഥൻ ഉപദേശിക്കുന്നു. നമ്മുടെ ജീവിതമാകുന്ന ബലിയും ദൈവസന്നിധിയിൽ സ്വീകാര്യമാകണമെങ്കിൽ ശത്രുവിദ്വേഷത്തിനു് അതിൽ സ്ഥാനമുണ്ടായിരിക്കരുതു്. "എനിക്കു് അയാളോടു യാതൊരു വിരോധവുമില്ല; എന്റെ മനസ്സിൽ ഒന്നുമില്ല" എന്നു് ചിലർ പറയുമ്പോൾ അതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു അവർതന്നെ ആലോചിച്ചു നോക്കട്ടെ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാണ് നാമെല്ലാവരും എന്നുള്ള തത്വം നമ്മുടെ ഹൃദയങ്ങളിൽ ആഴമായി പതിയട്ടെ.

(ജെ. ചെമ്മണ്ണൂർ)



പുതുതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ഒരു ട്രാക്ടർ. നിലം ഉഴുകുന്നതിനും മരങ്ങൾ വലിക്കുന്നതിനും ട്രാക്ടർ യന്ത്രങ്ങൾ ഉപയോഗപ്പെട്ടുവരുന്നു.

## പശ്ചാത്താപമന്ത്രം

ഹാ! ഹതഃ പരിതപ്യേഹം
ചേതോദാഹം മമപ്രഭോ!
ദ്രോഹസംവൃത്തതസ്തുഭ്യം
താവദ്ദ്വേഷ്മ്യാഗസശ്ചമേ.
സ്വർഗ്ഗതശ്ചച്യുതിം മത്വാ
ദുർത്ത്യായാതനാമപി
മുഖ്യതഃ സർവ്വഭവ്യാനാം
മദ്ഭക്ത്യാഃ പരമാസ്പദം
സ്വാമിൻ ത്വാമഭിസംവൃത്താം
മാമകാം ധിക്കൃതിം സ്മരൻ
ബിഭീയേ പ്രജ്ഞിനാഖ്യാനം
പ്രായശ്ചിത്തം സുജീവിതം
കർത്തുമേതാനി നിശ്ചിനോ
കർത്തുസ്തേ ദയയാ ദൃഢം.

(എടമരം)

## നിങ്ങൾക്കറിയാമോ?

(2-ാംപേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 അതെ.

2 മതത്തിനും സന്മാർഗ്ഗത്തിനും എതിരായ ഗ്രന്ഥങ്ങൾ വായിക്കാൻ പാടില്ലെന്നു മാത്രമല്ല, അവ വില്ക്കുകയോ വാങ്ങുകയോ കൈവശം വച്ചുകൊണ്ടിരിക്കയോ ഒന്നും ചെയ്തുകൂടാത്തതാകുന്നു.

3 രൂപതാദ്ധ്യക്ഷന്റെ അനുമതി വാങ്ങണം.


## അശോകരസായനം

സ്ത്രീകളുടെ ഗുന്മൻ, രക്തഗുന്മൻ, വയറുവേദന, വന്ധ്യത്വം. ഓക്കാനം മുതലായ എല്ലാതരം ഗുന്മോപദ്രവങ്ങളെയും മാറുവാൻ വിശേഷം. റാ. 1 ക്കു് ¼ ക 8 ണ.

ദിവ്യൗഷധശാല, മണപ്പൂർ. C. S.


## രാജിവച്ചു

നോബൽ സമ്മാനം ലഭിച്ചിട്ടുള്ള സുപ്രസിദ്ധശാസ്ത്രജ്ഞൻ എസ്. ജെ. മുള്ളർ സോവ്യററ്യൂണിയനിലെ ശാസ്ത്രസമിതിയിൽനിന്നും രാജിവച്ചിരിക്കുന്നു. ആത്മാഭിമാനമുള്ള യാതൊരുത്തനും പ്രസ്തുത സംഘടനയിലെ അംഗമായിരിപ്പാൻ നിവൃത്തിയില്ലെന്നാണ് അദ്ദേഹം അതിന്റെ പ്രസിഡണ്ടിനയച്ച ഒരു കത്തിൽ പറയുന്നതു്.

## സ്വീഡനിൽ

കത്തോലിക്കർക്കെതിരായി സ്വീഡനിലുള്ള നിയമങ്ങളെല്ലാം ഉടൻതന്നെ നീക്കം ചെയ്യപ്പെടുന്നതാണ്. 8ാ0-ാമാണ്ടുവരെ അവിടത്തെപൗരന്മാർക്ക് കത്തോലിക്കാസഭയിലേക്കു മതപരിവർത്തനം ചെയ്യുന്നതിനു് അനുവാദമില്ലായിരുന്നു. അതിനുശേഷം സ്ഥിതിഗതികൾക്കു പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും സന്യാസസഭകളേയും മറ്റും സംബന്ധിച്ച ചില നിരോധനങ്ങൾ ഇപ്പോഴും നിലവിലുണ്ട്. അവയും നീക്കം ചെയ്യുന്നതിനുള്ള പ്രമേയം ആലോചനയിലിരിക്കുന്നു. 20 കൊല്ലങ്ങൾക്കു മുമ്പ് സ്വീഡനിൽ 12 വൈദികരേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ 35 വൈദികരും 35 കന്യാസ്ത്രീകളുമുണ്ട്. അവരിലധികംപേരും ജർമ്മൻകാരാണ്.

## നസ്രസിനുവേണ്ടി

പാലസ്റ്റയിനിൽ നസ്രസ്സുനഗരത്തിലെ കഷ്ടതയനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ബൽജിയം കത്തോലിക്കർ ധനം ശേഖരിച്ചുവരുന്നു.

വിമർശനവീഥി

# മാക്സിന്റെ പ്രവചനത്തെ സംഭവങ്ങൾ ഖണ്ഡിക്കുന്നു

"അഖിലലോകതൊഴിലാളികളേ, സംഘടിക്കുവിൻ" എന്നുള്ള കാൾമാക്സിന്റെ സമരാഹ്വാനം അഖിലലോക മുതലാളികൾക്ക് എതിരായിട്ടായിരുന്നു. മുതലാളികൾ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അപഹരണക്കാരാണെന്നു സങ്കല്പിച്ചുകൊണ്ട്, അഖിലലോക തൊഴിലാളികളുടെ ഏകീകൃതമായ സമരത്തിന്റെ ഫലമായി മുതലാളിലോകം മുഴുവനും നശിപ്പിക്കപ്പെടുമെന്നാണ് അദ്ദേഹം പ്രവചിച്ചത്. "അപഹരണക്കാരോട് അപഹരണം ചെയ്യപ്പെടും" എന്നായിരുന്നു മാക്സിന്റെ പ്രവചനം. ഈ ലക്ഷ്യപ്രാപ്തിക്കായി "ഒന്നാം ഇന്റർനാഷണൽ" എന്നറിയപ്പെടുന്ന സാർവ്വദേശീയ തൊഴിലാളി സംഘടന അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു. തൊഴിലാളി സംഘടനകൾ അക്കാലം മുതൽക്കു ശക്തിയിലും വ്യാപ്തിയിലും വർദ്ധിച്ചുകൊണ്ടാണ് പോന്നിട്ടുള്ളത്. എന്നാൽ അവയുടെ സാമാന്യമായ സ്വഭാവം അദ്ദേഹം പ്രവചിച്ചതുപോലെ സമരാത്മകമല്ല. പ്രത്യുത സഹകരണാത്മകമാണ്. ഇതിനൊന്നാംതരം തെളിവ് "ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ" (ഐ. എൽ. ഒ.) എന്ന സാർവ്വദേശീയ തൊഴിലാളി സംഘടനതന്നെ.

ഐ. എൽ. ഒ.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ലോകസമാധാന സംസ്ഥാപനത്തെ ലക്ഷ്യംവച്ചുകൊണ്ട് "ലീഗ് ഓഫ് നേഷൻസ്" എന്ന സർവ്വരാജ്യസഖ്യം ഏർപ്പെടുത്തപ്പെട്ടു. അതിന്റെ ഒരു പ്രത്യേക വകുപ്പായും തൊഴിലാളി മുതലാളി സൗഹാർദ്ദത്തെ പ്രത്യേകം ഉന്നംവച്ചുകൊണ്ടും സ്ഥാപിക്കപ്പെട്ട സാർവ്വദേശീയ തൊഴിലാളി സംഘടനയാണ് ഐ. എൽ. ഒ. ലീഗ് ഓഫ് നേഷൻസിന്റെ പ്രവർത്തനങ്ങൾ, അതിൽ അംഗത്വം സ്വീകരിച്ചിരുന്ന രാഷ്ട്രങ്ങളുടെ മാത്സര്യബുദ്ധിയാൽ, ഉദ്ദേശിച്ചിരുന്നതുപോലെ ഫലപ്രദമായിരുന്നില്ല. തന്നിമിത്തം അതിന്റെ നടപടികൾ കാലക്രമേണ മന്ദീഭവിച്ചു; ആ സ്ഥാപനംതന്നെ മിക്കവാറും മൃതിയടഞ്ഞതായി ഗണിക്കപ്പെട്ടു. അതിന്റെ സ്ഥാനത്ത് ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയിൽ പുതിയതായി ഐക്യരാഷ്ട്രസംഘടന (യു. എൻ. ഒ.) എന്ന ഒരു സ്ഥാപനം സ്ഥാപിക്കപ്പെടുകയും ലോകസമാധാന സംസ്ഥാപനാർത്ഥം പ്രവർത്തിച്ചുപോരുകയുമാണ് ചെയ്തിട്ടുള്ളത്. എന്നുവരികിലും ഐ. എൽ. ഒ. എന്ന തൊഴിലാളി മഹാസംഘടന സജീവമായിത്തന്നെ നിലകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഓരോ പ്രധാനകേന്ദ്രങ്ങളിലും അതു കൊല്ലംതോറും സമ്മേളിച്ചുപോന്നു. ഇക്കഴിഞ്ഞ യുദ്ധകാലത്തുപോലും അതിന്റെ സമ്മേളനങ്ങൾക്കു മുടക്കമുണ്ടായില്ല. ഏഷ്യൻ രാജ്യങ്ങളെ പ്രത്യേകം ഉദ്ദേശിച്ചുള്ള അതിന്റെ ഒരു വിശേഷാൽ സമ്മേളനം 1947 അവസാനത്തിൽ ന്യൂഡൽഹിയിൽവച്ചു നടത്തപ്പെട്ടു. അതിന്റെ പതിവുള്ള വാർഷികപൊതുസമ്മേളനം ഇക്കഴിഞ്ഞ ജൂൺമാസത്തിൽ അമേരിക്കയിലെ സാൻഫ്രാൻസിസ്കോ പട്ടണത്തിൽവച്ചും നടക്കുകയുണ്ടായി.

ഏഷ്യൻ ഫെഡറേഷൻ

ഇൻഡ്യാ, പാക്കിസ്ഥാൻ, ചൈന, ബർമ്മ, ഇന്റോനേഷ്യാ, ഫിലിപ്പൈൻസ്, പെർഷ്യാ എന്നീ രാജ്യങ്ങളിലെ തൊഴിലാളി പ്രതിനിധികളും സാൻഫ്രാൻസിസ്കോയിലെ ഐ. എൽ. ഒ. യുടെ സമ്മേളനത്തിൽ സംബന്ധിച്ചു. ഓരോ രാജ്യങ്ങളിലേയും തൊഴിലാളി പ്രതിനിധികളെ തിരഞ്ഞെടുത്തു സമ്മേളനത്തിലേക്കു നിയോഗിക്കുന്നത് അതാതു രാജ്യത്തിലെ ഗവമ്മെന്റുകളാണ്. ഇൻഡ്യയിൽ പല തൊഴിലാളി മഹാസംഘടനകൾ ഉണ്ടല്ലോ. അഖിലേന്ത്യാ ട്രേഡ്യൂണിയൻ കോൺഗ്രസ്സ്, ഇന്ത്യൻ തൊഴിലാളി ഫെഡറേഷൻ, അഖിലേന്ത്യാ റെയിൽവേ തൊഴിലാളി ഫെഡറേഷൻ, അഖിലേന്ത്യാ പോസ്റ്റൽ തൊഴിലാളി യൂണിയൻ, അഖിലേന്ത്യാ കിസാൻസഭ, അഖിലേന്ത്യാ കിസാൻകോൺഗ്രസ്സ്, ഇന്ത്യൻ നാഷനൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് മുതലായവയാണ് അവയിൽ പ്രധാനപ്പെട്ടവ. ഒന്നരക്കൊല്ലത്തിനു മുമ്പു മാത്രം സ്ഥാപിക്കപ്പെട്ടതാണെങ്കിലും ഏറ്റവുമധികം അംഗങ്ങളുള്ളതാണെന്ന ന്യായത്താൽ ഇൻഡ്യൻ നാഷണൽ ട്രേഡ്യൂണിയൻ കോൺഗ്രസ്സിൽനിന്നാണ് ഇൻഡ്യാ ഗവമ്മെന്റ് തൊഴിലാളി പ്രതിനിധികളെ തിരഞ്ഞെടുത്തത്. തദനുസരണം പ്രസ്തുത കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ പ്രസിഡന്റായ ശ്രീ ഹരിഹരനാഥ് ശാസ്ത്രി സാൻഫ്രാൻസിസ്കോ സമ്മേളനത്തിലേക്കുള്ള പ്രതിനിധി സംഘത്തിന്റെ നേതൃത്വം വഹിച്ചു. സമ്മേളനത്തിൽ എല്ലാ രാജ്യങ്ങളേയും സംബന്ധിക്കുന്ന പ്രമേയങ്ങൾക്കു പുറമെ, ഏഷ്യൻ രാജ്യങ്ങളെ പ്രത്യേകം സംബന്ധിക്കുന്ന ചില പ്രമേയങ്ങളും പാസാക്കപ്പെട്ടു. അതിലൊന്ന് "ഏഷ്യൻ തൊഴിലാളി ഫെഡറേഷൻ" എന്ന ഒരു മഹാസംഘടന ഏർപ്പെടുത്തണമെന്നായിരുന്നു. മുകളിൽ പേർപറഞ്ഞ രാജ്യങ്ങളിലെ തൊഴിലാളിപ്രതിനിധികൾ ഒന്നിച്ചാണ് ഈ പ്രസ്ഥാനത്തിൽ ഏർപ്പെട്ടത്. വടക്കും തെക്കും അമേരിക്കായിലെ വിവിധരാജ്യങ്ങളിലുള്ള തൊഴിലാളികളുടെ ഒരു മഹാസംഘടന ഇപ്പോൾ നിലവിലുണ്ട്. "ഇന്റർ അമേരിക്കൻ കോൺഫെഡറേഷൻ ഓഫ് വർക്കേഴ്സ്" എന്നാണ് അതിന്റെ പേർ. ഏഷ്യൻ ഫെഡറേഷനും, അമേരിക്കൻ കോൺഫെഡറേഷനും തമ്മിൽ ഒരു ബന്ധം ഏർപ്പെടുത്തുവാനുള്ള ആലോചനകളും സമ്മേളനത്തിൽ നടന്നു. ഈ സംയുക്തശ്രമത്തിന്റെ ലക്ഷ്യം "അഖിലലോക ട്രേഡ്യൂണിയൻ ഫെഡറേഷനു" പകരം ലോകമാസകലമുള്ള ട്രേഡ്യൂണിയനുകളുടെ പ്രാതിനിധ്യം ഏറ്റെടുക്കുവാനാണെന്നു ഹരിഹരനാഥ് ശാസ്ത്രി സമ്മേളനത്തിൽ പ്രസ്താവിച്ചു. നിലവിലുള്ള അഖിലലോക ട്രേഡ്യൂണിയൻ ഫെഡറേഷൻ കമ്മ്യൂണിസ്റ്റാദർശം സ്വീകരിക്കുന്നതാണെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ടാണ് അതിനുപകരം ഏഷ്യൻ ഫെഡറേഷനും അമേരിക്കൻ കോൺഫെഡറേഷനും യോജിച്ചുനിന്നു ലോകമാസകലമുള്ള തൊഴിലാളികളുടെ പ്രാതിനിധ്യം ഏറ്റെടുക്കുവാൻ തീരുമാനിച്ചത്. ഇതു സംബന്ധിച്ച് ഏഷ്യൻഫെഡറേഷന്റെ ഒരു യോഗത്തിൽ ശാസ്ത്രി ചെയ്ത പ്രസ്താവന ഇപ്രകാരമായിരുന്നു:

"ഞങ്ങൾ ഒന്നിച്ചുകൂടുന്നതിന്റെ ഉദ്ദേശം കമ്മ്യൂണിസത്തോടുള്ള എതിർപ്പല്ല. ഞങ്ങൾ ആഗ്രഹിക്കുന്ന തൊഴിലാളി പ്രസ്ഥാനം പുരോഗതിക്കും ശരിയായ നീതിക്കും സമത്വത്തിനുംവേണ്ടി സ്വീകരിക്കുന്ന മാറ്റങ്ങൾ പ്രജായത്തപരവും സമാധാനപരവുമായിരിക്കും; അല്ലാതെ കമ്മ്യൂണിസ്റ്റുകാർ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന മാറ്റമല്ല."

അമേരിക്കൻ തൊഴിലാളികളുടെ പ്രതിനിധിയായ മി. ഫ്റാൻക്ഫെൻഗൺ പ്രസ്താവിച്ചതിങ്ങനെയാണ്:

"സാർവ്വദേശീയ തൊഴിലാളി അണിയിൽ പകിട എറിഞ്ഞു കഴിഞ്ഞു. ഒരു സ്വതന്ത്രമായ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ ആദർശങ്ങൾക്കും കമ്മ്യൂണിസ്റ്റ് സിദ്ധാന്തസംഹിത സ്വീകരിക്കുന്ന ആളുകൾക്കും തമ്മിൽ ഇനിമേലിൽ ഒരു സമ്പർക്കവും ഉണ്ടാകുവാൻ സാദ്ധ്യമല്ല."

പുതുതായി രൂപീകരിക്കപ്പെട്ട ഏഷ്യൻ തൊഴിലാളിഫെഡറേഷന്റെ ഒരു പ്രാരംഭക്കമ്മിററി നിയമിക്കപ്പെട്ടതായി സാൻഫ്രാൻസിസ്കോയിലെ സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ജപ്പാനിലും ചൈനായിലും, ഇന്റോചൈനായിലും, സയാമിലും, മലയായിലും, സിംഗപ്പൂരിലും, സിലോണിലുമുള്ള ദേശീയ ട്രേഡ് യൂണിയൻ സംഘടനകളേയും തൊഴിലാളികളേയും പുതിയ ഫെഡറേഷന്റെ ഉദ്ദേശങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിനായി ഐ. എൽ. ഒ. യിലേക്കു നിയോഗിക്കപ്പെട്ട ഇന്ത്യൻ തൊഴിലാളി പ്രതിനിധികളിൽ ഒരാളായ മി. അബ്ദുൾ ആലിയെ പ്രസ്തുത കമ്മിററിയിൽ നിന്നു നിയമിക്കുകയുണ്ടായി. പ്രസ്തുതരാജ്യങ്ങളിൽ വിസ്തൃതമായ ഒരു പര്യടനം നടത്തുവാൻ മി. ആലി താമസിയാതെ പുറപ്പെടുന്നതാണെന്നും അറിയിക്കപ്പെട്ടു.

ട്രേഡ്യൂണിയനുകൾ ഭൂരിപക്ഷവും സഹകരണാത്മകം

ഇന്നു ലോകത്തിലുള്ള ട്രേഡ്യൂണിയനുകളിൽ റഷ്യയിലേയും അതിന്റെ പിടിയിലമർന്നിരിക്കുന്ന തെക്കുകിഴക്കേ യൂറോപ്യൻ രാജ്യങ്ങളിലേയും ഭൂരിഭാഗവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിടിയിലമരാത്തതും തന്മൂലം മുതലാളിമാരോട് സമരമനോഭാവം കൈക്കൊണ്ടിട്ടില്ലാത്തതുമാണ്. ബ്രിട്ടനിലെ ട്രേഡ്യൂണിയൻ കോൺഗ്രസ്സ് ഏറ്റവും ശക്തിമത്തായ ഒരു മഹാസംഘടനയാണല്ലോ. അവിടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ആ സംഘടനയുമായി വേഴ്ചയിലേർപ്പെടുവാൻ ആദ്യംമുതൽ ആഗ്രഹമുണ്ടായിരുന്നു. ട്രേഡ്യൂണിയൻ കോൺഗ്രസ്സ് ഇന്നുവരെ അതിനു വഴിപ്പെടാതിരിക്കുകയും വേഴ്ചയ്ക്കായുള്ള കമ്മ്യൂണിസ്റ്റുകാരുടെ അപേക്ഷയെ ഔദ്യോഗികമായി തിരസ്കരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള ലേബർപാർട്ടിയാണല്ലോ ഇന്നു ബ്രിട്ടനിൽ ഭരണം നടത്തുന്നത്. മുതലാളിമാരോട് സഹകരണപരമായ മനോഭാവമാണ് ട്രേഡ്യൂണിയൻ പുലർത്തിപ്പോരുന്നത്. പണിമുടക്കുകൾ ചിലപ്പോഴെല്ലാം അവർ നടത്തുന്നുണ്ടെങ്കിൽ അതിന്റെ ലക്ഷ്യം മുതലാളിമാരെ നശിപ്പിക്കണമെന്നല്ല, പ്രത്യുത തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ പരിരക്ഷിക്കണമെന്നുമാത്രമാണ്. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലും ട്രേഡ്യൂണിയനുകൾ എണ്ണത്തിലും ശക്തിയിലും വളരെ വർദ്ധിച്ചിട്ടുണ്ട്. അവിടത്തെ ഏറ്റവും വലിയ തൊഴിലാളിസംഘടന എ. എഫ്. എൽ. ആണ്. അതിൽ കമ്മ്യൂണിസ്റ്റുകാർക്ക് യാതൊരു പിടിയും ഇല്ലെന്നുതന്നെ പറയാം. അവിടെയുള്ള പിന്നത്തെ മഹാസംഘടന സി. ഐ. ഒ. ആണ്. അതിൽ ഒരു ചെറിയ ഭാഗം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പിടിയിൽ പെട്ടിട്ടുണ്ടെങ്കിലും ആ പിടി വിടുവിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അമേരിക്കയിലെ ഈ തൊഴിലാളി സംഘടനകളും മുതലാളികളെ നശിപ്പിക്കണമെന്നുള്ള സമരമനോഭാവത്തോടുകൂടി വർത്തിക്കുന്നവയല്ല. അവിടെയും പണിമുടക്കുകൾ ചിലപ്പോഴെല്ലാം നടക്കുന്നുണ്ടെങ്കിൽ അതിന്റെ ലക്ഷ്യം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കണമെന്നുമാത്രമാണ്. തൊഴിലാളി സംഘടനകൾക്കു വളരെ ശക്തിയുള്ളതും തന്മൂലം തൊഴിലാളി പാർട്ടി അധികാരത്തിൽ വന്നിട്ടുള്ളതുമായ വേറൊരു രാജ്യം ആസ്ത്രേലിയായാണ്. അവിടെയും കമ്മ്യൂണിസ്റ്റ്പാർട്ടി തൊഴിലാളികളുടെ ഇടയിൽ നുഴഞ്ഞു കയറുകയും സ്വാധീനം ചെലുത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ട്രേഡ്യൂണിയനുകൾ സാമാന്യമായി സഹകരണമനോഭാവത്തോടുകൂടി വർത്തിക്കുന്നവയാണ്. ഫ്റാൻസിൽ ഗണ്യമായ സ്ഥാനം കൈക്കലാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റ്പാർട്ടി തൊഴിലാളികളിൽ സമരമനോഭാവം കുത്തിവയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി ട്രേഡ്യൂണിയനുകളെക്കൊണ്ടു വിപുലമായ തോതിൽ പണിമുടക്കിക്കുവാനും അങ്ങനെ രാജ്യത്തിൽ വിപ്ലവമുണ്ടാക്കുവാനും തുടങ്ങിയപ്പോൾ ഒരു വലിയ വിഭാഗം തൊഴിലാളി സംഘടനകൾ കമ്മ്യൂണിസ്റ്റ്ബന്ധം നിശ്ശേഷം പരിത്യജിച്ച് സ്വാതന്ത്ര്യനില സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇറ്റലിയിലേയും അനുഭവം ഇതുതന്നെ. സമരമനോഭാവത്തോടുകൂടിയ കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽനിന്നും വിട്ടുമാറി അവിടത്തെ ട്രേഡ്യൂണിയനുകൾ അധികവും സഹകരണാത്മകമായി വർത്തിച്ചുപോരുന്നു.

കാൾമാക്സിന്റെ പ്രവചനത്തിനുശേഷം കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ ഈ അനുഭവം അദ്ദേഹത്തിന്റെ പ്രവചനം തെറ്റിയെന്നു തെളിയിക്കുന്നില്ലയോ? അഖിലലോകതൊഴിലാളികൾ എന്നും എവിടെയും സമരമനോഭാവത്തോടുകൂടി സംഘടിക്കുമെന്നും മുതലാളികളെ നശിപ്പിക്കുവാൻ സമരം ചെയ്യുമെന്നുമുള്ള അദ്ദേഹത്തിന്റെ പ്രവചനത്തിനെതിരായിട്ടാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ തൊഴിലാളിസംഘടനകളുടെ മനോഭാവവും പ്രവർത്തനങ്ങളും ഉണ്ടായിട്ടുള്ളതെന്ന് സ്പഷ്ടമല്ലയോ?

## What Are Bad Books?

Many people often hear the advice: Don't read bad books. They also know that Catholics are forbidden to read bad books. But there are many who neither know what bad books are, nor why they should not be read. There are three kinds of bad books, and in the very definition of each kind, it will be seen why they should not be read.

1. *Intellectually Bad Books.* Any book is intellectually bad for an individual if it is liable to convince him of erroneous teachings because he is not well enough educated to detect either false starting principles or bad argumentation. For example, a book written by a learned hater of the Catholic Church against the Church, which makes use of learned-sounding historical and philosophical arguments against the Church, would be a bad book for a Catholic who has not studied enough history and philosophy to be able to detect the errors of principle, fact or argumentation. So too, with books against Christ or Christianity, against the sacredness of marriage, etc. To one who has made a study of these topics, such books might do no harm; to one who has but surface knowledge they could be the means of warping his judgment and poisoning his mind.

2. *Morally Bad Books.* A book is morally bad if it strongly induces an individual who reads it to evil thoughts, desires or actions. Books that vividly and lengthily narrate and describe sex actions are bad for anybody because they readily induce such evil thoughts, desires or actions in anybody. The principle must be remembered, in all doubtful cases, that if a book strongly inclines a person to evil, it is a bad book for him.

3. *Emotionally Bad Books.* A book is emotionally bad for individuals if it awakens daydreams and arouses emotions that make him unfit for the duties and responsibilities of daily life. Thus a reading diet of cheap love-stories and exotic romances will almost surely make a person think that the only important thing in life is emotion and feeling. The result will be a desire to escape duty; a lessening of regard for virtue.

*The Australian Catholic Digest*

A teacher receives his mission from humanity not from the government. Whatever authority he exercises over the children to teach, control and discipline them comes from God, through the parents, and not from the State, except in so far as the State acts on behalf of the parents. To make the teacher the representative of the State, as in Nazi Germany, is to make him the guardian of a party, its fleeting policies, its ideologies, its theories, and thus an enemy of culture, of tradition, and of humanity.

*Fulton J. Sheen*

Sending a child to school no more acquits the parents of responsibility than sending a child to a swimming pool acquits the parents of responsibility for that child's cleanliness.

*Fulton J. Sheen*

# Sathya Deepam

Vol. 22 Ernakulam January 19, 1949 No. 22

## ഇതാണു സാക്ഷാൽ പരസ്നേഹം

(1-ാം പേജ് തുടർച്ച)

മിത്രങ്ങളെ കൊല്ലുന്നതിനു ഒരു സംഘം ശത്രുക്കൾ ഒരു വഴിക്കു ഒളിച്ചിരിക്കുന്നു എന്നു വിചാരിക്കുക. അവരിരുവരുംകൂടി ആ വഴിക്കു പോകുമ്പോൾ അപകടത്തെക്കുറിച്ചു മുൻകൂട്ടി അറിഞ്ഞ അവരിൽ ഒരുവൻ ആ വിവരം സ്നേഹിതനെ അറിയിക്കാതെ ആ വഴിക്കുതന്നെ മുൻപോട്ടുപോകാൻ അയാളെ അനുവദിച്ചുകൊണ്ടു് തനിച്ചു വഴിമാറിപ്പോകുന്നെങ്കിൽ അയാളെപ്പററി നാം എന്തുപറയും? സ്വർഗ്ഗത്തോടും നരകത്തോടും താരതമ്യപ്പെടുത്തിനോക്കിയാൽ മേല്പറഞ്ഞവ എത്ര നിസ്സാരങ്ങളാണു്! എങ്കിലും അങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്നേഹിതനെ വിവരം ധരിപ്പിച്ചു സഹായിക്കുകയോ, രക്ഷിക്കുകയോ ചെയ്യാതിരിക്കുന്ന ഒരാൾക്കു മനുഷ്യത്വത്തിൻെറ കണികപോലുമില്ലെന്നു നാം പറയുകയില്ലയോ? ആ സ്ഥിതിക്കു നമ്മുടെ ചുററും വസിക്കുന്ന അന്യമതസ്ഥരായ നമ്മുടെ സഹോദരന്മാരുടെ രക്ഷയെപ്പററി ഒരു വിചാരവുമില്ലാത്ത നാം എത്ര ഭയങ്കരാക്ഷസന്മാരാണു്! അവർ മരണാനന്തരം, പരലോകത്തിലെത്തി സംഗതികളുടെ യാഥാർത്ഥ്യമെല്ലാം ഗ്രഹിക്കുമ്പോൾ അവയെപ്പററി ഇഹത്തിൽവച്ചുതന്നെ നല്ലവണ്ണം അറിയാമായിരുന്ന നാം അവരെ കാര്യം ഗ്രഹിപ്പിക്കാഞ്ഞതിനെക്കുറിച്ചു അവർ നമ്മെ കഠിനമായി പഴിക്കുകയില്ലയോ? മാത്രമോ അവരോടു ഇക്കാര്യങ്ങളെപ്പററി പറയണമെന്നു നമ്മോടു ആജ്ഞാപിച്ചിട്ടുള്ള നമ്മുടെ കർത്താവിനോടുതന്നെ നാം എന്തു സമാധാനം പറയും? നാം വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണിതു്.

### നമുക്കുതന്നെയും നല്ലതാണു്

നമ്മുടെ നിത്യരക്ഷയെക്കുറിച്ചുതന്നെ നമുക്കു വേണ്ടത്ര ശ്രദ്ധയില്ലാത്തതുകൊണ്ടും ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചു വേണ്ടവണ്ണം ചിന്തിക്കാത്തതുകൊണ്ടുമാണു മററുള്ളവരുടെ രക്ഷയെക്കുറിച്ചുള്ള ഒരു വിചാരം പോലും നമുക്കുണ്ടാകാതിരിക്കുന്നതു് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ അയൽക്കാരനെക്കുറിച്ചു നമ്മോടു കണക്കു ചോദിക്കുമെന്നുള്ളതിനെ ഭയന്നിട്ടെങ്കിലും അയാളുടെ രക്ഷയ്ക്കുവേണ്ടി നാം എന്തെങ്കിലും ചെയ്തുതുടങ്ങുന്നപക്ഷം അതുതന്നെ പാരത്രികങ്ങളെക്കുറിച്ചു കൂടുതൽ ചിന്തിക്കുന്നതിനു നമുക്കു അവസരം നൽകുകയും നമ്മുടെ ജീവിതത്തെത്തന്നെ വിശുദ്ധീകരിക്കുന്നതിനു പ്രേരകമാകുകയും ചെയ്യാതിരിക്കയില്ല. നനഞ്ഞ വിറകു കത്താൻ ആദ്യം കുറെ വിഷമിക്കുമെങ്കിലും ഒരു ഭാഗം അല്പം കത്തിത്തുടങ്ങിയാൽ അവിടത്തെ ചൂടുകൊണ്ടു അടുത്തുള്ള ഭാഗങ്ങളും ഉണങ്ങി ക്രമേണ മുഴുവനും നല്ലതുപോലെ കത്തുന്നതു നാം കാണാറുണ്ടല്ലോ. അതുപോലെ നാം മതകാര്യങ്ങളെക്കുറിച്ചു ആരംഭത്തിൽ കുറെ ബുദ്ധിമുട്ടിയെങ്കിലും നമ്മുടെ കർത്തവ്യമെന്നരീതിയിൽ അന്യരോടു സംസാരിച്ചുതുടങ്ങുകയാണെങ്കിൽ കാലക്രമത്തിൽ അതു വളരെ എളുപ്പമാകുമെന്നു മാത്രമല്ല, അക്രൈസ്തവരോടു ഉപദേശിക്കുന്ന നാം നമ്മുടെ ഉപദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം അവർക്കുണ്ടാകാവുന്ന ഇടർച്ചയെ ഭയന്നിട്ടെങ്കിലും നന്നായി ജീവിക്കുന്നതിനു പ്രേരിതരാകുകയും ചെയ്യും.

### ക്രിസ്ത്യാനികളുടെ ദുർമ്മാതൃക

നമ്മിൽ കുറെപ്പേർ എത്രയെല്ലാം പണിപ്പെട്ടു മതോപദേശം ചെയ്താലും മററു ക്രിസ്ത്യാനികളുടെ ദുർമ്മാതൃക മാനസാന്തരത്തിനു ഒരു വലിയ വിലങ്ങുതടിയായി നില്ക്കും എന്നു വല്ലവരും പറഞ്ഞേക്കാം. അതു വളരെ വാസ്തവമാണു്. എങ്കിലും സകല ക്രിസ്ത്യാനികളും പുണ്യവാന്മാരായതിനു ശേഷം മതപ്രചാരണത്തിനാരംഭിച്ചാൽ മതിയെന്നു വിചാരിക്കുന്നതു അബദ്ധമായിരിക്കും. അങ്ങനെയൊരു കാലം ഇതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുകയുമില്ല. നമ്മുടെ കർത്താവിൻെറ പന്ത്രണ്ടു ശിഷ്യന്മാരുടെ കൂട്ടത്തിൽ ഒരു യൂദാസുണ്ടായിരുന്നില്ലേ? വിശുദ്ധന്മാർ എന്നു സാധാരണ സംബോധന ചെയ്യപ്പെട്ടിരുന്ന പൂർവ്വക്രിസ്ത്യാനികളുടെ ഇടയിലും ഏതാനും കൊടുംപാപികൾ ഉണ്ടായിരുന്നു എന്നുള്ളതിനു വി. പൗലോസിൻെറ ലേഖനങ്ങൾതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. അദ്ദേഹം അവരുടെ ഇടയിലുണ്ടായിരുന്ന മദ്യപാനാസക്തി, അസാന്മാർഗ്ഗികത്വം, കലഹപ്രിയം മുതലായവയെക്കുറിച്ചു എത്രകഠിനമായിട്ടാണു് അവരെ ശാസിക്കുന്നതു്! മനുഷ്യപ്രകൃതി സ്വതന്ത്രമായിരിക്കുന്നിടത്തോളം കാലം നിയമലംഘകന്മാരും ഇടർച്ചകൊടുക്കുന്നവരും ഉണ്ടാകാതിരിക്കയില്ലെന്നു നമ്മുടെ കർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. കടലിൽ വീശുന്ന വലയിൽ നല്ല മത്സ്യങ്ങളോടുകൂടി ചീത്ത മത്സ്യങ്ങളും അകപ്പെടുന്നതുപോലെയും, വയലിൽ ഗോതമ്പിൻെറകൂടെ കളകളും ഉണ്ടാകുന്നതുപോലെയും തൻെറ സഭയിലും ശിഷ്ടന്മാരുടെകൂടെ ദുഷ്ടന്മാരും അവസാനവിധിദിവസംവരെ ഉണ്ടായിരിക്കുമെന്നല്ലയോ അവിടുന്നു പ്രബോധിപ്പിക്കുന്നതു്. അതിനാൽ അനാശാസ്യമായി ജീവിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ ഉണ്ടെന്നു വിചാരിച്ചു അന്യമതസ്ഥരോടു സത്യമതത്തെപ്പററി പറയാതിരിക്കണമെന്നില്ല. ഉപദേശിക്കുന്ന നാം തന്നെ ഇടർച്ചകൊടുക്കാതിരിക്കാൻ സൂക്ഷിച്ചാൽ മതി.

### ഫലമില്ലാത്ത ജോലി

"നാം പറഞ്ഞാൽ ആരു വകവയ്ക്കുന്നു? അവർക്കു അവരുടെ തത്വശാസ്ത്രവും മററുമില്ലയോ? പിന്നെയുമൊരെങ്കിൽ നല്ല നല്ല സ്ഥിതിയിൽ ഇരിക്കുന്ന ആളുകൾ സാമുദായികമായി എത്രയെത്ര വൻകെട്ടുകൾ പൊട്ടിച്ചുവേണം നമ്മുടെകൂടെ ചേരുവാൻ? അത്ര വലിയ ത്യാഗത്തിനു അവർ സന്നദ്ധരാകുമോ?" എന്നെല്ലാം വിചാരിച്ചു നാം ഭഗ്നോത്സാഹരായേക്കാം. എന്നാൽ നാം ഒന്നോർക്കണം: നമ്മുടെ കർത്താവു മതപ്രസംഗത്തിനായി ലോകമെങ്ങുമയച്ച അപ്പോസ്തലന്മാർക്കു ഈവക വൈഷമ്യങ്ങളൊന്നുമില്ലായിരുന്നോ? നമ്മെപ്പോലെ അവർ ന്യായവാദം ചെയ്തിരുന്നെങ്കിൽ ക്രിസ്തുമതം ഇന്നെവിടെക്കാണുമായിരുന്നു? ഇന്നത്തെക്കാൾ എത്രമാത്രം ഇരുളടഞ്ഞതും പ്രതിബന്ധങ്ങൾ നിറഞ്ഞതുമായ ഒരു ലോകത്തിലേക്കാണു് അവർ ഇറങ്ങിപ്പുറപ്പെട്ടതു്! അവർക്കു ശക്തിനൽകിയ ആ പരിശുദ്ധാത്മാവുതന്നെ നമുക്കും ശക്തി നൽകുകയില്ലന്നോ? ഒന്നുകൊണ്ടും ഭയപ്പെടാതെ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു നമുക്കു മുൻപോട്ടിറങ്ങാം. ഫലമുണ്ടാകാതിരിക്കയില്ല. കുറഞ്ഞപക്ഷം നമ്മുടെ കർത്തവ്യം നാം നിറവേററി എന്നുള്ള ചാരിതാർത്ഥ്യമെങ്കിലും ഉണ്ടാകുമല്ലോ. സത്യമറിഞ്ഞില്ലെന്നു ഒഴികഴിവു പറയുന്നതിനോ അറിയിച്ചില്ലെന്നു നമ്മെ പഴിക്കുന്നതിനോ അന്യമതസ്ഥർക്കു അവസരം കൊടുക്കാതെയും നമുക്കു കഴിച്ചുകൂട്ടാം.

### അത്ഭുതങ്ങൾ

അപ്പോസ്തലന്മാർക്കു അത്ഭുതങ്ങൾചെയ്യുന്നതിനുള്ള വരമുണ്ടായിരുന്നതുകൊണ്ടാണു് അവരുടെ വേല ഫലപ്രദമായതെന്നു ആരെങ്കിലും പറയുന്നെങ്കിൽ അത്ഭുതങ്ങൾ ഇന്നും നടക്കുന്നുണ്ടെന്നാണു് അതിനുള്ള സമാധാനം. വി. ജോൺബോസ്കോയും ഈ ഇരുപതാം നൂററാണ്ടിൽ ജീവിച്ചിരുന്ന പത്താംപീയൂസു മാർപ്പാപ്പായും അവരുടെ ജീവിതകാലത്തിൽതന്നെ പല അത്ഭുതങ്ങളും ചെയ്തിട്ടുണ്ടു്. ദൈവമാതാവു ലൂർദ്ദിലും ഫാത്തിമായിലും ഇന്നും ചെയ്തുകൊണ്ടിരിക്കുന്ന അത്ഭുതങ്ങൾ ലോകപ്രസിദ്ധങ്ങളല്ലയോ? പരിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥത്താലും പല അസാധാരണ സംഭവങ്ങളും നടക്കുന്നതായി നമുക്കറിയാം. നമ്മുടെ നാട്ടുകാരിയും രണ്ടോരണ്ടുകൊല്ലം മുൻപു മരിച്ചവളുമായ അൽഫോൻസാമ്മയുടെ സഹായത്താൽ എത്രഅസാദ്ധ്യരോഗശമനങ്ങളാണു നടക്കുന്നതു്! ഈയിടെ അവർ വഴിയായി കിഴക്കേ പാക്കിസ്ഥാനിൽ നടന്ന ഒരത്ഭുതരോഗശാന്തിയെക്കുറിച്ചു നാം പത്രങ്ങളിൽ വായിക്കയുണ്ടായല്ലോ. പണ്ടു വാർത്താവിതരണസൗകര്യമില്ലായിരുന്നതിനാൽ ഓരോ സ്ഥലത്തും പ്രത്യേകം പ്രത്യേകം അത്ഭുതങ്ങൾ ചെയ്തെങ്കിൽമാത്രമേ എല്ലാവർക്കും അവയെപ്പററി അറിയാൻ സാധിക്കുമായിരുന്നുള്ളു. ഇന്നാകട്ടെ എവിടെയെങ്കിലും ഒരു സംഭവമുണ്ടായാൽ ഏതാനും മണിക്കൂറുകൾകൊണ്ടു് അതു ലോകം മുഴുവനും അറിയിക്കാൻ സാധിക്കും. അതിനാൽ അത്ഭുതങ്ങളുടെ എണ്ണം പണ്ടത്തെപ്പോലെ വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്നു സിദ്ധിക്കുന്നു. എന്നാൽ അത്ഭുതംകൊണ്ടുമാത്രം പ്രയോജനമൊന്നുമില്ലെന്നു നമ്മുടെ കർത്താവുതന്നെ ചെയ്ത ഒന്നാന്തരം അത്ഭുതങ്ങൾ കണ്ടയാളുകളിൽ പലരും അങ്ങയിൽ വിശ്വസിച്ചില്ലെന്നുള്ളതിൽനിന്നു നമുക്കു മനസ്സിലാക്കാം. പ്രസാദവരമാണു കൂടുതൽ ആവശ്യം. അതു പ്രാർത്ഥനയും പരിത്യാഗവും കൊണ്ടു നമുക്കു സമ്പാദിക്കുവാൻ സാധിക്കയും ചെയ്യും. ആകയാൽ നമുക്കോരോരുത്തർക്കും കുരിശടയാളംവരച്ചു രോഗശമനം വരുത്താനോ മരിച്ചവരെ ഉയിർപ്പിക്കാനോ ഉള്ള ശക്തി നൽകപ്പെട്ടിട്ടില്ലെന്നുള്ള കാരണത്താൽ നിരാശപ്പെടേണ്ട കാര്യമൊന്നുമില്ല.

### ചില പ്രായോഗിക മാർഗ്ഗങ്ങൾ

അവസാനമായി നമ്മുടെ കർത്തവ്യനിർവ്വഹണത്തിനുള്ള ഏതാനും പ്രായോഗികമാർഗ്ഗങ്ങളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളാം. വിത്തു മുളപ്പിക്കുന്നതും ചെടിയെ വളർത്തി ഫലംചെയ്യിക്കുന്നതും ദൈവമാണെങ്കിലും മനുഷ്യൻ നിലമൊരുക്കി വിത്തു വിതയ്ക്കുകയും നനയ്ക്കുകയും വളമിടുകയും ചെയ്യണമല്ലോ. നാം നമ്മുടെ അക്രൈസ്തവസഹോദരന്മാരുടെ ഹൃദയങ്ങളെ ഒരുക്കി അവയിൽ സുവിശേഷവിത്തുകൾ പാകി പ്രാർത്ഥനാജലത്താൽ നനയ്ക്കുകയും പരിത്യാഗത്താൽ വളമിടുകയും ചെയ്യുന്നപക്ഷം ബാക്കികാര്യങ്ങൾ ദൈവം നോക്കിക്കൊള്ളും. ആദ്യമായിത്തന്നെ നമ്മുടെ നിസ്വാർത്ഥമായ സേവനത്താൽ അവരുടെ ഹൃദയത്തെ നമ്മിലേക്കാകർഷിക്കണം. മതകാര്യങ്ങളെക്കുറിച്ചു എന്തെങ്കിലും സൂചിപ്പിക്കുന്നതിനു മുൻപുതന്നെ യാതൊരു സ്വാർത്ഥലാഭംകൂടാതെ നാം അവരെ ആത്മാർത്ഥമായി സ്നേഹിക്കുന്നെന്നും അവർക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുന്നതിനു സന്നദ്ധരാണെന്നും നമ്മുടെ വാക്കുകളാലെന്നതിനെക്കാൾ പ്രവൃത്തികളാൽ കാണിച്ചുകൊടുക്കണം. അങ്ങനെ അവരുടെ സ്നേഹം ആർജ്ജിച്ചതിനുശേഷം അവരുടെ ഉപരിനന്മയ്ക്കായി ഇന്നതിന്നതെല്ലാം അവർ ചെയ്യണമെന്നു പറഞ്ഞാൽ അതു കേൾക്കുന്നതിനു സാമാന്യേന സന്നദ്ധതയുണ്ടായിരിക്കും. ഈ മാർഗ്ഗം നമ്മെ ആശ്രയിച്ചു കഴിയുന്നവരുടെ കാര്യത്തിൽ വളരെ ഫലപ്രദമായിരിക്കും. നമ്മുടെ ഉററ സ്നേഹിതന്മാരോടും സംഗതികൾ നേരിട്ടുപറയുന്നതിനു മടിക്കരുതു്. നമ്മുടെ ആത്മാർത്ഥതയെക്കുറിച്ചും നിസ്വാർത്ഥതയെക്കുറിച്ചും മുൻകൂട്ടി അവരെ ബോദ്ധ്യപ്പെടുത്തിയിരിക്കണമെന്നേയുള്ളു. നമുക്കു അത്രതന്നെ സ്വാതന്ത്ര്യമില്ലാത്തവരാണെങ്കിൽ വല്ല നല്ല പുസ്തകങ്ങളോ ലഘുലേഖകളോ വായിക്കാൻ കൊടുക്കാം. അവിടെ ആളും തരവും നോക്കി വിവേകത്തോടുകൂടി വർത്തിക്കേണ്ടതാണെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. എല്ലാവർക്കും പ്രവേശനമുള്ള നമ്മുടെ പൊതുവായനശാലകളിൽ ഉപകാരപ്രദങ്ങളായ പത്രങ്ങളും മാസികകളും ലഘുലേഖകളും മേശപ്പുറത്തു ഇട്ടിരുന്നാൽ കൊള്ളാം. ചിലരെങ്കിലും അവയെടുത്തു വായിച്ചെന്നുവരും. ഒരു മിഷനറി ഇക്കാര്യത്തിൽ അദ്ദേഹം ചെയ്തിരുന്ന ചില വിദ്യകളെക്കുറിച്ചു ഒരിക്കൽ പറയുകയുണ്ടായി: "ഞാൻ വല്ല യാത്രയ്ക്കും പോകുമ്പോൾ കുറെ നല്ല പത്രങ്ങളും ചില ലഘുലേഖകളുംകൂടി കൊണ്ടുപോകാറുണ്ടു്. തീവണ്ടിയിലും ബോട്ടിലും മററും ഇരുന്നു അവ അല്പനേരം വായിച്ചു താഴെവയ്ക്കുമ്പോൾ അടുത്തിരിക്കുന്ന ആരെങ്കിലും അതു ഒന്നു കാണാൻ ചോദിച്ചെന്നുവരും. ഞാൻ സന്തോഷപൂർവ്വം അതു കൊടുക്കുമെന്നു മാത്രമല്ല അതു വായിക്കുന്നതിൽ അവർ രസം പ്രദർശിപ്പിക്കുന്നപക്ഷം, എൻെറ കൈയിൽ വേറെ പ്രതികൾ ഉള്ളതുകൊണ്ടു വേണമെങ്കിൽ അതെടുത്തുകൊള്ളുന്നതിനു വിരോധമില്ലെന്നു ഉപചാരപൂർവ്വം പറയുകയും ചെയ്യും. ചിലപ്പോൾ വണ്ടിയിൽനിന്നു ഇറങ്ങാനുള്ള ധൃതിയിൽ ചില ലഘുലേഖകളും മററും അവിടെയിട്ടു "മറന്നു" പോകും. മററു ചിലപ്പോൾ വല്ല സാധനങ്ങളും വല്ലവർക്കും പൊതിഞ്ഞുകൊടുത്തയക്കേണ്ടിവരുമ്പോൾ വായിച്ചാൽ അവർക്കു ഉപകാരമുണ്ടാകാവുന്ന വല്ല കടലാസും അതിനായി ഉപയോഗിക്കും. ഈ അവസരങ്ങളിലെല്ലാം പ്രസ്തുത പ്രസിദ്ധീകരണങ്ങളോടൊന്നിച്ചു ദൈവാനുഗ്രഹംകൂടി പോകുന്നതിനായി ഒരു ചെറു പ്രാർത്ഥനയോ പരിത്യാഗമോ കാഴ്ചവയ്ക്കാറുമുണ്ടു്. എൻെറ കൈയിൽനിന്നു ഇങ്ങനെ പോയിട്ടുള്ള കടലാസുകൾ വായിച്ചു സത്യം അന്വേഷിക്കുകയും അവസാനം തിരുസ്സഭയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ള ചിലരെ എനിക്കറിയാം."

മേല്പറഞ്ഞവണ്ണം പ്രവർത്തനം നടത്തുന്നതിനു തൃശിനാപ്പള്ളിയിലും മററും ഉള്ളതുപോലെ നല്ല മൂലധനത്തോടുകൂടിയ ഒരു കത്തോലിക്കാട്രൂത്തു സൊസൈററി കേരളത്തിൽ വല്ല സ്ഥലത്തും സ്ഥാപിച്ചു മാസന്തോറുമോ ആഴ്ചതോറുമോ എന്തെങ്കിലും സത്യമാർഗ്ഗദർശകമായി പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും. ഒരൊററ അക്രൈസ്തവവ്യക്തിയോടെങ്കിലും മതകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനു് ഈ ലേഖനം ആരെയെങ്കിലും പ്രേരിപ്പിക്കുന്നെങ്കിൽ ഈ എഴുത്തുകാരൻ കൃതാർത്ഥനായി.

—

## നവവത്സര മംഗളം

"ബിന്ദുമാത്രം"

ഹംബിയെ, മുഷ്ക്കിൽ കിതനാ - ഏ. ഒ. (ഷാജിഹാൻ)

പല്ലവി

വെൽവുക! നീ നവവത്സര—
മാനന്ദനിർഭരമേ!
ആശാദീപവിലാസ—ലസിതേ!
(വെൽവു

അ. പല്ലവി

വിനയേതുമിനി—ഏശാതെ—
നരജാതിമരുവാനായ് (ആശാ

ചരണങ്ങൾ

1 വർഗ്ഗഭേദം, കലഹം, വിനാശ—
ദുർമ്മോഹ ശല്യമഖിലം പോയിനിതാന്തം
ക്ഷേമമായ്—മോദമായ്—ഭുവാകെ
ശാന്തിയിൽ നീന്തുവാനായ് (ആശാ
2 പോയകാലം നിനച്ചു നിനച്ചു
മാഴ്കാതെ, പതറാതെ, തപിക്കാതെ
ആശാനിവേശിതരായ് കർമ്മ—
ധീരരായ്—പോകുവാനായ് (ആശാ
3 അമ്പുങ്ങളേ! ചെറുബിന്ദു മാത്രം!
കാലമാം മഹാംബുധിയിൽ മറയുന്നു!!
മായാവി—മോഹിത—രാവാതെ—
നാമിനി—പോകുവാനായ് (ആശാ

ഫാ. കെ. കപ്പാസ്ക്കൽ

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam